*Minister for Food and Agriculture* (**Shri E. P. Poulose**): Sir, I lay on the table a copy of the Audit Report on the Accounts of the Kerala State Warehousing Corporation for the year 1961-62 as required under Section 31 (11) of the Warehousing Corporation Act, 1962.

**Mr. Speaker**: Now we pass on to Financial Business.

## FINANCIAL BUSINESS.

### Demand No. XXII Agriculture.

### Demand No. XLIV Capital Outlay on Agricultural Improvement.

*Minister for Food and Agriculture* (**Shri E. P. Poulose**) : Sir, I move that Government be granted a sum of Rs. 2,51,45,200 under Demand XXII Agriculture.

*Minister for Law and Revenue* (**Shri T. A. Thomman**) Sir, I second it.

*Minister for Food and Agriculture* (**Shri E. P. Poulose**) Sir I move that Government be granted a sum of Rs. 2,03,100 under Demand XLIV Capital Outlay on Agricultural Improvement.

*Minister for Law and Revenue* (**Shri T. A. Thomman**): Sir, I second it.

**Shri K. Balakrishna Menon** : Sir, I move:

"To reduce the allotment of Rs. 7,70,000 for direction by Re. 1.

**Shri N. E. Balaram**: Sir, I move :

"To reduce the allotment of Rs. 2,51,45,200 under Demand XXII by Rs. 100"

**Shri A. K. Ramankutty** : Sir, I move :

"To reduce the total allotment of Rs. 2,51,45,200 under Demand XXII by Rs. 100"

**Shri Joseph Chazhikatt** : Sir, I move :

"To reduce the total allotment of Rs. 2,51,45,200 under Demand XXII by Re. 1 (To discuss on agriculture generally)."

**Shri K. Hassan Gani**: Sir, I move:

"To reduce the total allotment of Rs. 2,51,45,200 under Demand XXII by Rs. 100."

**Shri K. Moideenkutty Haji** : Sir, I move:

"To reduce the total allotment of Rs. 2,03,100 under Demand XLIV by Rs. 100.

**Mr. Speaker** : Shri A. K. Ramankutty may initiate the discussion.

ശ്രീ. എ. കെ. രാമൻകുട്ടി : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണു്. ഞാൻ ഇതിനെ എതിർക്കുന്നതു് പ്രധാനമായി രണ്ടു കാരണങ്ങൾ കൊണ്ടാണു്. ഒന്നാമത്തേതു് ഈ ഗവണ്മെൻറിൻെറ കൃഷികാര്യങ്ങളിലുള്ള പെരുമാററം. രണ്ടാമത്തേതു് പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ ഗവണ്മെൻറും ഈ ഡിപ്പാർട്ടുമെൻറും പരാജയപ്പെട്ടിരിക്കുന്നതിനാൽ. സർ, ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. കെ. രാമൻകുട്ടി]

ഗവണ്മെൻറിന്റെ കാർഷികരംഗത്തുള്ള പരിഷ്ക്കാരവും നയവും അങ്ങേയററം ക്രൂരവും കർഷക ദ്രോഹപരവുമാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. ഞാൻ അതിനൊരുദാഹരണം പറയാം. പാലക്കാട്ട് ഡിസ്ട്രിക്ററിൽ വാളയാർ പ്രോജക്ററിന്റെ ഏരിയായ്ക്കുള്ളിൽ ഉള്ള കൃഷിക്കാർ ഇന്ന് വളരെയധികം വിഷമതകൾ അനുഭവിക്കുകയാണ്. കാരണം വാളയാർ പ്രോജക്ററിൽനിന്ന വെള്ളം കിട്ടാത്തതാണ്. 8,000-ത്തിലധികം ഏക്കർ സ്ഥലം ജലസേചനം നടത്തുന്ന പ്രോജക്ററാണ് വാളയാർ പ്രോജക്ററ്, എന്നാൽ അവിടെയുള്ള കൃഷിനിലത്തിന ഈ കൊല്ലം വെള്ളം കിട്ടാത്ത ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. വെള്ളം കിട്ടാത്തതുകൊണ്ട് അവരുടെ കൃഷി മുഴുവൻ നശിച്ചുപോകുകയുണ്ടായി. ചിററൂർ പ്രോജക്ററിൽനിന്നും കുറച്ചു വെള്ളം കിട്ടിയതിന്റെ ഫലമായി കഷ്ടിച്ച് ആയിരത്തോളം ഏക്കർ സ്ഥലത്തുനിന്നുമാത്രം വിളവെടുക്കാൻ സാധിച്ചിട്ടുണ്ട്. വാളയാർ പ്രോജക്ററ് ഏരിയാകളിൽ ഇപ്പോൾ പാക്കേജ് പദ്ധതി നടപ്പിലാക്കിയിരിക്കുകയാണ്. പക്ഷേ ഇന്ന് അവിടത്തെ പാക്കേജ് പദ്ധതിയുടെ നിലയെന്താണ്; വെള്ളം ആവശ്യത്തിനുപോലും കിട്ടാത്തതിന്റെ ഫലമായി കൃഷിയത്രയും ഉണങ്ങി നശിച്ചുപോയിരിക്കയാണ്. കഴിഞ്ഞപ്രാവശ്യം കോടമഴ കഷ്ടിച്ചുമാത്രമേയുണ്ടായിരുന്നുള്ളു. കൊണ്ടുമഴയാണെങ്കിൽ കഴിഞ്ഞകൊല്ലം തീരെ ഉണ്ടായിരുന്നില്ല. അതിന്റെ ഫലമായി അവിടെ ആയക്കെട്ട് ഏരിയായിലുള്ളവർക്ക് ഒട്ടും വെള്ളം കൊടുക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെ വെള്ളം ഒട്ടുംതന്നെ ലഭിക്കാത്തതിനെപ്പററി അവിടെയുള്ള കൃഷിക്കാരും പഞ്ചായത്തു പ്രസിഡണ്ടുമാരും എല്ലാംകൂടി ഭക്ഷ്യവകുപ്പുമന്ത്രിയുടെ അടുത്തു നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. അപ്പോൾ അനുഭാവപൂർവ്വം പരിഗണിച്ചു ആവശ്യമായ നടപടികളെടുക്കാമെന്ന് അവരോടു സമാധാനം പറയുകയും ചെയ്തതായി അറിയുന്നു എന്നാൽ ഇതുവരെയും ഗവണ്മെൻറിൽനിന്നും യാതൊരുവിധത്തിലുള്ള നടപടിയും എടുത്തിട്ടില്ല. മാത്രമല്ല അവിടെയുള്ള കൃഷിക്കാരിൽനിന്നും ജലനികുതി കർശനമായ രീതിയിൽ പിരിക്കുന്നതിനുള്ള നടപടികളും എടുത്തിരിക്കുകയാണ്. ഇതാണ് ഇന്ന് അവിടത്തെ സ്ഥിതി. വെള്ളം കിട്ടാത്തതിന്റെ ഫലമായി കൃഷി ഉണങ്ങിപോകുകയുണ്ടായി. അവർക്ക് അടുത്തപ്രാവശ്യം കൃഷിയിറക്കുന്നതിനുള്ള മൂലധനംപോലും കിട്ടാത്ത പരിതഃസ്ഥിതിയാണുള്ളത്. കോവാപ്പറേററീവ് സൊസൈററികളിൽനിന്നും കൃഷിയാവശ്യത്തിന വാങ്ങിയ കടംപോലും തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. അവർ എടുത്ത കടം തിരിച്ചടയ്ക്കാതെ ഇത്തവണത്തെ കൃഷിക്കാവശ്യമുള്ള പണം കടമായിട്ടു കിട്ടുകയുമില്ല. മാത്രമല്ല കഴിഞ്ഞകൊല്ലം സ്വർണ്ണനിയന്ത്രണച്ചട്ടം ഏർപ്പെടുത്തിയതിന്റെ ഫലമായിട്ട് കൃഷിയാവശ്യത്തിനുവേണ്ടി ബാങ്കുകളിലും മററും പണയം വെച്ചിരുന്ന പണ്ടങ്ങൾക്ക് കൂടുതൽ സംഖ്യ കെട്ടിവെക്കേണ്ടിവരുകയോ അവയെല്ലാം തിരിച്ചെടുക്കേണ്ടിവരികയോ ചെയ്തിട്ടുണ്ട്. പിന്നെ അരിയേഴ്സ് ഓഫ് റെൻറു കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെ ഏതു തരത്തിൽ നോക്കിയാലും അവിടെയുള്ള കൃഷിക്കാർ അനുഭാവപൂർവ്വം പരിഗണിക്കപ്പെടേണ്ടവരാണ്. കുനിന്മേൽകുരുവെന്നകണക്കിന ഇപ്പോൾ വാറണ്ടുപുറപ്പെടുവിച്ചു ജലനികുതിയും മററു നികുതികളും പിരിക്കുവാൻ. എനിക്ക് ഗവണ്മെൻറിനോടു പറയുവാനുള്ളത് അവിടെയുള്ള കൃഷിക്കാരിൽനിന്നും വാട്ടർ ടാക്സ് ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നതു അടിയന്തിരമായി സ്റ്റേ ചെയ്യുന്നതിനുള്ള ആർഡർ കൊടുക്കണമെന്നാണ്. മാത്രമല്ല ഉണക്കുകാരണം വിളകൾ നശിച്ചുപോയിട്ടുള്ള കൃഷിക്കാർക്ക് അടുത്ത പ്രാവശ്യം കൃഷിയിറക്കാനാവശ്യമായ കടം കൊടുക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്യേണ്ടതാണ്. അവർ പഴയ കടം അടച്ചിട്ടില്ലെങ്കിലും പുതിയ കടം അനുവദിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികളെടുക്കണം. എങ്കിൽ മാത്രമേ അവിടെയുള്ളവർക്ക് ഇനി കൃഷിചെയ്യാൻ സാധിക്കുകയുള്ളു. പാലക്കാട്ടുള്ള കൃഷിക്കാർക്ക് കുട്ടനാട്ടുള്ള കൃഷിക്കാർക്ക് ചെയ്തുകൊടുക്കുന്ന വിധത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തില്ലെങ്കിലും അവരെ രണ്ടാംതരം കൃഷിക്കാരായി എങ്കിലും കണക്കാക്കി വേണ്ട ആനുകൂല്യങ്ങൾ നൽകണമെന്നാണ് എനിക്കു പറയാനുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ കാർഷികരംഗത്തെ പദ്ധതിപ്രവർത്തനങ്ങളെപ്പററി നോക്കുകയാണെങ്കിൽ വളരെ അധഃപതിച്ച ഒരു സ്ഥിതിവിശേഷമാണ് കാണാൻ സാധിക്കുന്നതു്. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ നാലാമത്തെ കൊല്ലം ആരംഭിക്കുകയാണ്. എന്നാൽ പദ്ധതികൾക്കുവേണ്ടി നീക്കിവെച്ചിരിക്കുന്ന തുകകൾ വളരെ പരിമിതമായ രീതിയിലേ ചെലവഴിച്ചിട്ടുള്ളുവെന്നു് കാണാവുന്നതാണ്. ഈ ഡിപ്പാർട്ടുമെൻറിനെ ഒരു ഒന്നാംകിട ഡിപ്പാർട്ടുമെൻറായി ഉയർത്തിയാൽ മാത്രമേ നമ്മുടെ സംസ്ഥാനത്തു് കാർഷികപുരോഗതി ഉണ്ടാകുകയുള്ളു. കൃഷിക്കുവേണ്ടിമാത്രമായിട്ടു് 1,433.54 ലക്ഷം രൂപയാണ് അഞ്ചു കൊല്ലക്കാലത്തേയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതു്. പക്ഷെ അതിൽ ഇതുവരെ ചെലവാക്കിയിട്ടുള്ളതു കൂടാതെ ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഖ്യ മുഴുവനും ചെലവഴിക്കാൻ സാധിച്ചാൽ 49.5 ശതമാനം മാത്രമാണു വരുന്നതു്. ബാക്കി തുക ഇനി ഒരു കൊല്ലംകൊണ്ടു് ചെലവഴിക്കാൻ സാധിക്കുമോ? ബാക്കിയുള്ള സംഖ്യ മുഴുവനും ഇനി ചെലവാക്കാൻ പോകുന്നില്ലെന്നുള്ളതു് വളരെ വ്യക്തമാണ്. കാരണം പദ്ധതി നടത്തിപ്പിൻെറ സ്വഭാവം അങ്ങിനെയാണ്.

രണ്ടു കാരണങ്ങൾകൊണ്ടുമാത്രമെ ഇങ്ങനെ സംഭവിക്കുകയുള്ളു. പ്ലാൻ ആവിഷ്ക്കരിക്കുന്നതിൽ ഉണ്ടാകാവുന്ന പാകപ്പിഴ. അല്ലെങ്കിൽ പ്ലാൻ നടപ്പാക്കുന്നതിലുള്ള കഴിവില്ലായ്മ. പക്ഷേ നീക്കിവച്ചിട്ടുള്ളതിൽ കുറേ സംഖ്യ ചെലവഴിച്ചു എന്നുള്ളതു പരമാർത്ഥമാണ്. സർ, പദ്ധതിയിൽ ഓരോ ഇനത്തിനും നീക്കിവച്ചിട്ടുള്ള സംഖ്യയും, ചെലവഴിച്ചിട്ടുള്ള സംഖ്യയും നോക്കുകയാണെങ്കിൽ വളരെ പരിതാപകരമാണ്. നല്ലവിത്തു് ഉപയോഗപ്പെടുത്തുക. വിളവു വർദ്ധിപ്പിക്കുക. ഇതാണ് കൂടുതൽ വിളയിക്കാനുള്ള ഒരു ഉപാധി. എന്നാൽ വിത്തുവികസനത്തിൻെറ പരിപാടികൾ നീക്കിവെച്ച തുകയും, ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ച സംഖ്യ അടക്കം നാലുകൊല്ലംകൊണ്ടു ചെലവാക്കിയേക്കാവുന്ന സംഖ്യയും കണക്കാക്കുമ്പോൾ ഖേദിക്കാനെ വഴി കാണുന്നുള്ളു. Seed Development plan provission 18.00 Lakhs. 4-ാം കൊല്ലം അടക്കം ചെലവഴിക്കാൻ പോകുന്നതു 10,18,600 ക. എന്നുവെച്ചാൽ 56.6 ശതമാനം. ഇതാണ് സീഡ് ഡെവലപ്പുമെൻറിൻെറ നില. പച്ചിലവളത്തിനുവേണ്ടി ഒട്ടാകെ 12 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളതു്. ഇതിൽ 1963–64 അടക്കം മൂന്നുലക്ഷത്തി എഴുപത്തിഏഴായിരത്തോളം രൂപ ചെലവാകുമെന്നാണ് പറയപ്പെടുന്നതു്. 1964-65-ലേക്കു് 3,96,000-ത്തോളം രൂപയാണ് ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ളതു്. അതുകൂടി ചെലവഴിക്കുമെന്നുവച്ചാൽത്തന്നെ ഒട്ടാകെ 64 ശതമാനമാണ് ചെലവഴിക്കുന്നതു്. ഫെർട്ടിലൈസേഷൻ ആൻറു് മനുവർസ് എന്ന അയിററത്തിൽ ഒട്ടാകെ 166.36 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളതു്. അതിൽ 1961–62 ലേക്കു് 23.14 ലക്ഷം രൂപ, 1962-63–ൽ 12.36 ലക്ഷം രൂപ ചെലവായി എന്നാണ് പറയുന്നതു്. റിവൈസ്ഡ് ബഡ്ജററു് അനുസരിച്ചു് 16.92 ലക്ഷം രൂപ ചെലവാകുമെന്നു പറയുന്നു. അപ്പോൾ ആ ഇനത്തിൽ 48 ശതമാനം. ഭക്ഷണവിളവുകളുടെ നില ഇതാണ്. ഈ നിലവച്ചു നോക്കുകയാണെങ്കിൽ ഭക്ഷ്യോൽപ്പാദനം കുറച്ചെങ്കിലും വർദ്ധിച്ചിട്ടുള്ളതു് പ്ലാനിൻെറ ശരിക്കുള്ള പ്രവർത്തനംകൊണ്ടാണോ കൃഷിക്കാരുടെ ഉത്സാഹംകൊണ്ടാണോ എന്നു പരിശോധിക്കപ്പെടേണ്ടതുണ്ടു്. കമേഴ്ഷ്യൽ ക്രാപ്പ്സിൻെറ സ്ഥിതി നോക്കാം. ഷുഗർകെയിൻ ഡവലപ്പുമെൻറിൻെറ കാര്യം എങ്ങനെ എന്നു നോക്കാം. പ്ലാനനുസരിച്ചു് 22.60ലക്ഷം രൂപയാണ് അതിനുവേണ്ടി നീക്കിവച്ചിട്ടുള്ളതു്. ഈ കൊല്ലത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഖ്യ മുഴുവൻ ചെലവാക്കുകയാണെങ്കിൽത്തന്നെ 45.5 ശതമാനം മാത്രമേ ചെലവാകുന്നുള്ളു. അങ്ങനെ നോക്കുകയാണെങ്കിൽ കമേഴ്സ്യൽ ക്രാപ്പ്സിൻെറ കാര്യത്തിലായാലുംശരി, ഫുഡ്ക്രാപ്പ്സിൻെറ കാര്യത്തിലായാലുംശരി പ്ലാനനുസരിച്ചുള്ള പണം ചെലവാക്കുവാനോ അതിൻെറ പ്രവർത്തനം നടത്തുവാനോ ഈ ഡിപ്പാർട്ടുമെൻറിനു സാധിച്ചിട്ടില്ലെന്നുള്ളതു് പരമാർത്ഥം മാത്രമാണ്. എന്തു കൊണ്ടു് സാധിച്ചിട്ടില്ല? പാലക്കാട്ടുജില്ലയിൽ പാക്കേജ്പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ടു്. അതു് ഒരു നിലയിൽ പുരോഗമിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഏ. കെ. രാമൻകുട്ടി]

പക്ഷേ അതിൻെറ പുരോഗമനത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് ശരിക്കു പഠിച്ച് മനസ്സിലാക്കിയിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്, ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്. എസ്റ്റിമേററ്സ് കമ്മിററിയുടെ റിപ്പോർട്ടിൽ ഈ കാര്യം പറയുന്നുണ്ട്; അഗ്രിക്കൾച്ചറൽ പ്ലാൻ പദ്ധതി നടപ്പാക്കുന്നതിനെ സംബന്ധിടത്തോളം ഒരു ഇവാല്യുവേഷൻ കമ്മിററി ഏർപ്പെടുത്തേണ്ടതാണ് എന്ന്. അതേപ്പററി ശരിക്കു പഠിക്കേണ്ടതാവശ്യം മാത്രമാണ്. പാക്കേജ് പദ്ധതി നടപ്പാക്കുന്നതു ഓരോ കൃഷിക്കാരനും പ്രോഗ്രാം നിശ്ചയിച്ചുകൊണ്ടാണ്. പ്രോഗ്രാമൊക്കെ നിശ്ചയിച്ച ഗ്രാമസേവകൻ തിരിച്ചുവന്നാൽപിന്നെ മിക്കവാറും ആ കൃഷിക്കാരനെ കാണലുണ്ടാവില്ല. ഫാളോ അപ്പ് ഇല്ല. അതേപ്പററി ഞാനൊരുദാഹരണം പറയാം, കഴിഞ്ഞകൊല്ലം കൊല്ലംകോട്ട ബ്ലോക്കിലെ അഗ്രിക്കൾച്ചറൽ എക്സ്ററൻഷൻ ആഫീസർ എന്നോടൊരു കണക്കു് പറയുകയുണ്ടായി. പ്രോഗ്രാമനുസരിച്ച് കൃഷിക്കാർ 750 ടൺ കെമിക്കൽ ഫെർട്ടിലൈസേഴ്സായിരുന്ന ഉപയോഗിക്കേണ്ടിയിരുന്നതു്. അതനുസരിച്ച ഇത്ര വിളവുകിട്ടുമെന്ന ഒരു മതിപ്പുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ഈ കെമിക്കൽസ് ഒട്ടാകെ കൃഷിക്കാർ ഉപയോഗിച്ചുവോ എന്ന ചോദിച്ചു. 255 ടൺ മാത്രമേ ഉപയോഗിച്ചിട്ടുള്ളു എന്നായിരുന്ന അദ്ദേഹം മറുപടി പറഞ്ഞതു്. ഏകദേശം അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിൻെറ മൊത്തം കണക്കുപ്രകാരം കൃഷിക്കാർ ഉപയോഗിക്കേണ്ടതിൻെറ മൂന്നിലൊന്ന മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളു. ഇതിന കാരണമെന്താണെന്ന അദ്ദേഹത്തിന പറയുവാൻ സാദ്ധ്യമല്ല. ഈ കാര്യത്തിൽ ഒരു ഫാളോ അപ്പുമില്ല. ഇതുപോലെതന്നെയാണ് ഗ്രാമസേവകരുടേയും നില. ഒരു ഗ്രാമസേവകന് ഇന്ന കൊടുത്തിരിക്കുന്ന ഏരിയായിൽ മുഴുവൻ അയാൾക്കു് പ്രവർത്തിക്കാൻ കഴിയുകയില്ലെന്നുള്ളതു ഒരു പരമാർത്ഥമാണ്. എന്നാലും ഗ്രാമസേവകന്മാർ ഈ കാര്യങ്ങളൊന്നും ശരിക്കു ശ്രദ്ധിക്കുന്നില്ലെന്നുള്ളതാണ് ഇന്നത്തെ നില. നല്ല സീഡ്സ് ഇന്ന കൃഷിക്കാർക്കു് കിട്ടുന്നില്ല. ഗ്രാമസേവകന്മാരും എക്സ്ററൻഷൻ ആഫീസറും പരിശോധിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ള ഉൽപ്പാദകരിൽനിന്ന വിത്തു ശേഖരിക്കപ്പെടുന്നതെന്ന പറയപ്പെടുന്നു. പക്ഷേ അവർ കൊടുക്കുന്നതു് പരിശുദ്ധമായ സീഡല്ല. ഇതിനെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര വേഗത്തിൽ നല്ല സീഡുണ്ടാക്കി കൃഷിക്കാർക്കു കൊടുക്കാൻ വേണ്ട ഏർപ്പാടു ചെയ്യണം. അല്ലെങ്കിൽ പാക്കേജ് സ്കീം മുന്നോട്ടുപോകുകയില്ല. അതുപോലെ കൃഷിക്കാരുടെ ഇന്നത്തെ നില പരിശോധിക്കുകയാണെങ്കിൽ ഒരു ഏക്കറിൽനിന്ന കിട്ടുന്ന ആദായം നിലത്തിൻെറ ക്യാപ്പിററൽ വാല്യൂവും കൃഷിക്കുള്ള ചെലവും കഴിച്ച്. ഇറക്കിയ മുതലിൻെറ പലിശ മാത്രമാണ്. ഇതാണ് സ്ഥിതി. നല്ലരീതിയിൽ പരിശുദ്ധമായ സീഡൊക്കെ ഉപയോഗിച്ച കൃഷിചെയ്യുകയാണെങ്കിൽ കുറച്ചുകൂടി കൂടുതൽ വിളവുകിട്ടും. നെല്ല് ഉൽപ്പാദനത്തിൻെറ തോതു് ഇന്ന് പാലക്കാട്ടുപ്രദേശത്തിൽ ഒരു ഏക്കറിന് ശരാശരി രണ്ടു പൂവലിനുംകൂടി 250 പറ എന്ന പറയുന്നതിൽ തെററുണ്ടാവില്ല. നെല്ല് ഒരേക്കറിൻെറ കൃഷിക്കുള്ള ചെലവ് കണക്കാക്കുകയാണെങ്കിൽ ഒരു പൂവലിന് 274, 280 രൂപയോളം വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതു്. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൻെറ കണക്കു് പത്തു ഏക്കറിന് ഒരുജോടി കന്നു് എന്ന കാണുന്നു. നാലുജോടി കന്നുവേണം 10 ഏക്കറിന്, എങ്കിൽ മാത്രമേ ശരിയായി കൃഷി നടത്താൻ സാധിക്കുകയുള്ളു. ആ നിലക്കു് നോക്കുമ്പോൾ നെൽകൃഷി അത്ര ആദായകരമല്ല. അതിൻെറ ഫലമായി നെൽ കൃഷിക്കാർ മററുള്ള കൃഷികളിലേക്കു് പോകുകയാണെങ്കിൽ അതിന അവരെ കുററം പറഞ്ഞിട്ടു കാര്യമില്ല. സർ, അതുപോലെ ഇൻഡസ്ട്രിയൽ പർപ്പസസിന് കടം കൊടുക്കുമ്പോൾ നാലരശതമാനം പലിശയാണ് ഈടാക്കുന്നതു്. അഗ്രികൾച്ചർ പർപ്പസിന് കടം കൊടുക്കുമ്പോൾ കൃഷിക്കാരിൽനിന്ന് ഏഴുശതമാനം പലിശയാണ് ഈടാക്കുന്നതു്. കൃഷിക്കാരുടെ കൈയിൽനിന്നുമാത്രം ഇങ്ങനെ കൂടുതൽ പലിശ ഈടാക്കുന്നതിൻെറ കാരണം എന്താണെന്ന മനസ്സിലാകുന്നില്ല. അതു നാലരശതമാനമായി കുറയ്ക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. അതുപോലെതന്നെ കൃഷിക്കാർക്കു് കടം കിട്ടണമെങ്കിൽ രണ്ടുമൂന്ന ഷ്വവർടീസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം. അതും കൃഷിക്കാർക്കു വളരെ വിഷമമാണു്. ഈ വിഷമങ്ങളെല്ലാം മാററി കുറെക്കൂടി എളുപ്പത്തിൽ കൃഷിക്കാർക്കു കടം കിട്ടുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. നമ്മുടെ കൃഷിസമ്പ്രദായം ഇനിയും ആധുനിക രീതിയിൽ പുരോഗമിച്ചിട്ടില്ല. പാരമ്പര്യ സമ്പ്രദായം കുറെക്കൂടി കർശനമായി നടപ്പിൽ വരുത്തുകയാണു് ഇന്നു നെൽകൃഷിയിൽ ഉണ്ടായിട്ടുള്ളതു്. കൂട്ടത്തിൽ കെമിക്കൽ വളങ്ങൾ ചേർക്കുന്നുമുണ്ടു്. ശരിയായ തോതിൽ, ന്യായമായവിലക്കു് കൂടുതൽ വളംകിട്ടുന്നില്ല. ഡിപ്പാർട്ടുമെൻറിൻെറ കണക്കിൻെറ 75 ശതമാനത്തോളമെങ്കിലും വളം ഉപയോഗപ്പെടുത്തിയില്ലെങ്കിൽ ഗുണം ഉണ്ടാകുകയില്ലെന്നാണു് പറയുന്നതു്. പക്ഷേ അത്രത്തോളം ഇവിടെ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ള സംശയമാണു്. അതുപോലെ തന്നെ കൃഷിക്കാർക്കാവശ്യമായ പരിഷ്ക്കരിച്ച ഇംപ്ലിമെൻറ്സ് കൊടുക്കുന്നതിനു് ഗവേഷണത്തിനും വിതരണത്തിനുമായി കുറെ പണം നീക്കിവച്ചിട്ടുണ്ടു്. പക്ഷെ ഇന്നും ഉപകരണങ്ങളൊന്നുംതന്നെ ഉണ്ടായിട്ടില്ല. അഗ്രിക്കൾച്ചറൽ ഇംപ്ലിമെൻറ്സ് ഉണ്ടാക്കാൻവേണ്ടിയിട്ടു് കുറെ രൂപ ഇതിൽ കൊള്ളിച്ചിട്ടുണ്ടു്. പക്ഷെ ആ പണം ശരിക്കു് ഉപയോഗപ്പെടുത്തുന്നുണ്ടോ ? ഇല്ലെന്നു തന്നെയാണു് പറയേണ്ടിയിരിക്കുന്നതു്. പ്ലാൻ പദ്ധതിയിലെ മൂന്നുകൊല്ലം കഴിഞ്ഞിട്ടും അഗ്രിക്കൾച്ചറൽ ഇംപ്ലിമെൻറ്സ് ഇതുവരെ ലഭിച്ചിട്ടില്ല. നല്ല കൃഷി ആയുധങ്ങൾ ലഭിച്ചാൽ മാത്രമേ കൃഷി അഭിവൃദ്ധിപ്പെടുത്താനും സാധിക്കുകയുള്ളു. നല്ല കഴിവുള്ള കൃഷിക്കാരാണു് കാർഷികാഭിവൃദ്ധിക്കു അടിസ്ഥാനം. അങ്ങിനെയുള്ള കൃഷിക്കാർ കാർഷികരംഗത്തിൽ ആകമാനം വളർന്നുവരത്തക്കവണ്ണം ഗവണ്മെൻറു് പ്രവർത്തിക്കണം. ഗവണ്മെൻറു് കഴിവുള്ള കൃഷിക്കാരെ കഴിവില്ലാത്തവരാക്കിത്തീർക്കുകയാണു് ചെയ്യുന്നതു്. കൃഷിക്കാർക്കു് വേണ്ട സഹായങ്ങൾ ഗവണ്മെൻറു് ചെയ്തുകൊടുക്കണം. ഈ ഡിപ്പാർട്ടുമെൻറിനെ ഒരു ഒന്നാംതരം ഡിപ്പാർട്ടുമെൻറാക്കി ഉയർത്തിക്കൊണ്ടു് വരണം. റിസർച്ചു് ശരിക്കും നടത്താനും, ആ റിസർച്ചിൽനിന്നുള്ള അനുഭവം എല്ലാ കൃഷിക്കാർക്കും ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. എങ്കിൽ മാത്രമേ കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഇവിടെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളു. ഈ കാര്യങ്ങളൊന്നും ഗവണ്മെൻറു് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നുള്ള വസ്തുതയെ മുൻനിർത്തിക്കൊണ്ടു് ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു,

**Shri K. Balakrishna Menon** : I would like to bring to the notice of the House certain important points. Out of the total amount asked for the actual amount that goes to the agriculturists is roughly about 14 lakhs of rupees alone and that too by way of subsidy on manure. This works out roughly to 19 per cent. The remaining 81 per cent is taken up to cover the salary, allowances, establishment charges of officers and on such items as direction, superintendence, exhibition, demonstration, propaganda, research and collegiate education. I should not be understood to say that these things are not necessary. In fact they are necessary. The time has come for us to ascertain what exactly has been the developmental activities on agriculture in general. I would, in this connection, refer to the Economic Review; page 20, where it is stated that this works out to an average annual increase in output of only 0·37%, and it has made another observation also in the same page that, "However, it needs no special mention that in an economy predominated by agriculture, a particular rate of increase in the total output would require a similar, if not greater, growth rate in the agricultural sector. This, we have not so far been able to achieve." In the same breath it has also pointed out that : "Set against the expanding tendency of some important crops is the rather discouraging picture of a few other crops, some of them the State's export staples like pepper, ginger, turmeric,



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Balakrishna Menon]

cardamom, etc. showing a static or even receding trend in production.' This is the result that has been achieved on the production side by the impact of these activities. Sir, I am not exagerating when I say that the results are not very encouraging. Now among the agricultural crops, the one which I consider most vital, is paddy. Regarding paddy, the Estimates Committee, in their Eighth Report, which I got yesterday, states that 'during 1960-61, 10,50,721 tons of rice were produced in this State but this figure went down to 9,88,115 tons in 1961-62'. During 1962-63 there is a slight increase.

Regarding paddy I would like to take this opportunity to sound a note of warning to the Government. There is unfortunately an attempt to switch over on the part of the cultivators from paddy to sugarcane. I would also say that there is a sort of encouragement on the part of the Government also. This is a dangerous trend. It is not surprising from the point of view of the cultivator that he has attempted to do so. According to the Estimates Committee, even under the package programme the cost of cultivation of paddy is very high and there is nothing surprising if a cultivator goes in for cultivation of other crops. There is no good in continuing paddy cultivation. The Estimates Committee states 'The Committee was informed that the Scheme had a mixed reception from the agriculturists. It has been stated that the cost of cultivation of paddy in the Kuttanad area comes to about Rs. 250/- per acre. The yield is stated to be about 130 standard paras of paddy fetching a value of Rs. 260/- only Thus the yield becomes unremunerative due to the exotrbitant cultivation cost in the case of paddy cultivation.' If this is true in regard to the area under the purview of the package scheme, what about the other areas which will not come under this category. ?

Sir, if we just look into the conditions of the ordinary cultivator, we will find that his lot has not improved in any way at all from what it was during the last days of his forefathers. Still he is using the very same old agricultural implements and is following the same old method of cultivation. The result is that he is not able to escape from his indebtedness, and also his crop is destroyed often due to flood and attack of pests or due to failure of monsoon. These major problems, I regret to say, have not been solved by the Government. With regard to rural indebtedness, it has been studied by the Reserve Bank of India who is conducting an enquiry. It has come to the conclusion that this canker is eating into the very vitals of the agriculturits's existence. It is true that they also got, by legislation, faciltiies to pay the debts in yearly instalments but Government forget one aspect i. e. the capacity of the ryots to give back the loan. He solely depends on his produce to pay back the loan and that is the only source of income that he is able to make. Now you will agree when I say that there is no industry in the whole world in which there is scope for such speculation. From the moment he sows seeds he is not sure whether he should be able to harvest. If the monsoon is not coming in, in the normal way the harvest is going to be affected. Uncertainty! What exactly has the Government done to eliminate the uncertainty. Of course it is not possible for us to control nature. Is it no worth-

while for the Government to take into consideration some relief measures? Relief should be given to the agriculturists by introducing a scheme of crop insurance as well as cattle insurance. Then there is the other thing, flood. Floods can be controlled by the well defined scheme of drainage. Today Government are concerned only with irrigation facilities. That is to say, while making provision for bringing water by irrigation cannals, I would contend greater emphasis should be given to the other aspect of the question, namely to let out water where there is surplus. Huge loss is caused by flood. I submit it is absolutely necessary that there should be a drainage scheme and canals should be constructed by Government.

Another matter I should stress is that Government should see that the optimum use is made of the subsidised supply of manure. I had occasion, as a member of the Estimates Committee to examine the Commissioner for Development when he gave evidence regarding increased production. When the Committee asked him whether it was not based upon mere paper calculations, that is to say, an arithemetical work up from the quantum of manure sold, he agreed it was so. I asked what exactly was the guarantee that the manure which has been sold and given over to the tenant had been practically made use of in the first instance.

In the same way I suggest you must immediately bestow your attention upon introducing schemes of insurance for cattle as well as for crop. Government should also bring a good scheme for draining the water as they are doing in the case of irrigation. I would also contend that there should be a well co-ordinated, all round system of agro-economic-industrial development scheme. If these things are done, I am sure the lot of the ryots will be improved. If their lot is not improved I take this opportunity to say, as pointed by the Estimates Committee in their last report there will be a tendency among them to give up paddy cultivation and to resort to other things, and that will create the worst difficultis for the State.

ശ്രീ. തോമസ് ജോൺ : സർ, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുകയാണ്. ഇൻഡ്യയെ ഒരു ക്ഷേമരാഷ്ട്രമാക്കാൻ നമ്മൾ ബദ്ധപ്പെടുമ്പോൾ ആ യത്നത്തിൻെറ പ്രധാന പങ്ക് വഹിക്കുന്നത് ഈ രാജ്യത്തെ കർഷകനാണ്. കാർഷിക രംഗം സജീവമായില്ലെങ്കിൽ നമ്മുടെ വ്യവസായങ്ങളും നമ്മുടെ അഭിവൃദ്ധിയും പിന്നാക്കം പോകുന്നതാണ്. സർ, ഈ കാര്യം മനസ്സിലാക്കിക്കൊണ്ടാണോ, നമ്മുടെ ഗവണ്മെൻറും ഉദ്യോഗസ്ഥന്മാരും മുന്നോട്ടു പോകുന്നത് എന്നുള്ളത് സംശയമാണ്. ഇന്ന് ഒരു കർഷകൻെറ വീട്ടിൽ ചെന്നാൽ രോദനമല്ലാതെ മറെറാന്നും കേൾക്കാനില്ല. ''ഞാൻ കൃഷി ചെയ്തിട്ട് മട വീണ് വിത്തു നശിച്ചുപോയി, കളയെടുക്കാൻ സാധിക്കുന്നില്ല, ഒരു പറ നിലത്തിൽ പത്തുപറ നെല്ലുണ്ടായാൽ രണ്ടു പറ നെല്ലും കള എടുക്കുന്നതിന് കൂലി കൊടുക്കണം. നല്ല കൃഷിയായിരുന്നു; പക്ഷെ കലവാട്ടംകൊണ്ടു കൃഷി നശിച്ചുപോയി ഇങ്ങനെ അവൻെറ കഷ്ടപ്പാടുകളുടെ ചരിത്രം നിരവധിയാണ്.'' ഇപ്രകാരമുള്ള കർഷകൻെറ കഷ്ടനഷ്ടങ്ങൾക്ക് ഒരു സഹായവും ഗവണ്മെൻറിൽനിന്നു ലഭിക്കുന്നില്ല. കഷ്ടപ്പെട്ട് വളവും മററും കടം വാങ്ങി കൃഷിയിറക്കി ഒരുമാർ നീളത്തിലുള്ള കതിരുവന്നാൽ കലവാട്ടം വന്ന് ആ കതിരു മുഴുവൻ നശിച്ചുപോവുകയാണ്. ഗവണ്മെൻറിൻെറ പക്കൽ കലവാട്ടം സംബന്ധിച്ച് എത്ര കണ്ട് നിവേദനങ്ങൾ നടത്തിയിട്ടും കലവാട്ടം ഉണ്ടാകാതിരിക്കുന്നതിന് പോംവഴി ഉണ്ടായിട്ടില്ല. ഇങ്ങനെ കലവാട്ടം വന്ന് ലക്ഷക്കണക്കിനേക്കറ നിലങ്ങളാണ് കുട്ടനാട്ടിൽ നശിച്ചുപോയിരിക്കുന്നത്. ഈ ആണ്ടിൽ കലവാട്ടം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. തോമസ് ജോൺ]

ബാധിക്കാത്ത ഒററ പറ നിലം പോലും കുട്ടനാട്ടിൽ ഇല്ല. അതിനു പുറകിൽ ലക്ഷക്കണക്കിനുള്ള കർഷകരാണു് അധഃപതിക്കുന്നതു്. ഇതു് കാർഷിക രംഗത്തു് ദൈനംദിനമുള്ള ഒരു സംഭവമാണു്. ഇപ്രകാരം കഷ്ടപ്പാടുകളനുഭവിക്കുന്ന കർഷകരോടു് എന്തൊരു ക്രൂരനയമാണു് ഗവണ്മെൻറു് കൈക്കൊള്ളുന്നതു്. ഇന്നു് കർഷകനെ ഗവണ്മെൻറു് പ്രതിക്കൂട്ടിൽ കയററിയിരിക്കുകയാണു്. കർഷകവൃത്തി ചെയ്യുന്നവർ കുററക്കാരാണെന്ന നിലക്കുള്ള നയമാണു ഗവണ്മെൻറിലും ഉദ്യോഗസ്ഥന്മാരിലും കാണുന്നതു്. ഇന്നു് കർഷകൻ ഉദ്യോഗസ്ഥൻെറ ശത്രുവായിമാറിയിരിക്കുകയാണു്. കാർഷിക രംഗത്തു് രാത്രിയും, പകലും, വെയിലും മഴയും മഞ്ഞും വകവയ്ക്കാതെ കഷ്ടപ്പെടുന്ന കൃഷിക്കാരനു് ഇന്നു് യാതൊരു വിശ്രമവും, മനഃസമാധാനവും ഇല്ല. കഷ്ടപ്പെടുന്ന കൃഷിക്കാരൻെറ അവശതയും, ദുരവസ്ഥയും മനസ്സിലാക്കി അതിനു പരിഹാരം കാണുകയും, അവരോടുസഹകരിച്ചുകൊണ്ടു് കൃഷിയെ അഭിവൃദ്ധിപ്പെടുത്തത്തക്കവണ്ണവും അവനു ഉന്മേഷം ഉണ്ടാക്കത്തക്കവണ്ണവുമുള്ള നയം അവരോടു് ഗവണ്മെൻറിനും, ഉദ്യോഗസ്ഥന്മാർക്കും ഉണ്ടാകണമെന്നുള്ളതാണു് ഈ ഡിമാൻറിനെ അനുകൂലിച്ചുകൊണ്ടു് എനിക്കു പറയാനുള്ളതു്. കർഷകർജീവിച്ചില്ലെങ്കിൽ ഈ നാട്ടിലാരും ജീവിയ്ക്കാൻപോകുന്നില്ല. കർഷകനെ ആശ്രയിച്ചാണു് ഈ രാജ്യത്തിൻെറ അഭിവൃദ്ധി നിലകൊള്ളുന്നതു്. ഇന്നു് അദ്ധ്യാപകർക്കു ശമ്പളം കിട്ടണമെങ്കിലും മററുദ്യോഗസ്ഥന്മാർക്കു് ശമ്പളം കൂട്ടണമെങ്കിലും കൃഷിക്കാരുടെ കൈയ്യിൽനിന്നുള്ള കരവും മററു് ആദായമാർഗ്ഗങ്ങളും കിട്ടാതെ നിവൃത്തിയില്ല. ദൈനംദിനം ഇവിടെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുക, അവരുടെ ക്ഷാമബത്തവർദ്ധിപ്പിക്കുക ഇതിനൊക്കെ വേണ്ടിയാണു് ഇന്നു് നാട്ടിൻെറ പണം ചെലവാക്കുന്നതു്. ഈ രൂമ്പായുമായി രാപകലില്ലാതെ കഷ്ടപ്പെടുന്ന കൃഷിക്കാരൻഇന്നു് ഉദ്യോഗസ്ഥൻെറ ശത്രുവാണു്. ഈ നയത്തിനു് പാടെ ഒരു മാററം വരുത്തേണ്ടതുണ്ടു്.

സർ, കാർഷികരംഗത്തു് ഇന്നു് കട്ടംകൃഷി വന്നതോടു കൂടി നിലങ്ങളിൽ കളകൾ വളരെ വർദ്ധിച്ചിട്ടുണ്ടു്. ഇതിനുവേണ്ടി ഗവണ്മെൻറു് ഒരു റിസർച്ച് നടത്തുന്നുണ്ടെന്നു പറയുന്നുണ്ടു്. എന്നാൽ അതിൻെറ ഫലമായി ഇതുവരെ നിലങ്ങളിൽ കളകൾ ഉണ്ടാകാതിരിക്കുവാൻ ഒരു പരിഹാരവും ഉണ്ടായിട്ടില്ല. ഈ വകകാര്യങ്ങൾ കൃഷിമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇന്നു് എനിക്കറിയാം കുട്ടനാട്ടിലുള്ള പല നിലങ്ങളിലും കളകൾ പറിക്കാതെ, കളകൾ പറിക്കാൻ പണമില്ലാതെ നിലങ്ങൾ ഉപേക്ഷിച്ചിരിക്കുകയാണു്. അവിടെ നെല്ലിനോടൊത്തു്കളയും വളർന്നാൽ എന്തു് ഉല്പാദനമാണു് ഉണ്ടാകാൻ പോകുന്നതു്. കൃഷി അഭിവൃദ്ധിപ്പെടുത്താൻ മെക്കനൈസ്ഡ് ഫാമിങ്ങ് വളരെ ആവശ്യമാണു്. ഇന്നു് എല്ലാ രാജ്യങ്ങളിലും യന്ത്രവൽക്കരണം കൊണ്ടാണു് കൃഷി അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതു്. എന്നാൽ അതിനു വരെ കേരളത്തിൽ നടപ്പാക്കുന്നതിനു ശ്രമിച്ചിട്ടില്ല. കൃഷി ചെയ്യാൻ ട്രാക്ടറുകൾ വളരെ ആവശ്യമാണു്. പ്രത്യേകം ചെറിയ തരം ട്രാക്ടറുകൾ ചെറു കർഷകനു് വളരെ ഉപകരിക്കുന്നതാണു്. ചെറുകർഷകനു് അവൻെറ നിലം അവൻെറ ഇഷ്ടം പോലെ സൗകര്യം പോലെ ഉഴാം. ട്രാക്ടറുകളും, യന്ത്രോപകരണങ്ങളുമൊക്കെ ഉണ്ടായാൽ തൊഴിലാളികളുടെ തൊഴിൽ നഷ്ടപെടും, നാടു നശിച്ചുപോകുമെന്നൊക്കെ നമ്മളിൽ ചിലർ സംശയിക്കുന്നുണ്ടു്. യന്ത്രവൽക്കരണം കൊണ്ടു് കാർഷികരംഗത്തു തൊഴിലില്ലായ്മ ഉണ്ടാകുന്നതല്ല. കാർഷികോല്പന്നങ്ങൾ വളരെയധികം വർദ്ധിപ്പിക്കേണ്ട ഈ കാലത്തു് യന്ത്രവൽക്കരണം വളരെ അത്യാവശ്യമാണു്. ചെറുതരം കലപ്പകൾ ഉണ്ടെങ്കിൽ കർഷകനുതന്നെ ഉഴാം, തൽഫലമായി ഉഴവുകൂലി അവനു ലാഭിക്കാം. അതു്അവനു് വളരെ യധികം സഹായകമാണു്. ഈ വക കാര്യങ്ങളിൽ ഈ ഗവണ്മെൻറിനു് യാതൊരു ശ്രദ്ധയും ഇല്ല. ഈ ഗവണ്മെൻറു് ഒരു സോയിൽ ടെസ്ററിംഗ് ലാബ്രട്ടറി ആലപ്പുഴയിൽ സ്ഥാപിക്കുമെന്നു് വളരെക്കാലമായി പറയുന്നു. വളരെക്കാലമായി പറയുന്നതല്ലാതെ ഇതുവരെ യാതൊന്നും ഈ സോയിൽ ടെസ്റ്റിങ്ങ് ലാബ്രട്ടറിയുടെ സ്ഥാപനത്തിനുവേണ്ടി ചെയ്തിട്ടില്ല. മണ്ണു് ടെസ്ററു ചെയ്യാതെ എന്തു വളമാണു് ഒരു കർഷകൻെറ നിലത്തിൽ ഉപയോഗിക്കേണ്ടതെന്നു് കർഷകനു് എങ്ങനെ മനസ്സിലാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കും. ഇപ്പോൾ അവർ കണ്ണിൽ കാണുന്ന വളമെല്ലാം ഉപയോഗിക്കുന്നു. അതുകൊണ്ട് നെൽകൃഷിക്ക് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഉടനെ തന്നെ സോയിൽ ടെസ്റ്റിംഗ് കേരള വ്യാപകമായി നടപ്പാക്കണം. അതിനുള്ള ലാബ്രട്ടറി എല്ലാ ഡിസ്ട്രിക്ടുകളിലും ഉണ്ടാകണം.

കുട്ടനാട്ടിൽ ഒരു പാഡി റിസർച്ച് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരു ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പുസ്തകത്തിൽ കണ്ടതുകൊണ്ട് എന്താണ് പ്രയോജനം ? പുസ്തകത്തിലെ പശു പുല്ല് തിന്നുകയില്ല. കാർഷികരംഗം ഒരു പ്രധാന രംഗമായി ഗവണ്മെൻറ് കാണാതെ ഈ രാജ്യത്ത് അഭിവൃദ്ധി ഉണ്ടാകുകയില്ല. പഴയപോലെ കർഷകൻെറ മേൽ റവന്യൂ റിക്കവറി ആക്ററ് പ്രയോഗിക്കലും ഉദ്യോഗസ്ഥൻെറ ചാട്ടയടിയുമാണ് നടന്നുവരുന്നത്. കർഷകൻ നിലത്തിൽ വിത്തെറിഞ്ഞാൽ അത് കൊയ്തെടുക്കുന്നതുവരെ കർഷകൻെറ മേൽ ഉദ്യോഗസ്ഥന്മാർ യാതൊരു നടപടിയും എടുക്കാൻ പാടില്ല. കർഷകൻ കൃഷിക്ക് വളമിടേണ്ട സമയത്ത് റവന്യൂ റിക്കവറി ആക്ററുപയോഗിച്ച് അവൻെറ ചട്ടിയും കലവും, വയസ്സായ അവൻെറ അമ്മയേയുംകൂടി എടുത്തുകൊണ്ടുപോകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ എന്ത് നീതിയാണുള്ളത്. ഇതാണ് ഇന്ന കർഷകൻെറ അവസ്ഥ. അവർ ഉദ്യോഗസ്ഥന്മാരെ ഭയന്ന് നാടുവിട്ടു പോകുകയാണ്. നിലത്തിൽ വെള്ളം ഇറക്കേണ്ട സമയത്തോ വളം ഇടേണ്ട സമയത്തോ അവന് സ്ഥലത്തു നിൽക്കാൻ ഒക്കുകയില്ല. വെള്ളം കണക്കിനു കയററുകയും ഇറക്കുകയും ചെയ്യണം. വെള്ളം ആവശ്യത്തിൽ കൂടിയാൽ വളമെല്ലാം ഒഴുകിപ്പോകും. ഈ ഗവണ്മെൻറ് കർഷകൻ നിലത്തിൽ വിത്തിട്ടുകഴിഞ്ഞാൽ കൊയ്ത്തു കഴിയുന്നതുവരെ ഒരു നടപടിയും കൃഷിക്കാരൻെറ മേൽ എടുക്കരുത്. ഇത്തരം ക്രൂരമായ നടപടികളെ ഉപേക്ഷിക്കാത്ത ഗവണ്മെൻറ് നമുക്കു വേണ്ട. കൃഷിക്കാരനെ പ്രോത്സാഹിപ്പിക്കാത്ത ഒരു ഗവണ്മെൻറിനും ഇവിടെ വാഴാൻ സാദ്ധ്യമല്ല. കഷ്ടപ്പെടുന്ന കൃഷിക്കാരുടെ കണ്ണീർപോലും തുടയ്ക്കാൻ മനസ്ഥിതിയില്ലാത്ത ഉദ്യോഗസ്ഥന്മാരാണ് ഈ നാട്ടിലുള്ളത്. അവരോടു ക്രൂരമായും വഞ്ചനാപരമായും പെരുമാറുന്ന ഉദ്യോഗസ്ഥന്മാരെ പുറത്താക്കണം. നല്ല ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കണം. ഇന്ന് കൃഷിപ്പണിയുടെ മഹത്വം അറിയാൻ പാടില്ലാത്ത ഉദ്യോഗസ്ഥന്മാരാണ് അധികവും. അതാണ് ഈ രാജ്യത്തിന് അപകടമുണ്ടാക്കുന്നതെന്നു ഗവണ്മെൻറു മനസ്സിലാക്കണം. ഇതിനിടയ്ക്ക് തെങ്ങുരോഗം പലയിടത്തും ബാധിച്ചിട്ടുള്ളതായി കാണുന്നു. അതിന് എന്തോ മരുന്നു തളിക്കുന്നുണ്ടെന്നെല്ലാം പറയുന്നുണ്ട്. എന്നാൽ തെങ്ങുരോഗം വർദ്ധിച്ചുവരികയാണ്. സർ, തിരുവനന്തപുരത്തുപോലും തെങ്ങുരോഗം ബാധിച്ചിട്ടുണ്ട്. എന്താണ് ഇതിനു രക്ഷ ? ഈ മന്ത്രിമാർ സെൻട്രൽ ഗവണ്മെൻറിനോടു നിലവിളിക്കട്ടെ, കേരളത്തിൽ തെങ്ങുകൾ രോഗംവന്നു നശിച്ചുപോകുന്നുവെന്ന്. സെൻട്രൽ ഗവണ്മെൻറിനോടു നമുക്കു യാചിക്കേണ്ട കാര്യമില്ല. ഭാരതം നേടുന്ന ഡാളറിൻെറ 36 ശതമാനം കേരളത്തിലെ ഉൽപന്നങ്ങൾ നേടിക്കൊടുക്കുന്നതാണ്. അതുകൊണ്ട് ഇവർ സെൻട്രൽ ഗവണ്മെൻറിനോടു യാചിക്കേണ്ട ; കണക്കുപറഞ്ഞ് വാങ്ങിക്കുകയാണു വേണ്ടത്. കേടുള്ള തെങ്ങ് വെട്ടിക്കളഞ്ഞ് പകരം കൃഷിക്കാരന് ഓരോ തെങ്ങിനും 100 രൂപ വച്ചു കൊടുക്കട്ടെ. അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ച് തെങ്ങുരോഗം പടർന്നുപിടിക്കാതെ തടയേണ്ടതാണ്.

കുട്ടനാട്ടിലെ കൃഷി മററു സ്ഥലങ്ങളിലെ കൃഷിയെ അപേക്ഷിച്ച് വ്യത്യസ്തമാണ്. കുട്ടനാട്ടിൽ കൃഷിചെയ്യണമെങ്കിൽ വരമ്പിടണം, വെള്ളം വററിക്കണം, മണ്ണ് പുളി നിറഞ്ഞതായതുകൊണ്ട് ആ പുളി മാററണം. ഇതേ അവസരത്തിൽ നെല്ലിന് എല്ലാ സ്ഥലത്തും വില ഒരുപോലെയാണ്. അതുകൊണ്ട് ഞാൻ ഈ പറഞ്ഞ മൂന്നു കാര്യത്തിനും ഗവണ്മെൻറു സഹായം കുട്ടനാട്ടിലെ കൃഷിക്ക് ആവശ്യമാണ്. ഈ ഗവണ്മെൻറിനെക്കൊണ്ടു ഇവ പററുകയില്ലെന്നറിയാം. സെൻട്രൽ ഗവണ്മെൻറിൻെറ സഹായം കൂടാതെ നമുക്ക് മുന്നോട്ടു പോകാൻ സാദ്ധ്യമല്ല. സെൻട്രൽ ഗവണ്മെൻറാണ് ബണ്ടിടുന്നതിന് സഹായിക്കേണ്ടത്. സെൻട്രൽ ഗവണ്മെൻറ് സഹായം നൽകുന്നില്ലെങ്കിൽ കുത്തിയിരിപ്പു സത്യാഗ്രഹം സെൻട്രൽ ഗവണ്മെൻറിൻെറ മുമ്പിൽ



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. തോമസ് ജോൺ]

പോയി ബഹു: മന്ത്രിമാർ നടത്തട്ടെ. ഇന്ന് തെക്കെ ഇൻഡ്യാക്കാരെ വടക്കെ ഇൻഡ്യാക്കാർ അവഗണിച്ചിരിക്കുകയാണ്. ഇന്ന് തെക്കേ ഇൻഡ്യാക്കാർ വടക്കരുടെ പുറകെ അവരുടെ ഭാണ്ഡക്കെട്ട ചുമന്നു നടക്കുന്നേയുള്ളു. ഇങ്ങനെ ആയാൽ എങ്ങിനെ ഇവിടെയുള്ളവർ (കേരളത്തിൽ ഉള്ളവർ) ജീവിക്കും. ഞങ്ങൾക്കുള്ള സഹായങ്ങൾ ഉടനെതന്നെ ഈ ഗവണ്മെൻറ് വാങ്ങിത്തരണം. കുട്ടനാട്ടിലെ കൃഷി സെൻട്രൽ ഗവണ്മെൻറിനെക്കൊണ്ട് ഒരു പ്രൊട്ടക്റ്റഡ് ഇൻഡസ്ട്രി (Protected Industry) എന്ന നിലയിൽ ഏറെറടുപ്പിക്കണം. ഇപ്പോൾ നിലത്തിൽ മടവീണുപോയാൽ ആരോട് നഷ്ടം ചോദിക്കാനാണ്. ദൈവത്തോട് പ്രാർത്ഥിക്കുകയല്ലാതെ യാതൊരു നിവൃത്തിയുമില്ല. ഇതിനിടയിൽ ഗവണ്മെൻറിനു കൊടുക്കാനുള്ളതു വാങ്ങാൻ ഉദ്യോഗസ്ഥന്മാർ ചാട്ടയുമായി കൃഷിക്കാരെ സമീപിക്കുകയാണ്. സർ, ഇവർ കഥയറിയാതെയാണ് ആടുന്നതു്. കഥയറിയാതെ ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും ആടരുതു്. എത്ര പറഞ്ഞാലും അതു കേൾക്കാനുള്ള ചെവി അവർക്കില്ല. കൃഷിക്കാരോട് ദയവായി പെരുമാറണമെന്നാണ് എനിക്കു് ഈ അവസരത്തിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരോട് പറയുവാനുള്ളതു്. 1961-ലും 1963-ലും കുട്ടനാട്ടിൽ മടവീണു് വിളവു നശിച്ചു. ബഹുമാനപ്പെട്ട പൗലോസ് മന്ത്രിയും, മന്ത്രി പി. റി. ചാക്കോയും അവിടെ വന്ന് ആ ദുരവസ്ഥ കണ്ടിട്ടുള്ളതാണ്. 1963-ൽ കുട്ടനാട്ടിൽ നെൽകൃഷി മുഴുവനും കലവാട്ടംകൊണ്ട് നശിച്ചുപോയി. മണി മണി പോലുള്ള നെല്ല് തിരുമ്മിയാൽ പൊടിഞ്ഞുപോവുകയാണ്. 1963-ലും കലവാട്ടമാണ്. കുട്ടനാട്ടിൽ കൃഷി പൊതുവെ നശിച്ചു. പത്തും പതിനഞ്ചും പറ നെല്ലു വിളയുന്നിടത്തു ഇപ്പോൾ മൂന്നും നാലും പറ നെല്ലാണ് കിട്ടുന്നതു്. പാട്ടം കൊടുക്കാനൊ, തൊഴിലാളികൾക്ക് കൂലി കൊടുക്കാനോ നെല്ലില്ല. ഈ രാജ്യത്തെ തൊഴിലാളികളെ തീററിപ്പോററുന്നതു് കൃഷിക്കാരാണെന്നു മനസ്സിലാക്കണം. കുട്ടനാട്ടിൽ ഇരുപ്പൂകൃഷി ചെയ്യണമെങ്കിൽ കുട്ടനാട്ടിലെ കർഷകരെ ഗവണ്മെൻറ് സഹായിക്കാതെ നിവൃത്തിയില്ല. ഒന്നു രണ്ടു കൊല്ലത്തേയ്ക്കു സഹകരണസംഘങ്ങൾ മുമ്പോട്ടു പോകും. അതു കഴിഞ്ഞാൽ അതും സസേമിരാ. കർഷകനു വിളവുനഷ്ടം ഉണ്ടായാൽ പണം ഉണ്ടാകുകയില്ല. കർഷകൻ കൃഷിവായ്പകൾ തിരിച്ചടച്ചില്ലെങ്കിൽ സംഘങ്ങൾ എന്തുചെയ്യും? കുട്ടനാട്ടിലെ കൃഷിയെപ്പററി പ്രത്യേകം മനസ്സിലാക്കിയാൽ മാത്രമെ എങ്ങനെയാണു ആ കൃഷി നടത്തുന്നതെന്നും അതിനുള്ള ചെലവു് എന്തെന്നും മററും മനസ്സിലാക്കാൻ ഒക്കുകയുള്ളു. നെൽകൃഷിയെ സംബന്ധിച്ചു മാത്രമല്ല ഞാൻ ഇതു പറയുന്നതു്. എല്ലാ കൃഷിയെ സംബന്ധിച്ചിടത്തോളവും അതിൻെറ കാര്യങ്ങൾ ശരിക്കു് ഗവണ്മെൻറും ഉദ്യോഗസ്ഥന്മാരും മനസ്സിലാക്കേണ്ടതാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുകയാണ് കുട്ടനാട്ടിലെ കൃഷിയെ ഒരു പ്രൊട്ടക്റ്റഡ് ഇൻഡസ്ട്രിയായി (Protected Industry) ഏറെറടുക്കുന്നതിനു് കേന്ദ്രഗവണ്മെൻറിൽ നിവേദനം നടത്തി പരമാവധി അതിലേയ്ക്കു് ശ്രമിക്കണമെന്ന്. ഗവണ്മെൻറു ചെറുതരം ട്രാക്ടേഴ്സു വാങ്ങി കൃഷിക്കാർക്ക് കടമായി കൊടുക്കണം. പുളിയിളക്കുന്നതിനു് വളരെ അധികം കക്കാ കൊടുക്കുന്നുണ്ട്. പക്ഷേ കൃഷിക്കാരനു് ഇതൊന്നും വാങ്ങാൻ പണമില്ല. വളവും കളപറിക്കലും മററും കടംവാങ്ങി കൃഷിചെയ്യുമ്പോൾ അവർക്കു് കക്കാ വാങ്ങാൻ പണം കാണുകയില്ല.

ഈ കൊല്ലം നിലങ്ങളിൽ പകുതി വേവിച്ച കക്കാ ഇടുന്നതിനു് പതിനായിരം ടൺ കക്കാ ഗവണ്മെൻറ് അനുവദിച്ചിരുന്നു. ഒരു ടൺ കക്കായ്ക്കു് 5 രൂപ സബ്സിഡിയും അനുവദിച്ചിരുന്നു. ഇതിൽ ഒരു ടൺ കക്കാ പോലും നിലത്തിൽ ഇട്ടിട്ടില്ല. ഗവണ്മെൻറ് അമ്പതിനായിരം രൂപ സബ്സിഡിയായി ഈ ഇനത്തിൽ ചെലവഴിച്ചു. കക്കാ സംഘത്തിനു് (കുമരകം) അൻപതിനായിരം രൂപ കിട്ടി. ഈ കക്കാ പിന്നീട് എവിടെ പോകുന്നു? കക്കാ നീററി കുമ്മായമാക്കി കച്ചവടംചെയ്യുന്ന ആളുകൾ കർഷകരെക്കൊണ്ട് അവരെക്കൊണ്ട് അപേക്ഷ കൊടുപ്പിച്ച് ഈ കക്കാ മുഴുവനും കരസ്ഥമാക്കുകയാണ് ചെയ്യുന്നതു്. കർഷകൻെറ കയ്യിൽ പണമില്ലാത്ത അവസരത്തിലാണ് ഈ വിതരണം. ആയതുകൊണ്ട് കക്കാ നിലത്തിൽ കർഷകൻ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കണമെങ്കിൽ കർഷകനു വായ്പയായി കക്കാ കൊടുക്കണം. അതിന്റെ വില തവണകളിലായി അടച്ചുകൊള്ളുന്നതാണ്. ഇങ്ങനെ വാട്ടുകക്കാ നിലങ്ങളിൽ വിതറിയാൽ പുളിയിളക്കം (acidity) മാറുന്നതാണ്. കൂടാതെ കുലവാട്ടത്തിന്റെ ഉപദ്രവം നിലങ്ങളിൽ ഉണ്ടാകുന്നതുമല്ല. ആയതിനാൽ നെൽകൃഷിയുടെ രക്ഷയ്ക്ക് അടുത്ത കൊല്ലംതന്നെ ഇരുപതിനായിരം ടൺ കക്കാ അനുവദിക്കണമെന്നും ആയതു കടമായി കർഷകനു നൽകണമെന്നും ഞാൻ ആവശ്യപ്പെടുന്നു. അടുത്ത കൊല്ലത്തിൽതന്നെ ഒററത്തവണയിലോ, രണ്ടു തവണകളിലോ തിരിച്ചു ഗവണ്മെൻറിനു കർഷകരിൽനിന്നും ഈ തുക ഈടാക്കാവുന്നതുമാണ്. ഇങ്ങനെ ആണ്ടുതോറും നിലങ്ങളിൽ കക്കാ വിതറുന്നതിനു കർഷകനു പ്രോത്സാഹനം ചെയ്യേണ്ടതാണ്.

ശ്രീ. എൻ. ഈ ബലറാം : നമ്മുടെ കൃഷിവകുപ്പിന്റെ പ്രവർത്തനം ഈ രാജ്യത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വളരെ ഏറെ സഹായകരമല്ലെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. എനിക്കു മുമ്പു പ്രസംഗിച്ച ശ്രീ. ബാലകൃഷ്ണമേനോൻ വളരെ വ്യക്തമായി ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. പലപ്പോഴും കൃഷി അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളകാര്യം പറയാറുണ്ടെങ്കിലും അതൊക്കെ മനസിൽ വച്ചു്പദ്ധതി ആവിഷ്കരിക്കുമ്പോൾ, വളരെയേറെ പണം ചെലവുചെയ്യാൻ കൊള്ളിക്കാറുണ്ടെങ്കിലും ഈ അടുത്തകാലത്തു് പ്രസിദ്ധപ്പെടുത്തിയ കൃഷിഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം പരിശോധിച്ചാൽ അതെല്ലാം വളരെ അധികം പരാജയപ്പെട്ടിരിക്കുകയാണെന്നു നമുക്കറിയാൻകഴിയും. ചില പട്ടികകൾ ശ്രീ. രാമൻകുട്ടി പറയുകയുണ്ടായി. ആഗ്രിക്കൾച്ചറൽ പ്രൊഡക്ഷനുമാത്രം ഏതാണ്ടു 14 കോടി 39 ലക്ഷം രൂപാ മൂന്നാം പദ്ധതിയിൽ ചെലവുചെയ്യാൻ നീക്കിവച്ചിട്ടുണ്ട്. മൂന്നാം പദ്ധതിയുടെ 4-ാമത്തെ വർഷത്തേക്കു കടക്കുകയാണ്. നാലാമത്തെ വർഷത്തിൽ ചെലവാക്കാൻ വളരെയേറെ തുക നീക്കിവച്ചിട്ടുണ്ട്. ആ തുക കൂടി ചെലവുചെയ്യാൽ 7 കോടി രൂപയോളമാണ് ചെലവുചെയ്യുന്നതു്. 14 കോടി 39 ലക്ഷം രൂപാ നീക്കിവച്ചിട്ടുള്ള ഒരുവകുപ്പു് നാലാം കൊല്ലത്തെ ചെലവുൾപ്പെടെ ചെലവു ചെയ്യുന്നതു് 6 കോടി 97 ലക്ഷം രൂപാ മാത്രമാണെന്നു കണക്കു കൂട്ടിയാൽ അറിയാം. 50 ശതമാനം പോലും നാലുവർഷം കൊണ്ടു ചെലവുചെയ്യാൻകഴിയാത്ത ഒരു സ്ഥിതിയാണ് നമ്മുടെ രാജ്യത്തുണ്ടാകാൻപോകുന്നതു്. ഇതുപറയുമ്പോൾ ഓരോ ഇനത്തിലും വെവ്വേറെ ചെലവു ചെയ്യുന്നകാര്യം പറയുന്നില്ല. എസ്റ്റിമേററു കമ്മിററി മദ്രാസിലെ പല സ്ഥലങ്ങളിലും പോയി നോക്കിയപ്പോൾ ഒരുകാര്യം ബോദ്ധ്യപ്പെട്ടു. ഏതാണ്ടു് ഇതുപോലുള്ള പ്രവർത്തനങ്ങളാണ് മദ്രാസ്സു് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്നതെങ്കിലും അവർ കൃഷിയുടെ കാര്യത്തിൽ നമ്മേക്കാളും അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു പറയുന്നതു് തക്കമെററ സംഗതിയാണ്. ഒരു ഉദാഹരണം പറയാം. ഏതാണ്ടു് 14 ലക്ഷം ഏക്കർ കൃഷിചെയ്യുന്ന തഞ്ചാവൂർ ജില്ലയിൽ 19 ലക്ഷത്തിൽ അധികം ഏക്കർ കൃഷിചെയ്യുന്ന കേരളത്തിലേക്കാളും കൂടുതൽ നെല്ലു് ഉൽപാദിപ്പിക്കപ്പെടുന്നുവെന്നു പറയുമ്പോൾ നാം എത്രമാത്രം ലജ്ജിക്കണമെന്നു ഓർത്തുപോകുന്നു. അവിടെ വെള്ളം കൊടുക്കാനും വളം വാങ്ങാൻ കൃത്യസമയത്തു വായ്പകൊടുക്കാനും കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും കൃഷിക്കാർക്കു വേണ്ട ഉപദേശം നൽകാനും സാധിക്കുന്നു എന്നുള്ളതാണ് ഉൽപാദനം വർദ്ധിക്കുന്നതിനു കാരണം. നമ്മെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളിലാണു പരാജയം. നമ്മുടെ ആ കെയുള്ള കൃഷിയുടെ നാലിലൊന്നുഭാഗത്തിനുപോലും ജലസേചന സൗകര്യം ലഭിച്ചിട്ടില്ല. നല്ലയിനം വിത്തുകളുടെ ഉപയോഗമാണെങ്കിൽ, പകുതി ഏക്കറെജിനുപോലും നല്ലയിനം വിത്തു കൊടുക്കാൻ നമുക്കു സാധിച്ചിട്ടില്ല. ഗവണ്മെൻറു് സീഡ്ഫാംസിൽനിന്നു സപ്ലൈചെയ്യുന്നതു് വളരെയേറെ പരിമിതമാണ്. രജിസ്റ്റേഡ് ഗ്രോവേഴ്സിൽനിന്നു ശേഖരിക്കുന്ന വിത്തു് ആണ് ഇവിടെ കിട്ടുന്നതു്. അതു സംബന്ധിച്ചു് ബ്ലോക്കുകളിലും ഡി. സി. സി. യിലും ആക്ഷേപം ഉണ്ടായിട്ടുണ്ട്. നല്ലതും ചീത്തയും ഇടകലർന്ന വിത്തായതുകൊണ്ടു് അതു കൃഷിക്കാർക്കു വാങ്ങാൻ വൈഷമ്യമുണ്ട്. അങ്ങനെ നല്ലയിനം വിത്തു് വിതരണംചെയ്യുന്നകാര്യത്തിലും നമുക്കു് വേണ്ടത്ര പുരോഗതി പ്രാപിക്കാൻ സാധിച്ചിട്ടില്ല. ഈ വകുപ്പിൽ ഏററവും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

പ്രധാനപ്പെട്ട ഇനം ആഗ്രിക്കൾച്ചറൽ റിസർച്ചാണു്. ഇതിനു നമ്മുടെ സംസ്ഥാനത്തു് ആകെ പദ്ധതിക്കാലത്തു ചെലവു ചെയ്യാൻ പോകുന്നതു് 40 ലക്ഷം രൂപയാണു്. മദ്രാസിൽ കൃഷി ഡിപ്പാർട്ടുമെൻറിനു നീക്കിവച്ചിട്ടുള്ളതിൽ ആറിലൊന്നു് റിസർച്ചിനു് നീക്കിവച്ചിട്ടുള്ളതായിട്ടാണു് മദ്രാസിലുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും അറിയാൻകഴിഞ്ഞതു്. അവിടെ റിസർച്ച് വളരെയേറെ പുരോഗതി പ്രാപിച്ചിട്ടുണ്ടു്. പല കാര്യങ്ങളിലും അവർ അതിൽ വളരെ യേറെ പുരോഗതി പ്രാപിച്ചിട്ടുണ്ടു്.

നമുക്കാണെങ്കിൽ ആകെയുള്ള തുകയിൽ മുപ്പത്തിഅഞ്ചിലൊന്നോ നാല്പതിലൊന്നോ ഭാഗമാണു് നീക്കിവച്ചിട്ടുള്ളതു്. ആക്കാര്യം പറയു
10 A. M. മ്പോൾ, സംഖ്യ നീക്കിവച്ചതിനെപ്പററി മാത്രമല്ല, നമ്മുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനു ഒരു സെൻട്രൽ റിസർച്ച് കൗൺസിൽ ഉണ്ടെങ്കിലും അതു യോഗം കൂടീട്ടില്ല. കാര്യമായി യാതൊന്നും തന്നെ ചെയ്തിട്ടില്ലാ എന്നു പറഞ്ഞാൽ നമ്മുടെ റിസർച്ചിൻെറ കാര്യക്ഷമതയും വേഗതയും എന്താണെന്നു് ഊഹിക്കാം. വാസ്തവത്തിൽ റിസർച്ച് കൗൺസിൽ ഉണ്ടെങ്കിലും അതിലേക്കു ഏതാനും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവിടെ ഡെവലപ്പ്മെൻറു വർക്ക്സ് ചെയ്യുന്നതിനുള്ള സൗകര്യമൊന്നുംതന്നെയില്ല. അതിനുള്ള അപ്പാരററസ് വേണ്ടത്രയില്ല. ഉദ്യോഗസ്ഥന്മാർ വേണ്ടത്രയില്ല. ഇതിലേക്കു ആകെ നീക്കിവച്ചിട്ടുള്ള തുക പറഞ്ഞാൽ അതു നാല്പതു ലക്ഷം രൂപയാണു്. റിസർച്ച് സെൻററുകളാണെങ്കിൽ നമുക്കു പത്തോ പതിനഞ്ചോ എണ്ണമുണ്ടു്. അപ്പോൾ റിസർച്ചിൻെറകാര്യത്തിൽ നാം വളരെ വളരെ പുറകോട്ടാണു പോകുന്നതു്.

നമ്മുടെ റിസർച്ചിൻെറകാര്യം പറയുമ്പോൾ നമ്മുടെ നഴ്സറീസിൻെറ കാര്യംകൂടി പരിശോധിക്കേണ്ടതുണ്ടു്. അരക്കനെട്ടു് നഴ്സറിയുടെ കാര്യം പറഞ്ഞാൽ നല്ലയിനം അരക്കനട്ടു തൈകൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതു് കാസർകോട്ടാണു് കാസർകോട്ടെ നല്ലയിനം വിത്തുകൾകൊണ്ടുണ്ടാക്കീട്ടുള്ള തൈകളാണു് ഏററവും നല്ലതെന്നു കൃഷിഡിപ്പാർട്ടുമെൻറുകാർക്കുതന്നെ അഭിപ്രായമുണ്ടു്. എന്നാൽ ഇപ്പോൾ അധികമായി കെട്ടഴിച്ചുവരുന്ന തൈകൾ കുന്നംകുളത്തുനിന്നും വാങ്ങി ഉണ്ടാക്കീട്ടുള്ള തൈകളാണു്. അതുകൊണ്ടു് ആ തൈകൾക്കു വേണ്ടത്ര ഗുണമില്ല. അതിനുകാരണം കൃഷി ഡിപ്പാർട്ടുമെൻറുകാർ പറയുന്നതു് തൈകൾ ഉണ്ടാക്കുതിനാവശ്യമായിട്ടുള്ള നട്സ് വാങ്ങുന്നതു ടെൻഡർ വിളിച്ചാണെന്നാണു്. അപ്പോൾ വില കുറഞ്ഞ നട്സ് വാങ്ങി തൈകൾ ഉണ്ടാക്കുകയാണു്. നമ്മുടെ റിസർച്ച് സെൻററിൻെറ കീഴിലുള്ള നഴ്സറിയിൽ കുന്നംകുളത്തുനിന്നും വാങ്ങീട്ടുള്ള നട്സ് കൊണ്ടു ഉണ്ടാക്കീട്ടുള്ള തൈകളാണു് ഇപ്പോൾ വിതരണം ചെയ്യുന്നതു്. അതു വേണ്ടത്ര ഗുണമുള്ളതല്ല. കാസർകോട്ടുനിന്നും നട്സ് വാങ്ങി തൈകൾ ഉണ്ടാക്കുകയാണെങ്കിൽ നല്ല ഗുണമുള്ളവയായിരിക്കുമെന്നുമാത്രമല്ല, ഓരോ ബഞ്ചിലും നൂറും അതിൽക്കൂടുതലും നട്സ് കാണുകയും ചെയ്യും. ഇങ്ങനെ ആഡിററു ഡിപ്പാർട്ടുമെൻറുകാരിൽനിന്നുമുള്ള ബുദ്ധിമുട്ടു ഉണ്ടാകുന്നതുകൊണ്ടു അവർ വിലകൂടിയാൽ ഒബ്ജക്ടു ചെയ്യുമെന്നുള്ളതുകൊണ്ടു് കുറഞ്ഞതരം നട്സ് ആണു് ഉപയോഗപ്പെടുത്തുന്നതു്. എന്നുപറഞ്ഞാൽ, നമ്മുടെ റിസർച്ചിൻെറ കഥ എന്താണെന്നു ഊഹിക്കാം. അങ്ങനെയാണെന്നുള്ള വസ്തുത നമ്മുടെ എസ്റ്റിമേററ്സ്കമ്മിററിതന്നെ അവരുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഈ വിത്തുകൾ എടുക്കാനുള്ള വൃക്ഷങ്ങൾ മാർക്കു ചെയ്തു അതിൽനിന്നും വിത്തുകൾ എടുത്തല്ലേ തൈകൾ ഉണ്ടാക്കുന്നതു്. അങ്ങനെയെല്ലാമാണല്ലോ കേട്ടിരുന്നതു്. ഇപ്പോൾ അങ്ങനെയല്ലേ നടക്കുന്നതു്?

ശ്രീ. എൻ. ഈ. ബലറാം: ഇപ്പോൾ ഏററവും കുറഞ്ഞ വിലയുള്ള നട്സ് വാങ്ങിക്കണം എന്നാണു് ആഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറിൽ നിന്നുമുള്ള അറിവു്. വിലക്കൂടുതലുള്ള നട്സ് പാടില്ലാ. ഇങ്ങനെയാണു് റിസർ

LIBRARY ARCHIVES Kerala Legislative Assembly

ച്ചിനെ സംബന്ധിച്ചിടത്തോളം അങ്ങേയററത്തെ സൗകര്യങ്ങളം ഇവിടെ ചെയ്തുകൊടുത്തിട്ടുള്ളതു്. നഴ്സറികളിൽ വിത്തിന്റെ കാര്യത്തിലായാലും ഇങ്ങനെയുള്ള ഏർപ്പാടുകളാണു്. നഴ്സറികളിൽ നിന്നും വിതരണംചെയ്യുന്നതിനുള്ള തൈകളം ഉണ്ടാക്കുന്നതിനു നല്ലവിത്തുകൾ തെരഞ്ഞെടുക്കണമെന്നും, അതിനെന്നെല്ലാം അസൗകര്യങ്ങളുണ്ടായാലും അതിന്റെ രീതിയെ ബാധിക്കാൻപാടില്ലാ എന്നും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. 1957—ലോ, 58-ലോ ആണു് അങ്ങനെ നിർദ്ദേശമുണ്ടായാരുന്നതു്. നമ്മുടെ സംസ്ഥാനത്തു അങ്ങനെ നടക്കുന്നില്ല

സർ, അതുപോലെ ലാൻഡു ഡെവലപ്പ്മെൻറിന്റെകാര്യത്തിൽമൂന്നുകോടി രൂപയാണു അതിലേക്കവേണ്ടി നീക്കിവച്ചിരുന്നതു്. അതിൽ ഒരുകോടി അറുപത്തിഒൻപതുലക്ഷം രൂപയാണു് ചെലവാക്കാൻ കഴിഞ്ഞിട്ടുള്ളതു്.

പാക്കേജ്പദ്ധതിയെപ്പററി രണ്ടുവാചകംകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. പാക്കേജ്പദ്ധതിയെപ്പററി ഇവിടെ പറഞ്ഞു. ഏതാണ്ടു ഒന്നരക്കോടിരൂപയാണു് ആലപ്പുഴയിലും പാലക്കാടു ജില്ലയിലും പാക്കേജ പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതു്. ഇന്നിപ്പോൾ നാലാമത്തെ കൊല്ലം ആരംഭിക്കാൻപോകുകയാണു്. ഇതുവരെ അതിലേക്കുവേണ്ടി ചെലവു ചെയ്യാൻ കഴിഞ്ഞതു് 51 ലക്ഷം രൂപയാണു്, ബാക്കി സംഖ്യ മുഴുവൻ ലാപ്സായിപോകുകയാണു്. അതിനെന്താണുകാരണം. ഇങ്ങനെ വളരെ ഏറെ പണം ചെലവുചെയ്യാത്തതിന്റെ കാരണം എന്താണെന്നു ചോദിച്ചാൽ നേരത്തേ പലരും ചൂണ്ടിക്കാണിച്ചതുപോലെ കൃഷിഡിപ്പാർട്ടുമെൻറിലെ പ്രവർത്തനങ്ങളെപ്പററി ആരും ശ്രദ്ധിക്കുന്നില്ല എന്നുള്ളതാണു് കാരണം. ആ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിലുള്ള അലസതയാണു് അതിനുള്ള കാരണം. അല്ലെങ്കിൽ ഇത്രയധികം കാർഷികോൽപ്പാദനം ഇവിടെ കുറയാൻ കാരണമില്ല. വളരെ കുറവാണു് ഇവിടത്തെ കാർഷികോൽപ്പാദനം. 1961–1962—ൽ കാർഷികോൽപ്പാദനം കുറവുവരാനുള്ള കാരണം വെള്ളപ്പൊക്കവും മററുമാണെന്നു പറഞ്ഞു. 1962—63—ൽ കാർഷികോൽപ്പാദന വർദ്ധനവുണ്ടായി എന്നു പറഞ്ഞു. അങ്ങനെ വർദ്ധനവുണ്ടാകാനുള്ള കാരണം ഞങ്ങൾ കണക്കു കൊണ്ടു കാണുന്നതു ഏതാണ്ടു് ഒന്നേകാൽ ലക്ഷം ഏക്കർഭൂമി കൂടുതലായിട്ടു കൃഷിചെയ്തിട്ടുള്ളതാണു്. അതു വളരെ വ്യക്തമാണു്. അപ്പോൾ നാം തുടങ്ങിയ ഇടത്തു തന്നെ നിൽക്കുന്നു എന്നും നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ലാ എന്നും വ്യക്തമാണു്. നമ്മുടെ നാട്ടിലെ മണ്ണിനെസംബന്ധിച്ചു പരിശോധന നടത്തി വേണ്ട വളം കൃഷിക്കാർക്കു കിട്ടുന്നതിനും, ജലസേചനപദ്ധതികൾ നടപ്പാക്കുന്നതിനും നല്ല ഇനം വിത്തുകിട്ടുന്നതിനും തക്കസമയത്തു ഡിപ്പാർട്ടുമെൻറു പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിയാതെയും നീക്കിവച്ച പണത്തിന്റെ കാൽഭാഗംപോലും ചെലവാക്കാൻ കഴിയാതെയുമാണിരിക്കുന്നതു്. ഇതിനുകാരണം, ഈ വകുപ്പിന്റെ മേൽനോട്ടം വഹിക്കുന്ന മന്ത്രിയുടെ അങ്ങേയററത്തെ അനാസ്ഥയും അലസതയും ആണു്. അതുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : മി. ചെയർമാൻ, നമ്മുടെ കാർഷികരംഗത്തേക്കുള്ള പ്രവർത്തനത്തിനു രണ്ടുകോടി അൻപത്തിമൂന്നുലക്ഷത്തിൽപരം രൂപയുടെ ഒരു ധനാഭ്യർത്ഥനയാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഭക്ഷ്യമേഖലയിൽ നാം 1963-64-ൽ വളരെ മുന്നോട്ടു പോയിട്ടുണ്ടു് എന്നെല്ലാം ആവർത്തിച്ചാവർത്തിച്ചു നമ്മുടെ ഭക്ഷ്യവകുപ്പുമന്ത്രി പ്രഖ്യാപിക്കുന്നുണ്ടെങ്കിലും സ്വതന്ത്രമായി ഈ രംഗത്തു നമ്മുടെ സ്ഥിതി എന്താണെന്നു മനസ്സിലാക്കണം. ഇന്നുതന്നെ പത്രത്തിൽ കാണുകയുണ്ടായി. അരിയുടെ വില വളരെ വർദ്ധിച്ചിട്ടുണ്ടെന്നു്. ചമ്പാഅരിക്കു് 50 രൂപയായി; അതു കൂടുതലാകാനുള്ള സാദ്ധ്യതയുണ്ടു്. പച്ചരിക്കു് 57 രൂപവരെ വിലകൂടിയിട്ടുണ്ടു്. അതിനുകാരണം, പ്രധാനമായും ആറിപ്പോർട്ടിൽനിന്നു കാണുന്നതു്, കേന്ദ്രഗവണ്മെൻറു് ബഡ്ജററു് അവതരിപ്പിച്ച അവസരത്തിൽ അരിയുടെ മേലുള്ള നിയന്ത്രണം കൂടുതൽ കർശനമാക്കാൻപോകുന്നു എന്നു സൂചന ഉണ്ടായിരുന്നതാണു്. അപ്പോൾ നമ്മുടെ കാർഷികരംഗത്തു നാം എത്രകണ്ടു് ആത്മാർത്ഥമായി പ്രവർത്തിച്ചു എന്നും, നമ്മുടെ രാജ്യത്തിനു സ്വയം പര്യാപ്തത നേടാൻവേണ്ടിയുള്ള സാദ്ധ്യത



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

വളരെ വളരെ കുറഞ്ഞു വരുന്നുണ്ട് എന്നും കാണാം. ഇതു ഈ വകുപ്പുമന്ത്രിയുടേയും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻെറയും അലസതകൊണ്ടോ, അനാസ്ഥകൊണ്ടോ ആണെന്നുപറയാൻ ഞാൻ തയ്യാറില്ല. ഈ വകുപ്പുമന്ത്രിക്കും ഡിപ്പാർട്ടുമെൻറു അധികാരികൾക്കും പ്രവർത്തിക്കുവാനുള്ള ആത്മാർത്ഥത ഉണ്ടെന്നു വരികിലും പല രംഗങ്ങളിലും അവരുടെ പ്രവർത്തനം മന്ദീഭവിച്ചുപോകുന്നുണ്ടെന്നു ഓർമ്മപ്പെടുത്താനാണ് ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നതു്.

സർ, ഭക്ഷ്യവിളവുകൾക്കും നാണ്യവിളവുകൾക്കും ഒരു ആസൂത്രിതപദ്ധതിയും വികസനപരിപാടിയും അനുസരിച്ച് ഈ രണ്ടു രംഗങ്ങളും കൂട്ടിയിണക്കിക്കൊണ്ടുപോയാൽമാത്രമേ നാം ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽ എത്തുന്നതിനും നമ്മുടെ പ്രവർത്തനം വിജയകരമായി നടത്തുന്നതിനും സാധിക്കയുള്ളു. നമ്മുടെ സംസ്ഥാനത്തുതന്നെ പത്തൊൻപതേകാൽ ലക്ഷത്തിലധികം ഏക്കർ ഭൂമി ഇന്നു നെൽകൃഷിക്കായി ഉപയോഗിച്ചുവരുന്നുണ്ട്. അതിൽ ആണ്ടുതോറുമുള്ള വിളവെന്താണ്? 1123 റാത്തൽ നെല്ലാണ്. നമ്മുടെ അയൽ സംസ്ഥാനമായ മദ്രാസുമായി താരതമ്യപ്പെടുത്തിയാൽ നാം ഈക്കാര്യത്തിൽ വളരെ പിന്നിലാണെന്നു കാണാൻ സാധിക്കും. എന്നാൽ മദ്രാസിൽ ഇറിഗേഷൻ ഫെസിലിററീസ് കുറവാണ്. ഇവിടെ അതു അധികമാണ്. മദ്രാസ് സംസ്ഥാനത്തെ മണ്ണും ഇവിടത്തെ മണ്ണും പരിശോധിച്ചുനോക്കിയാൽ നമ്മുടെ മണ്ണു വളരെ ഫലഭൂയിഷ്ഠമാണെന്നു കാണാം. പിന്നെ എന്തുകൊണ്ട് നമ്മുടെ വിളവിൻെറ തോതു വർദ്ധിക്കുന്നില്ലാ എന്നു പരിശോധിക്കേണ്ടതുണ്ട്. എനിക്ക് പ്രധാനമായും ഈക്കാര്യത്തിൽ പറയാനുള്ളതു ഇന്നു ശാസ്ത്രീയരീതിയിലുള്ള വളങ്ങൾ ഉപയോഗിക്കാൻ നാം പരിശ്രമിക്കുന്നു. ഈ രാജ്യത്തു് എഫ്. ഏ. സി. ടി. വളരെ അധികം പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നുണ്ട്. എന്നാൽ പച്ചിലവളത്തിൻെറ കാര്യം നാം തിരെ മറന്നുപോയിരിക്കുന്നു. നമ്മുടെ വനങ്ങൾക്കും കാടുകൾക്കും എല്ലാം കാർഷികരംഗത്തേക്കു പച്ചിലവളം ആവശ്യംപോലെ സപ്ലൈ ചെയ്യുന്നതിനു കഴിവുണ്ടെന്നുള്ളതു കേരളത്തെ സംബന്ധിച്ചിടത്തോളം മഹത്തായ ഒരു നേട്ടമായിരുന്നു. ആ ഒരു സാഹചര്യം നാം ശരിക്കു ഉപയോഗപ്പെടുത്താത്തതുകൊണ്ടാണോ, പച്ചിലവളം ഓരോ മണ്ണിൻേറയും സ്വഭാവത്തിനനുസരിച്ച് ഉപയോഗിക്കാത്തതുകൊണ്ടാണോ വിളവിൻെറതോതു് കുറയുന്നതു എന്നതിനെപ്പററി നാം അന്വേഷിക്കണം. റിസർച്ചിൻെറ കാര്യം ഇവിടെ പറഞ്ഞു. ഇവിടെ റിസർച്ച് സെൻററുകൾ ധാരാളമുണ്ട്. സർ, ഒരു സായിൽ ടെസ്റ്റിംഗ് ലാബറട്ടറി പാലക്കാട്ടജില്ലയിൽ ആരംഭിക്കുന്നതിനുള്ള ശ്രമമുണ്ടെന്നും അതിനു ബഡ്ജററിൽ വകയിരുത്തീട്ടുണ്ടെന്നും പറഞ്ഞു. പക്ഷെ, അതിൻെറ പ്രവർത്തനം കാര്യമായി മുന്നോട്ടു കൊണ്ടുപോകുന്നില്ല. നമ്മുടെ സംസ്ഥാനത്തു വെള്ളായണിയിൽ ഒരൊററ സായിൽ ടെസ്റ്റിംഗ് കേന്ദ്രമേയുള്ളു. അതുപോരാ നമ്മുടെ മണ്ണിൻെറ സമ്പത്തു ചൂഷണം ചെയ്യാൻ ആത്മാർത്ഥമായി പരിശോധിച്ചറിയുന്നതിനു ഈ വകുപ്പു മന്ത്രിയും വകുപ്പുമേധാവികളും പരിശ്രമം നടത്തേണ്ടതാണ്. പാലക്കാട്ടജില്ലയെ കേരളത്തിൻെറ നെൽപ്പത്തായമെന്നാണ് പറയുന്നതു്. അവിടത്തെ മണ്ണിനെ ചൂഷണം ചെയ്യാനുള്ള പരിശ്രമം അടിയന്തിരമായും നടത്തേണ്ടതാണ്.

സിസ്ട്രിക്ട്ഫാംസ് എന്നുള്ള ഇനത്തിൽ കുത്താളിയിൽ ഒരു അഗ്രികൾച്ചറൽ റിസർച്ചുഫാം ഉണ്ട്. ഈ ഫാം കുററ്യാടി അണക്കെട്ട് വരുന്നതോടുകൂടി വെള്ളത്തിനടിയിലായിപ്പോകും, അതിൻെറ ഏരിയായിൽപ്പെടും എന്നു കണ്ടു മൂന്നുകൊല്ലമായി അവിടെ പ്രവർത്തനം നടത്താതിരിക്കുകയാണ്. കഴിഞ്ഞകൊല്ലമാണ് അതു എവിടെ സ്ഥാപിക്കണമെന്നു തീരുമാനമായതു്. എന്നിട്ടും ആ ഫാറത്തിലേക്കാവശ്യമായ യാതൊരു പ്രവർത്തനവും ഈ ഒരു കൊല്ലക്കാലമായി നടത്തീട്ടില്ലാ എന്നുള്ള ഒരു പരാതി നിൽക്കുകയാണ്. ഈക്കാര്യത്തിൽ എന്തെങ്കിലും നമുക്കു ചെയ്യാൻ സാധിക്കുമോ എന്നു പരിശോധിക്കുകയും കുത്താളി ഫാം പ്രവർത്തനമാക്കുന്നതിനു ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യണമെന്നുള്ളകാര്യം ഗവണ്മെൻറിനെ ഉണർത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ പട്ടാമ്പിയിലാണ് ഒരു ഫാം ഉള്ളത്. പട്ടാമ്പിയിൽ കഴിഞ്ഞ കൊല്ലം ഉള്ളതിനേക്കാൾ മെച്ചപ്പെട്ടുവരുന്നുണ്ട്. ഏതായിരുന്നാലും ആവശ്യമുള്ളത്ര സീഡ്സ് ഉല്പാദിപ്പിക്കുവാൻ ഉള്ള പരിശ്രമം കൂടുതൽ നടത്തണം എന്നാണെനിക്ക് ഈയവസരത്തിൽ ഗവണ്മെൻറിനെ ഉണർത്തിക്കുവാനുള്ളത്.

സർ, ക്യാഷ് ക്രാപ്പ്സിൻെറ ഇനത്തിൽ പെട്ടതാണ് കശുഅണ്ടി. ഇപ്പോൾ കശുഅണ്ടി വിളയുന്ന സ്ഥലത്തു ഉണക്കു ബാധിച്ചുകൊണ്ടിരിക്കുകയാണ്. വളരെ അധികം സ്ഥലങ്ങളിൽ കഴിഞ്ഞ രണ്ടുകൊല്ലമായി ക്രാപ്പിംഗ് സീസണിൽ കരിച്ചിൽ വരുന്നുണ്ട്. എന്താണ് അങ്ങനെ വരുന്നത് എന്നു അറിയുന്നതിനുള്ള ശ്രമം നടത്തിക്കാണുന്നില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ആനക്കയത്തു ഒരു റിസർച്ച് സ്റ്റേഷൻ സ്ഥാപിക്കണമെന്നു പറഞ്ഞു. ഈ പദ്ധതി ഇന്നും പ്രാവർത്തികമായിട്ടില്ല.

<u>ശ്രീ. ഡി. ദാമോദരൻ പോററി:</u> ഇപ്പോൾ കൊട്ടാരക്കരെ ഒരു റിസർച്ച് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി:</u> കൊട്ടാരക്കരെയുള്ള റിസർച്ച് സ്റ്റേഷൻ മാത്രമേയുള്ളു. എന്നാൽ ഏറനാടു താലൂക്കിൽ നിന്നാണ് ഇപ്പോൾ കൊല്ലത്തേക്ക് ആവശ്യമുള്ള കശുഅണ്ടിയുടെ പകുതിഭാഗവും പോയിക്കൊണ്ടിരിക്കുന്നത്. അവിടെ ഇപ്പോൾ രണ്ടുകൊല്ലമായി കരിച്ചിലാണ്. അതുകൊണ്ട് അക്കാര്യത്തിൽ ഗവണ്മെൻറ് അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കണം. നമ്മുടെ രാജ്യത്തുള്ള 170-ലധികം ഫാക്ടറികളിൽ ആവശ്യമുള്ള കശുഅണ്ടിയിൽ പകുതിയിലധികം അവിടെനിന്നാണ് കയററി അയക്കുന്നത്.

നമ്മുടെ സംസ്ഥാനത്തു 160,000-ത്തിൽ പരം ടൺ കശുവണ്ടി ഉണ്ടാകുന്നുണ്ട്, കഴിഞ്ഞ രണ്ടുകൊല്ലത്തെ കണക്കു പരിശോധിച്ചാൽ ഉല്പാദനം കുറഞ്ഞുവരുന്നതായിട്ടാണു കാണാൻ കഴിയുന്നത്. ഈ സംസ്ഥാനത്തുണ്ടാകുന്ന കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ ഗവണ്മെൻറു ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഏക്കറിനു 100 രൂപവരെ കശുവണ്ടി ഉല്പാദനത്തിനു ലോൺ കൊടുക്കുന്ന ഒരു പരിപാടി ഇപ്പോൾ ഉണ്ട്. മറെറല്ലാ രംഗത്തും എന്നപോലെ ഈ രംഗത്തും ലോൺ കിട്ടുന്നതിനുള്ള വൈഷമ്യം ഉണ്ടാകുന്നുണ്ട്. ഈ വിഷമം പരിഹരിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

മറെറാന്നു് അരക്കനെട്ടിൻെറ ഡവലപ്പ്മെൻറിനെ സംബന്ധിച്ചാണു പറയാനുള്ളത് കേരളത്തിൽ, 1,40,000-ൽ പരം ഏക്കർ സ്ഥലത്തു അരക്കനെട്ടു കൃഷിചെയ്യുന്നുണ്ട്. ഇൻഡ്യയിൽ ആകെയുള്ള ഉല്പാദനത്തിൻെറ 50 ശതമാനം ഇവിടെ അരക്കനെട്ട് ഉല്പാദിപ്പിക്കുന്നുണ്ട്. ആ നിലക്കു് ഇന്നു അതിനു നൽകുന്ന പ്രോത്സാഹനം അർഹിക്കുന്നത്ര ആവുന്നുണ്ടോ എന്നു സംശയമാണ്. 5 ഏക്കർ ഒരു യൂണിററായിട്ടു കണക്കാക്കി 2500 രൂപയാണു ഇന്നു ലോൺ കൊടുക്കുന്നത്. അതു 5 ശതമാനം പലിശയോടുകൂടി രണ്ടാമത്തെ കൊല്ലം തൊട്ട് തിരിയെ കൊടുക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ കർഷകർക്ക് കടംകൊടുക്കുന്ന പദ്ധതികൾ വളരെയധികം വ്യവസ്ഥകളാൽ വരിഞ്ഞു കെട്ടിയിരിക്കുകയാണ്. വളരെ എളുപ്പത്തിൽ, കർഷകർക്ക് ആവശ്യമുള്ള സമയത്തു കടം വാങ്ങാൻ സാധിക്കാത്ത വ്യവസ്ഥകളാണുള്ളത്. കടം ആവശ്യമുള്ള സമയത്തു കിട്ടുന്നതിനു പര്യാപ്തമായ നിലയിൽ നിയമത്തിൽ അയവു വരുത്താൻ ഗവണ്മെൻറു ശ്രമിച്ചാൽ കൊള്ളാം.

<u>ശ്രീ. ഈ. പി. പൗലോസ് :</u> ഇപ്പോഴുള്ള ഏതു വ്യവസ്ഥയിലാണ് അയവു വരുത്തേണ്ടതു് ?

<u>ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി :</u> ഇന്നു് ബ്ലാക്കു നിലവാരത്തിലും, കളക്ടറേററിലും കൃഷിക്കാർക്കു കാർഷിക വായ്പ വാങ്ങാൻ വലിയ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. ആവശ്യമായ പ്രമാണങ്ങൾ കൊടുത്താൽ, മററു റിക്കാർഡുകൾ സ്വീകരിക്കപ്പെടാൻ സാധാരണ കർഷകർ ഇന്നു വിഷമിക്കുന്നുണ്ട്. അവർക്ക് ഈ കടം സൗജന്യമായി കൊടുക്കുന്നതല്ല. മടക്കി കൊടുക്കേണ്ടതാണ്. അതു ആവശ്യമുള്ളപ്പോൾ കിട്ടത്തക്ക ഏർപ്പാടു ചെയ്യേണ്ടതാണ്. കർശനമായ വ്യവസ്ഥകൾ ഇന്നുള്ളതു പരിശോധിച്ച് വേഗം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

ലോൺ കിട്ടുന്നതിനുള്ള വ്യവസ്ഥ ചെയ്യണം. അതു സംബന്ധിച്ച ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നു വിശദമായി ഞാൻ എഴുതി തരാം.

അതുപോലെതന്നെയാണു നാളീകേരോല്പാദനത്തിന്റെയും കാര്യം. പലപ്പോഴും കാർഷിക സഹകരണസംഘങ്ങൾ മുഖേനയാണ് രാസവളങ്ങൾ തെങ്ങുകൃഷിക്കു നൽകുന്നതു്. അതിനു് 5 ശതമാനം മുതൽ ഏട്ടേമുക്കാൽ ശതമാനംവരെ പലിശ കൊടുക്കേണ്ടിവരുന്നു. ആ വിവരം എസ്റ്റിമേററുകമ്മിററിയുടെ റിപ്പോർട്ടിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. നമ്മുടെ നാട്ടിലെ, കാർഷിരംഗത്തെ സഹകരണസംഘങ്ങൾ ഏട്ടേമുക്കാൽ ശതമാനം പലിശ വാങ്ങുക എന്നു പറയുന്നതു് ഒരു വലിയ ഗതികേടാണെന്നു പറയാതെ നിവൃത്തിയില്ല. ഈ പലിശയുടെകാര്യം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം പരിശോധിക്കേണ്ടതാണു്. കമുകു കൃഷികാരിൽനിന്നും വലിയ പലിശ ഈടാക്കുന്ന ഒരു വഴക്കമാണ് ഇന്നുള്ളതു്. കൃഷിക്കാരെ ചൂഷണം ചെയ്യുന്ന ഈ പതിവു് അവസാനിപ്പിക്കേണ്ടതാണു്. അങ്ങനെയൊരു നിലവാരത്തിലേക്കു സഹകരണപ്രസ്ഥാനം നീങ്ങുന്നതു ശരിയല്ലെന്നു മാത്രമേ എനിക്കു അതിനെസംബന്ധിച്ചു പറയാനുള്ളു.

സർ, നെല്ലുല്പാദിപ്പിക്കാൻ തീരുമാനിച്ച സ്ഥലം ശരിയായ നിലയിൽ നെൽകൃഷിക്കു് പററിയതല്ലെങ്കിൽ അവിടെ ക്യാഷ്ക്രോപ്സ് ഉൽപാദിപ്പിക്കാൻ സാധിക്കുമോ എന്നു പരിശോധിക്കണമെന്നു് ലോകനാഥൻ കമ്മിററി റിപ്പോർട്ടിൽ പറയുന്നുണ്ടു്. നമ്മുടെ ലാൻഡ്യൂട്ടിലൈസേഷൻ ആക്ററു പ്രകാരം അതു സാധിക്കാതെയാണിരിക്കുന്നതു്. വില്ലേജാഫീസറന്മാർ അങ്ങനെ മററുതരത്തിൽ ഭൂമി ഉപയോഗിക്കുന്നതിൽനിന്നു കർഷകരെ പിൻതിരിപ്പിച്ചുകൊണ്ടിരിക്കുകയാണു്. നെൽകൃഷിക്കായി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ചില സ്ഥലങ്ങൾ എന്തെല്ലാം വളംചെയ്താലും നെൽകൃഷി ചെയ്യാൻ പററിയതായി കാണുന്നില്ല. അങ്ങനെയുള്ള സ്ഥലത്തു് കമുകോ മററു ക്യാഷ്ക്രോപ്പുകളോ ഉൽപാദിപ്പിക്കാൻ ലോകനാഥൻ കമ്മിററി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഒരു പരിശ്രമം നടത്തേണ്ടതാണു്. ഇത്തരം സ്ഥലങ്ങൾ ക്യാഷ്ക്രോപ്പു് ഉൽപാദിപ്പിക്കുന്നതിനു് വിനിയോഗിക്കുന്നതിൽ നിന്നു വില്ലേജുദ്യോഗസ്ഥന്മാർ കർഷകരെ തടയരുതെന്നു പ്രത്യേകം നിഷ്കർഷിക്കുന്നതു നന്നായിരിക്കും.

സർ, മറെറാന്നു് എനിക്കു പറയാനുള്ളതു് ഇറിഗേഷനെ സംബന്ധിച്ചാണു്. നമ്മുടെ നാട്ടിലെ കൃഷിക്കു് ഇറിഗേഷൻ സൗകര്യങ്ങൾ ഇന്നു വളരെ കുറവാണു്. ഈ വകുപ്പു രണ്ടും ഒരേ മന്ത്രിയുടെ ചുമതലയിലാണു്. പരിമിതമായ ഇറിഗേഷൻ സൗകര്യങ്ങൾ ഉപയോഗിച്ചു് ഉള്ള വെള്ളം, ആവശ്യമായ വിധത്തിൽ ഉപയോഗിക്കാനുള്ള പരിശ്രമം നടത്തുമ്പോൾ പലവിധത്തിലും നമുക്കു് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടു്. എന്റെ താലൂക്കിൽ താരതമ്യേന ഇറിഗേഷൻ സൗകര്യങ്ങൾ വളരെ കുറവാണു്. അവിടെ ലിഫ്ററു ഇറിഗേഷനുള്ള സൗകര്യം നൽകണമെന്നു പല പ്രാവശ്യം ഇവിടെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണു്. വെള്ളം പമ്പുചെയ്യുന്നതിനുള്ള ഏർപ്പാടുചെയ്യാൻ ആവശ്യപ്പെട്ടു. ഇലക്ട്രിസിററി അപ്പുറത്തുനിന്നു് ഇങ്ങോട്ടു കണക്ഷൻ കിട്ടാതെ സാധിക്കുന്നില്ല. അതിനുവേണ്ട മെഷനറി എല്ലാം തയ്യാറായിരിക്കുകയാണു്. നിസ്സാരമായി ഒരു കരടു തടഞ്ഞാൽ മുഴുവൻ സ്കീമിന്റെയും പ്രവർത്തനം നിന്നുപ്പോകുന്നു. എന്താണു് തകരാറെന്നു പരിശോധിക്കണം. ഈ കൊല്ലവും ആവശ്യമായ സമയത്തു് വെള്ളം കിട്ടാൻ സാധ്യമല്ലാത്ത ഒരു അവസ്ഥ വന്നുചേരുമെന്നാണു് കാണുന്നതു്. ഈ പദ്ധതികൾക്കു് ആളുകൾ സൗജന്യമായി സ്ഥലം കൊടുക്കും. സമയത്തു് പദ്ധതി ആരംഭിക്കാതെ, സ്ഥലത്തിനു് നികുതികൂടി കൊടുക്കേണ്ട സ്ഥിതിയാണു വസ്തു ഉടമകൾക്കു വന്നുചേരുന്നതു്. അതുമൂലം വിട്ടുകൊടുക്കുന്ന സ്ഥലം തിരിച്ചെടുക്കുകയാണു്. പദ്ധതികൾ ജനങ്ങൾക്കു സഹായകമല്ലാത്ത നിലയിൽ നീങ്ങുകയല്ലേ എന്നു സംശയിക്കേണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം റൂൾ 61 അനുസരിച്ചു് നെൽകൃഷി ഉണങ്ങിപ്പോകുന്ന കാര്യം ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. അങ്ങനെയുള്ള അനുഭവങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിൽ പല സ്ഥലത്തും ഉണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ, ആവശ്യമുള്ള തുക വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് അധികാരം ഉണ്ടായിരിക്കണം. അങ്ങനെ ആവശ്യമായ സന്ദർഭത്തിൽ തുക വിനിയോഗിക്കാൻ ജില്ല നിലവാരത്തിലുള്ള ഉദ്യോഗസ്ഥന്മാർക്ക് അധികാരം ഇല്ലാത്തതുകൊണ്ടാണ് പലപ്പോഴും ഈ വിഷമം നേരിടുന്നത്. ഞാൻ ഉന്നയിച്ച പ്രശ്നത്തിന് മന്ത്രി മറുപടി പറഞ്ഞത് ഉടനെ നടപടി എടുക്കാമെന്നായിരുന്നു. ഞാൻ കഴിഞ്ഞ ശനിയാഴ്ച സ്ഥലത്തു പോയിരുന്നു. പമ്പുകൊണ്ടുവന്നിട്ടുണ്ടെങ്കിലും ഇനിയും വെള്ളം പമ്പുചെയ്തിട്ടില്ല. ഈ രംഗത്തു പ്രവർത്തിക്കാൻ ജില്ലാ നിലവാരത്തിലുള്ള ഉദ്യോഗസ്ഥന്മാർക്ക് പെട്ടെന്നു ചെലവുചെയ്യാൻ ഒരു തുക അനുവദിക്കേണ്ടതാണ്. ലംപ്സം ആയിട്ട് ഒരു തുക ഈ ആവശ്യത്തിന് നീക്കിവയ്ക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ രംഗത്തു ഇന്നു കാണുന്ന കോട്ടങ്ങൾ നികത്താൻ വകുപ്പു മന്ത്രിയും, വകുപ്പുദ്യോഗസ്ഥന്മാരും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണുചെയ്യുന്നത്. എന്റെ സ്നേഹിതൻ ശ്രീ. തോമസ്സ് ജോൺ ചെയ്തതുപോലെ സംസ്കാരസമ്പന്നമായ ഒരു പ്രസംഗത്തിനല്ല എന്റെ ഉദ്ദേശം. ഞാൻ ഉദ്ദേശിക്കുന്നത് ഈ രാജ്യത്തെ നെൽകൃഷിയെപ്പററി ഏതാനും കാര്യങ്ങൾ പറയാമെന്നാണ്.

സർ, 1961—62—ൽ വെള്ളപ്പൊക്കംമൂലം ഇവിടെ കൃഷിനശിച്ചതായി ഗവൺമെൻറു പറയുന്നു. 1962-63—ൽ ഉദ്ദേശിച്ചതുപോലെ ഇവിടെ വെള്ളപ്പൊക്കമുണ്ടായില്ല, വറൾച്ച ഉണ്ടായി എന്നിരുന്നാലും 88000ടൺ അരികൂടുതൽ ഉല്പാദിപ്പിച്ചതായും പറഞ്ഞു. 1963—64—ലെ കണക്ക് ഇതുവരെയും പുറത്തായിട്ടില്ല. എന്താണ് ഈ വൈരുദ്ധ്യത്തിനു കാരണം ? ഗവൺമെൻറ് ഈ കാര്യം പ്രത്യേകം ചിന്തിക്കണമെന്നു ഞാൻ ഉൽബോധിപ്പിക്കുകയാണ്. കേരളത്തിന്റെ തെക്കേ അററമായ പാറശ്ശാല മുതൽ വടക്കു കാസർകോടുവരെ ഏതാണ്ട് 370—ഓ 375—ഓ മൈൽ നീളമുണ്ടെന്നു തോന്നുന്നു, ഇത്രയും സ്ഥലത്ത് 41 നദികളുണ്ട്. അതായത് ശരാശരി ഒൻപതു നാഴികയ്ക്ക് ഒരു നദിയുണ്ട്. ഇത്രവളരെ നദികൾ ഉള്ള ഈ സംസ്ഥാനത്ത് വറൾച്ച എങ്ങനെയുണ്ടായി ? 27 ലക്ഷത്തിൽ ചില്വാനം ഏക്കർ വനഭൂമി നമുക്കുണ്ട്. ഈ രാജ്യത്തു വളരെയധികം പ്രോജക്ടുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ വെള്ളപ്പൊക്കം ഉണ്ടാകാൻ കാരണമെന്താണെന്നു ഗവൺമെൻറു പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ ? ഈ കാര്യത്തെപ്പററി ഗവൺമെൻറു അവഗാഹം പരിശോധിക്കേണ്ടതാണ്. അതിനു പ്രധാനമായ കാരണം, നമ്മുടെ മലകൾ വെട്ടിത്തെളിച്ചതിന്റെ ഫലമായിട്ടു നമ്മുടെ നദികളും, അരുവികളും ഉണങ്ങിപ്പോയതാണ്. മലവെട്ടിത്തെളിക്കുന്നതുമൂലം നദികളിൽ മണ്ണിടിഞ്ഞ് മഴക്കാലമാകുമ്പോൾ നദികളിൽ വെള്ളപ്പൊക്കമുണ്ടാകുന്നു. ഈ കാര്യം ഗവൺമെൻറു വളരെ കണിശമായിട്ടു പരിശോധിക്കണമെന്ന് എനിക്കു വിനീതമായ ഒരു അപേക്ഷയുണ്ട്. വിദഗ്ദ്ധമായ ഒരു പരിശോധനനടത്തിയാൽഗവൺമെൻറിന് മനസ്സിലാകും, വനം വെട്ടി നശിപ്പിക്കുന്നതുമൂലം ഈ രാജ്യം അപകടകരമായ ഒരു അവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന്. ഈ സംരംഭത്തെത്തടയേണ്ടത്, ഇതിനൊരു വിരാമം ഇടേണ്ടത് വളരെ ആവശ്യമാണെന്നു ഗവൺമെൻറു മനസ്സിലാക്കേണ്ടതാണ്.

സർ, എന്തായാലും ഗവൺമെൻറു കൃഷിസംബന്ധിച്ച് വളരെയൊക്കെ ചെയ്തിട്ടുണ്ടെന്നു കാണാം. ഇപ്പോൾ 19 ലക്ഷം ഏക്കർ സ്ഥലംമാത്രമേ നെൽകൃഷിക്കുവേണ്ടി നെൽപ്പാടങ്ങളായിട്ടുള്ളു. ഇതു ഒരുപ്പൂവും ഇരുപ്പൂവും മുപ്പൂവും കൂടിചേർന്നതാണ്. 19 ലക്ഷം ഏക്കർ ഭൂമിയിൽനിന്നും 11.3 ടൺ അരി ഇന്ന് ഉല്പാദിപ്പിക്കുന്നു. 1949-ൽ 5.62 ലക്ഷം ടൺ ആയിരുന്നത് ഇന്ന് 11.3 ലക്ഷം ടൺ അരിയായി ഉല്പാദനം ഉയർത്തിയിട്ടുള്ളത് ഗവൺമെൻറിനു അഭിമാനിക്കുവാൻ വകനൽകുന്നുണ്ട്.

സർ, ഇവിടെ 13 വൻകിടയും ഇടത്തരവുമായ ജലസേചനപദ്ധതികൾ പൂർത്തിയായിട്ടുണ്ട്. ഈ 13 പദ്ധതികൾമൂലം 3,93,340 ഏക്കർ സ്ഥലം



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള]

കൃഷിക്ക് ഉപയുക്തമായിത്തീർന്നിട്ടുണ്ട്. 5 ജലസേചന പദ്ധതികൾ ഇന്നു നടന്നുകൊണ്ടിരിക്കുന്നു. ആ പദ്ധതികൾ പൂർത്തിയായാൽ 1,60,000 ഏക്കർ സ്ഥലം ബെനിഫിററഡ് ഏരിയാ ആയിത്തീരും. സർ, ഈ കൂട്ടത്തിൽ കല്ലട പദ്ധതി എന്തുകൊണ്ടു വിട്ടിരിക്കുന്നു എന്നു മനസ്സിലാകുന്നില്ല. പമ്പാ പോലുള്ള 5 പദ്ധതികൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ എത്ര ആയിരം ഏക്കർ സ്ഥലം കൃഷി യോഗ്യമായിത്തീരുമോ, അത്രയും സ്ഥലം കല്ലട പദ്ധതികൊണ്ടുമാത്രം കൃഷി ചെയ്യാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. അതുമാത്രമല്ല, അഷ്ടമുടി ക്കായലിലെ ഉപ്പ് കയറുന്ന നിലങ്ങളിലെ പുളി നീക്കാനും, പത്തനാപുരം, കൊട്ടാരക്കര, കുന്നത്തൂർ, മാവേലിക്കര, കരുനാഗപ്പള്ളി ഇത്രയും താലൂക്കുകൾക്ക വെള്ളം കൊടുക്കാനും കല്ലടപദ്ധതിമൂലം സാധിക്കും. മാത്രമല്ല, കല്ലടപദ്ധതി യുടെ മറെറാരു നേട്ടമായി കരുതുന്നതു് പന്തളത്തു് ആരംഭിച്ചിരിക്കുന്ന ഷുഗർ ഫാക്ടറിയുടെ പ്രവർത്തനം വിജയകരമാക്കാൻ സാധിക്കുമെന്നുള്ളതാണ്. പന്തളം ഷുഗർ ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആവശ്യമുള്ള കരിമ്പ് ഉല്പാദിപ്പിക്കുവാൻ കല്ലട പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ സാധി ക്കുകയുള്ളു. മുഴുവൻ കാലവും ഫാക്ടറി പ്രവർത്തിപ്പിക്കാനുള്ള കരിമ്പു കൃഷിനട ത്താൻ കഴിവുണ്ടാക്കണം. കരിമ്പുകൃഷിക്കു ധാരാളം വെള്ളംവേണം. കല്ലട പദ്ധതിനടപ്പായാൽ അവിടെ കൂടുതൽ കരിമ്പുകൃഷിക്കു സാധ്യതയുണ്ട്. ആ നിലയിൽ അവിടെ എഴുപത്തീരായിരം കുടുംബങ്ങൾക്കു അതുകൊണ്ടു ജീവി ക്കാൻ കഴിയുമായിരുന്നു. പമ്പാ റിവർ ഷുഗർ ഫാക്ടറിയിൽ 600 ടൺ കരിമ്പാണ് പ്രതിദിനം ആട്ടുന്നതു്. അതുമൂലം ഏതാണ്ട് അൻപത്തീരായിരം കുടുംബങ്ങൾ കരിമ്പുകൃഷികൊണ്ട് ജീവിക്കുന്നുണ്ട്. 600 ടൺ കരിമ്പുകൃഷി ചെയ്യാൻ സാധിക്കുന്ന പമ്പാ ഫാക്ടറിമൂലം 52000-ൽപരം കുടുംബങ്ങൾക്ക ജീവിതമാർഗ്ഗമുണ്ടായാൽ, ഏതാണ്ട് 1000 ടൺ കരിമ്പു പ്രതിദിനം കൃഷി ചെയ്യാൻ സാധിക്കുന്ന പന്തളം ഷുഗർ മില്ലിനെ ആശ്രയിച്ച് 72000 കുടുംബ ങ്ങൾക്കു ജീവിക്കാൻ സാധിക്കും. അത്രമാത്രം പ്രയോജനകരമായ കല്ലട പ്രോജക്ടിനെപ്പററി ഗവണ്മെൻറു പ്രത്യേകം പരിഗണിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ വിനയപൂർവ്വം അപേക്ഷിക്കാനുള്ളതു്.

സർ, ഇവിടെ മൈനർ ഇറിഗേഷനും, ലിഫ്ററ് ഇറിഗേഷനും വളരെ അധികം പ്രവർത്തിക്കുന്നുണ്ട്. അച്ചൻകോവിൽ, പമ്പാ, മണിമല, മൂവാററുപുഴ, പെരിയാറ്, ചാലക്കുടി എന്നീ നദികളുടെ തീരങ്ങളിലെല്ലാം ലിഫ്ററു ഇറിഗേഷൻ പ്രവർത്തനം നടക്കുന്നുണ്ട്. മൈനർ ഇറിഗേഷനും ലിഫ്ററ് ഇറിഗേഷനും ഈ രാജ്യത്തു് എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്നും അതുമൂലം എത്രമാത്രം സ്ഥലത്തിനു പ്രയോജനമുണ്ടെന്നും ഗവണ്മെൻറു പരിശോധിച്ചി ട്ടുണ്ടോ ? കൂടുതൽ പ്രയോജനമുള്ള ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുവാൻ പരിശ്രമിക്കണം. ശ്രീ. ഹാജി ഇവിടെ സൂചിപ്പിക്കുകയുണ്ടായി, മലബാർ പ്രദേശത്തെ ഈ കാര്യത്തിൽ അവഗണിച്ചിരിക്കുന്നുവെന്ന്. മലബാറിനെ അവഗണിക്കുന്നു എന്നു പറയുന്നതിനോട് അത്ര യോജിക്കാൻ നിവൃത്തിയില്ല. എന്നാൽ, കാർഷികമായി മലബാറിൻെറ കാര്യത്തിൽ ഗവണ്മെൻറു വേണ്ടതു പോലെ ശ്രദ്ധിക്കുന്നുണ്ടോ എന്നകാര്യം സംശയമാണ്. മലബാറിനെ സംബ ന്ധിച്ചിടത്തോളം, ഉദ്യോഗവിതരണത്തിലാണ് അവഗണനയുള്ളതായി ശ്രീ. നാരായണക്കുറുപ്പും മററും ചൂണ്ടിക്കാണിക്കാറുള്ളതു്. കൃഷിയെസംബന്ധിച്ച കാര്യങ്ങൾ അധികമാരും പറഞ്ഞു കേട്ടിട്ടില്ല. അടുത്തകാലത്തു ഞാൻ കാര്യ വശാൽ മലബാറിൽ പോയിരുന്നപ്പോൾ, താനൂർ മുതലായ പ്രദേശങ്ങൾ കാണാൻ ഇടയായി. അനേകായിരം ഏക്കർ സ്ഥലം, നമ്മുടെ ഓണാട്ടുകര പ്രദേശത്തെപ്പോലെ രണ്ടും, മൂന്നും പൂവു കൃഷിചെയ്തു ഇരുപതു മേനിവരെ ഉല്പാ ദിപ്പിക്കാവുന്ന സ്ഥലം കിടക്കുന്നതു കണ്ടു. അവർ വളരെ അഭിമാനത്തോടുകൂടി പറയുന്നതു്, പത്തു മേനി വിളയിക്കാമെന്നാണ്. ജലസേചന സൗകര്യം നൽകിയാൽ, ട്യൂബു വെൽസോ മറേറാ ഉണ്ടാക്കി ആവശ്യമായ ജലസേചന സൗകര്യം നൽകിയാൽ, മലബാറിലെ അനേകായിരം ഏക്കർ സ്ഥലം കൃഷി ചെയ്തു നല്ല ഒന്നാംതരം നെൽപ്പാടങ്ങളായി മാററാൻ കഴിയുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ കൂട്ടത്തിൽ എനിക്ക് ഏതാനും ചില പദ്ധതികൾ ഗവണ്മെന്റിന്റെ മുമ്പിൽ വയ്ക്കുവാനുണ്ട്. ഗവണ്മെന്റിന്റെ സത്വരമായ പരിഗണനയ്ക്കുവേണ്ടി ഞാൻ ഈ പദ്ധതികൾ ഇതിനു മുമ്പുതന്നെ സമർപ്പിച്ചിരുന്നതാണ്. ആ പദ്ധതികൾ സമർപ്പിക്കുന്നതിനു മുമ്പായിട്ട് എന്റെ സ്നേഹിതൻ മി. തോമസ് ജോൺ പറഞ്ഞ കലവാട്ടം എന്ന സുഖക്കേടിനെപ്പററി എനിക്കു രണ്ടു വാക്കു പറയുവാനുണ്ട്. കലവാട്ടം എന്ന സുഖക്കേടിനുള്ള പ്രധാന കാരണം അമിതവും അനിയന്ത്രിതവുമായ രാസവളപ്രയോഗമാണ്. അമിതവും അനിയന്ത്രിതവുമായ രാസവളം ഉപയോഗിക്കുമ്പോൾ മണ്ണിന്റെ ഘടനതന്നെ മാറും. ഇങ്ങനെ ഘടന മാറുന്നതുകൊണ്ട് പല കുഴപ്പങ്ങളും ഉണ്ടാകും. കലവാട്ടം മാത്രമല്ല ഈ രാജ്യത്തു കാണുന്ന കൃഷിസംബന്ധമായ സകല കുഴപ്പങ്ങൾക്കും കാരണം ഈ അമിതവും അനിയന്ത്രിതവുമായ രാസവളങ്ങളുടെ ഉപയോഗമാണ്. അതിനു പരിഹാരമായിട്ടുള്ള പച്ചില വളം ധാരാളം ഉപയോഗിക്കുകയും, സൂപ്പർ കംപോസ്ററുവളം നിരന്തരം പ്രയോഗിക്കുകയുമാണ്. സൂപ്പർ കംപോസ്ററുവളത്തിൽ നൈട്രജനും ഫോസ്ഫേററും ഉണ്ട്. മററു രാസവളങ്ങൾ വാങ്ങുന്നതിന്റെ വിലയുമായി തട്ടിച്ചുനോക്കുകയാണെങ്കിൽ ഇതു വളരെയധികം ലാഭകരമാണെന്നു കാണാൻ കഴിയും. അതോടുകൂടി മണ്ണിൽ അലിഞ്ഞുചേരുന്ന ശീമക്കൊന്ന തുടങ്ങിയ പച്ചിലവളങ്ങളും ധാരാളം ചേർക്കണം. മണ്ണിൽ പച്ചിലവളം ധാരാളം ചേർക്കുകയാണെങ്കിൽ, അതിന്റെ വീര്യം നഷ്ടപ്പെടാതെ നിലനിർത്തുമെന്നാണ് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്. ഇത്ര മാത്രമേ അതേപ്പററി ഈ അവസരത്തിൽ ഗവണ്മെന്റിനോടു പറയാനുള്ളു.

പാറശ്ശാല മുതൽ ഈ കേരളം ഒട്ടാകെ നടത്തേണ്ട ചില പദ്ധതികളെ സംബന്ധിച്ചാണ് ഇനി ഞാൻ പറയണമെന്നു വിചാരിക്കുന്നതു്. വെങ്ങാനൂർ പ്രദേശത്തുള്ള 4000 ഏക്കർ നിലത്തിലെ കൃഷിയെ അപകടത്തിൽ ആക്കുന്ന ഒരു തോടുണ്ട്. അതിലെ വെള്ളം കടലിലേക്ക് തള്ളിവിടുന്നതിന് ഒരു ഔട്ട്ലെററ് ഇല്ല. ഔട്ട്ലെററ് ഇല്ലാത്തതു കാരണം മടവീഴ്ച നിത്യസംഭവമായി വന്നിരിക്കുകയാണ്. അതുപോലെ തിരുവനന്തപുരം ടൗണിനടുത്തു ആക്കുളം എന്ന സ്ഥലത്തു് ആയിരത്തിൽ ചില്വാനം പറ നിലം നല്ല നെല്ലു വിളഞ്ഞുകൊണ്ടിരിക്കുന്ന പ്രദേശമാണ്. അവിടെ ഉണ്ടാകുന്ന വെള്ളത്തട്ടുകാരണം കൃഷി നശിച്ചുവരികയാണ്. അവിടെ ഒരു ബണ്ടു കെട്ടി രണ്ടാമതു കൃഷിചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അതുപോലെ പരവൂർ കായൽപ്രദേശങ്ങളിൽ ഇത്തിക്കരയാററിൽ വെള്ളം പൊങ്ങുന്ന അവസരത്തിൽ ആ പ്രദേശം വെള്ളത്തിൽ ആണ്ടുപോകുന്നു. ഈ വെള്ളം കടലിലേക്ക് വിടുന്നതിനുവേണ്ടി ഒരു സ്പിൽവേ ഉണ്ടാക്കണം. കല്ലട പ്രദേശത്തെപ്പററി പറയുകയുണ്ടായി. കുട്ടനാട്ട് ഒരുലക്ഷത്തി ഇരുപത്തിഒരായിരം ഏക്കർ സ്ഥലം കൃഷിസ്ഥലമായിട്ടുണ്ട്. അതിൽ അറുപതു ലക്ഷം രൂപയിലധികം ചെലവുചെയ്ത് ഒരു സ്പിൽവേ ഉണ്ടാക്കിയിട്ടുണ്ട്. അതു പ്രവർത്തനക്ഷമമാകാതിരിക്കുന്നതുകൊണ്ട് അത്രയും കൃഷിസ്ഥലങ്ങൾ വെള്ളപ്പൊക്കംമൂലമുള്ള അപകടത്തിലേക്കു പോകുകയാണ്. സ്പിൽവേയിൽ കൂടി വെള്ളം കടലിലേക്ക് തക്ക സമയത്തു് പോകുന്നില്ല. ലീഡിംഗ് തോടിനു വീതിയും താഴ്ചയും കുറവായതുകൊണ്ട് അങ്ങനെ വെള്ളം പോകുന്നില്ല. ഇതു പരിഹരിക്കുന്നതിന് ഗവണ്മെന്റിനു സമഗ്രമായ ഒരു സ്കീം ഉണ്ടെന്നറിയുന്നു. അതു നടപ്പാക്കുവാൻ ഇതാണവസരം. വൈക്കം താലൂക്കിൽ തലയോലപ്പറമ്പ് എന്ന സ്ഥലത്തുകൂടി വെട്ടിയിട്ടുള്ള തോടിന് ഒരു റഗുലേറററ് ഇല്ലാത്തതുകാരണം ഇതുവരെയും തോട്ട് തുറന്നിട്ടില്ല. വൈക്കം താലൂക്കിൽപ്പെട്ട കുലശേഖരമംഗലം വില്ലേജിൽക്കൂടി മൂവാററുപുഴ റിവറിൽനിന്നും ഒരു ഡൈവർഷൻ ഉണ്ടാക്കുകയാണെങ്കിൽ ആറായിരം ഏക്കർ സ്ഥലം ഇരുപ്പുനിലമാക്കുവാൻ കഴിയും. അതുപോലെതന്നെ കാക്കനാട്ട് എന്ന സ്ഥലം, പഴയ തിരുവിതാംകൂറും കൊച്ചിയും കൂടി ചേരുന്ന പ്രദേശത്താണ്. 12,000 ഏക്കർ സ്ഥലത്തു അസിഡിററി ഉണ്ട്. അതു മാററുന്നതിനു വേണ്ട നടപടി എടുക്കണം. തൃശ്ശൂരിൽ കോൾകൃഷി 21 ആയിരം ഏക്കർ സ്ഥലത്തുണ്ട്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള]

15 ആയിരം ഏക്കർ പഴയ തൃശ്ശൂരും, ആറായിരം ഏക്കർ ചാവക്കാട്ടപ്രദേശത്തു മാണ്. അവിടെ ഇരുപ്പൂകൃഷിചെയ്യാൻ ലാൻഡ് ഡെവലപ്പമെൻറ് ബോർഡ് വഴി മുന്നോട്ട പോകണം. കുട്ടനാട്ടിനെപ്പററി ഒരു കാര്യം കൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഇന്നത്തെ കളപ്പാലകൃഷി ലാഭകരമല്ല. കളപ്പാലകൃഷി മാററി ഇളവിത്തു് വിതയ്ക്കത്തക്ക സാഹചര്യം സൃഷ്ടിക്കണം. അതിന് സബ്മഴ്സ്ബിറം ബണ്ട് ഇടണം. രണ്ട കൃഷിയും മീനമാസത്തോടുകൂടി തീരണം. ഇടവപ്പാതിയിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കകാലത്തു് മലവെള്ളം കയറണം. അന്നു് ഒരുവിധമുള്ള കൃഷിയും പാടില്ല. ഈ വയലുകളിൽ നെൽകൃഷി പോലെതന്നെ മത്സ്യം വളർത്തുന്നതിനും സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവണ്മെൻറിന്റെ സത്വരവും അടിയന്തിരവുമായ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. കുട്ടനാട്ടിലെ അമിതമായ കൃഷിച്ചിലവ് അപ്രതീക്ഷിതമായി വന്നുപററിയിട്ടുള്ള അപകടകാരിയായ പടർന്നുപിടിക്കുന്ന പായൽ, കൃഷിക്കാരന്റെ താങ്ങാനാവാത്ത ഋണഭാരം ഇതെല്ലാം ഗവണ്മെൻറിന്റെ ദയാദൃഷ്ടിക്ക വിഷയമാക്കിക്കൊള്ളുന്നു.

ആർ ബ്ലോക്കിനെപ്പററി രണ്ട വാക്ക പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. നെൽകൃഷിക്കുവേണ്ടി കരിങ്കൽഭിത്തി കെട്ടി കായലിൽ നെൽകൃഷിചെയ്യുന്നതിനുള്ള സ്കീമാണ് ആർ ബ്ലോക്ക് കായലിൽ നടന്നതു്. 1539 ഏക്കർ സ്ഥലം ഇതിൽ ഉണ്ട്. ഇവിടെ വരമ്പിനുള്ള സ്ഥലമെല്ലാം പോയിട്ട് ഒരു ആയിരത്തിമുന്നൂറ് ഏക്കർ സ്ഥലത്തു് കരിമ്പു കൃഷി ചെയ്യുകയാണെങ്കിൽ, ഒരേക്കർ സ്ഥലത്തു കരിമ്പു ഇടുകയാണെങ്കിൽ അവിടെനിന്നും 30 ടൺ കരിമ്പു കിട്ടുമെങ്കിൽ, ഒരു ടൺ കരിമ്പിനു 45 രൂപ വിലയും കിട്ടുന്ന സ്ഥിതിക്ക എത്രയോ ലക്ഷം രൂപ ഈ ആയിരം ഏക്കർ സ്ഥലത്തും കരിമ്പു കൃഷിനടത്തുന്നതിൽനിന്നും കിട്ടുന്നതാണ് എന്ന് കണക്കുകൂട്ടിയാൽ അറിയാം. എത്രയോ ആയിരം ആളുകൾക്ക് ജോലിയും കിട്ടും. രണ്ടോ നാലോ സ്ഗാ ബോർഡ് ഫാക്ടററി സ്ഥാപിക്കാനുള്ള കരിമ്പിന്റെ ചണ്ടി കിട്ടും. നെല്ല് ഇല്ലാതെവന്നാൽ വെളിയിൽനിന്നും ഇവിടെ അരി വരുത്തുന്നതിന് ഇതിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു സാധിക്കുമെങ്കിൽ ഇതൊന്ന് പരീക്ഷിച്ചുനോക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ല. ഇവിടെ 9 ലക്ഷത്തിൽ ശിഷ്ടം ടൺ അരി വെളിയിൽനിന്നും പ്രതിവർഷം വരുത്തുന്നു. അതിനു അൻപത്തഞ്ചു കോടി രൂപ ചെലവും വരും. മണിക്രാപ്പുകൊണ്ട് പണമുണ്ടാക്കാമെന്നുണ്ടെങ്കിൽ അരി എത്ര വേണമെങ്കിലും കിട്ടും. ലാഭകരമല്ലാത്ത നെൽകൃഷി ആളുകൾക്ക് മടുത്തു. "ഞാൻ പറഞ്ഞ കാര്യങ്ങൾ ഗവണ്മെൻറിന്റെ സത്വരമായ ശ്രദ്ധയ്ക്ക് വിട്ടുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി കസുമം : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. കാർഷികരംഗത്തു് അഭിവൃദ്ധിയും പുരോഗതിയും കൈവരുത്തുന്നതിനായി ഈ ഗവണ്മെൻറ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അങ്ങേയററം സ്വാഗതാർഹമാണ്. ജലസേചനസൗകര്യങ്ങൾ, വായ്പാസൗകര്യങ്ങൾ രാസവളങ്ങളുടെ ഉപയോഗത്തിനു് വിദഗ്ദ്ധമായ ഉപദേശം, ശാസ്ത്രീയമായ ഗവേഷണം ഇതൊക്കെ കാർഷികരംഗത്തു് വിപ്ലവകരമായ പുരോഗതി കൈവരുത്തിയിട്ടുണ്ട്. ലക്ഷക്കണക്കിനു രൂപ ഇവിടത്തെ കർഷകരുടെ ആവശ്യത്തിനുവേണ്ടി ഗവണ്മെൻറ് ചെലവാക്കുന്നുണ്ട്. ഏററവും സദുദ്ദേശത്തോടുകൂടി ഗവണ്മെൻറ് പല പദ്ധതികളും നടപ്പാക്കുന്നുണ്ട്. വളരെയൊന്നും ചിന്തിക്കാതെ ചില പദ്ധതികൾ നടപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ നല്ല രുചിയുള്ള ഭക്ഷണസാധനങ്ങളിൽ വിഷാംശം കലരുന്നതുപോലെ ആയിത്തീരുന്നുണ്ടെന്നുള്ള കാര്യം വളരെ ഖേദത്തോടുകൂടി സഭയുടെ പരിഗണനയ്ക്കായി ഈ അവസരത്തിൽ പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ചുരുളി കീരിത്തോട് കർഷകരുടെ ദയനീയമായ കഥയാണ് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നതു്. നമ്മുടെ നാട്ടിലെ വിലയേറിയ വനസമ്പത്തു് സംരക്ഷിക്കുവാനുള്ള ഏർപ്പാടാണ് വേണ്ടതു്. വനം കയ്യേറുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കർശനമായി തടയണം എന്നുള്ള അഭിപ്രായം ഈ സഭയിലെ ഓരോരുത്തർക്കും ഉണ്ട്. വനം സംരക്ഷിക്കുന്നതിനുവേണ്ടി പോക്കററ് ഏരിയായിൽ നിന്നും ആളുകളെ ഒഴിപ്പിക്കണമെന്നുള്ളതും ഈ ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള നയമാണ്. ആ നയം നടപ്പിലാക്കുന്ന സാഹചര്യങ്ങളിൽ വിദൂരവീക്ഷണത്തോടുകൂടി ബുദ്ധിപൂർവ്വമായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്നാണ് എനിക്കു ഗവണ്മെൻറിനെ അനുസ്മരിപ്പിക്കുവാനുള്ളത്. നാട്ടിൽ ഇടം ഇല്ലാതെയാണ് ജനങ്ങൾ വനത്തിലേക്ക് കയറുന്നത്. നാട്ടിൽ ഇടം ഇല്ലാതെ വരുമ്പോൾ, വേലചെയ്യുന്നതിന് ഇടം ഇല്ലാതെവരുമ്പോൾ, കൃഷി ചെയ്യാൻ മണ്ണ് ഇല്ലാതെ വരുമ്പോൾ വനത്തിലേക്കു കയറുവാനുള്ള പ്രവണത സ്വാഭാവികമാണ്. അപ്പോഴാണ് പറയുന്നത്, അവരെ നിർബന്ധിക്കുന്നത് നാട്ടിലേയ്ക്ക് മടങ്ങിപ്പോകുവാൻ, ഇവരെ ഇറക്കിവിട്ടിട്ടു കാട് മുമ്പു കയ്യേറിയിട്ടുള്ളവർക്ക് മാത്രമായി വിട്ടുകൊടുക്കരുതെന്നു ഞാൻ അപേക്ഷിക്കുകയാണ്. പോക്കററുപ്രദേശങ്ങൾ വനപ്രദേശമായി സൂക്ഷിക്കണമെന്ന് തീരുമാനമെടുക്കുന്ന സന്ദർഭത്തിൽത്തന്നെ കാടു കൃഷിയാവശ്യങ്ങൾക്കുവേണ്ടി കുറെ ആളുകൾ പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അവർക്കു ആ ഭൂമി കൊടുക്കണമെന്നുള്ള നിലപാടുകൂടി ഗവണ്മെൻറ് സ്വീകരിക്കുകയാണെങ്കിൽ അതു വളരെയധികം വേദനാജനകമായിരിക്കും. അതുപോലെ ചുരുളി പ്രദേശത്തുണ്ടായ അനിഷ്ട സംഭവങ്ങൾ ഒന്നും കൂടാതെതന്നെ കർഷകരെ ശാന്തമായി കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊണ്ട് രാജ്യത്തിൻെറ പൊതുതാല്പര്യത്തെ പരിഗണിച്ച് ഇറങ്ങിപ്പോകണമെന്ന് അവരോടു പറഞ്ഞിരുന്നുവെങ്കിൽ യാതൊരു വൈമനസ്യവും കൂടാതെതന്നെ ശാന്തമായി ഇറങ്ങിപ്പോകുന്ന ഒരന്തരീക്ഷം ഗവണ്മെൻറിനു സൃഷ്ടിക്കുവാൻ കഴിയുമായിരുന്നു. ഏതാണ്ടു മുക്കാൽ ലക്ഷം രൂപയോളം ഇന്ന് അവിടത്തെ പോലീസ് ഫോഴ്സിനുവേണ്ടി ചെലവാക്കുന്നുണ്ട്. ഇതിൻെറ ഒരു ചെറിയ അംശമെങ്കിലും കർഷകരുടെ ആവശ്യത്തിനുവേണ്ടി കൊടുക്കുവാൻ തയ്യാറുണ്ടായിരുന്നുവെങ്കിൽ, ഇങ്ങനെ സഹായം ചെയ്തു ഒഴിപ്പിക്കുവാൻ ഞങ്ങൾ തയ്യാറാണെന്നു നേരത്തെ അറിവു കൊടുത്തുകൊണ്ട് അങ്ങനെയൊരു അന്തരീക്ഷം നേരത്തെ സൃഷ്ടിച്ചിരുന്നുവെങ്കിൽ ഇന്നു ഈ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. അവിടെ വാഴത്തോപ്പിൽ ഇടുക്കി ഡാമിൻെറ സൈററിനു ക്വാർട്ടേഴ്സ് പണിയുന്നതിന് സ്ഥലം എടുക്കുമ്പോൾ കുറെ ആളുകളെ ഒഴിപ്പിക്കേണ്ടിയിരിക്കുന്നു. അവർക്ക് അതിനടുത്തു സ്ഥലം കൊടുക്കാമെന്നു ഉറപ്പു തരികയാണെങ്കിൽ ഒററ പോലീസുകാരൻെറ ശക്തിയും കൂടാതെ അവരെ അവിടെനിന്നും ഇറക്കിവിടാനുള്ള ഉത്തരവാദിത്വം ഞാൻ ഏൽക്കുകയാണ്. ഇറക്കിവിട്ട 307 കുടുംബങ്ങളെ വാഴത്തോപ്പിൽ കുടിയിരുത്തിയിട്ടുണ്ട്. ഇവരെ ഞാൻ മിനിഞ്ഞാന്നു സന്ദർശിക്കുകയുണ്ടായി. ഇവർക്കെല്ലാവർക്കുംകൂടി 15 ഇടങ്ങഴി അരിയാണ് കൊടുക്കുന്നത്. ഈ 307 കുടുംബങ്ങളും പതിനഞ്ചിടങ്ങഴി അരിമാത്രം കൊണ്ടു കഴിയേണ്ട ചുററുപാടിൽ എത്തിയിരിക്കുകയാണ്. അവരുടെ സാധനങ്ങൾ ഇനിയും എത്തിച്ചുകൊടുക്കുവാൻ ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല. വെറും ഒരേക്കർ പുൽമേടു മാത്രം പതിച്ചുകൊടുത്തിട്ടുണ്ട്. കുടിൽ കെട്ടുന്ന ശ്രമത്തിൽ അവർ ബദ്ധശ്രദ്ധരായിരിക്കുകയാണ്. ആ സമയത്തു് കൃഷിക്കുവേണ്ടി സ്ഥലം ഒരുക്കുന്നതിന് അവർക്കു സമയമില്ല. കൃഷി ചെയ്താൽത്തന്നെയും ആറു മാസത്തിനുള്ളിൽ അവർക്കു ഒന്നും ലഭിക്കുവാൻ പോകുന്നില്ല.

<u>ശ്രീ. ജോസഫ് ചാഴിക്കാട്</u> : ഇവരെ തിരിയെ ആ സ്ഥാനത്തു കുടിയേററിത്താമസിപ്പിക്കണമെന്ന് നമുക്കു ഗവണ്മെൻറിനോട് ആവശ്യപ്പെട്ടാലെന്താ ?

<u>ശ്രീമതി കുസുമം</u> : അങ്ങനെ ഇനിയും കൂടുതൽ കുഴപ്പം സൃഷ്ടിക്കണമെന്നുള്ള വിചാരത്തോടുകൂടിയല്ല ഞാൻ ഇതു പറഞ്ഞത്. ഈ 307 കുടുംബങ്ങൾ യാതൊരു സാധനങ്ങളുമില്ലാതെ വിഷമിച്ചു കഴിയുകയാണ്. അവരുടെ സാധനങ്ങൾ 2260 ചുമടുണ്ട്. ഒരു ചുമടു സാധനം അവർക്കു എത്തിച്ചുകൊടുക്കുന്നതിനു കുറഞ്ഞത് 5 രൂപയാണ് കൂലിക്കാർ ആവശ്യപ്പെടുന്നത്. അങ്ങിനെ 12,000 രൂപയിലധികം, അവരുടെ ചുമടു എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം]

ഗവണ്മെൻറിനു ചെലവാക്കേണ്ടിവരും മറിച്ചു ആ സാധനങ്ങൾ ഇനിയെങ്കിലും വാങ്ങാൻ ഗവണ്മെൻറു തയ്യാറായാൽ അതു ഗവണ്മെൻറിനു ലാഭകരവും അവർക്കു സഹായകരവും ആകും. അല്ലാത്തപക്ഷം ഗവണ്മെൻറിനു ഭീമമായ നഷ്ടം സഹിക്കേണ്ടിവരും. അവരുടെ ദേഹണ്ഡങ്ങൾക്കു പ്രതിഫലം കൊടുക്കുവാൻ കുറച്ചു കാലതാമസം നേരിടുന്നതായി കാണുന്നു ഉടൻതന്നെ അവർക്കു അതു എത്തിച്ചുകൊടുക്കേണ്ടതു വളരെയധികം ആവശ്യമുള്ള കാര്യമാണു്. വാഴത്തോപ്പിലെ 307 കുടുംബങ്ങൾക്കു് കൊടുത്തിട്ടുള്ളതിൽതന്നെ അമ്പതു പേർക്കു തീരെ പററാത്ത ഭൂമിയാണു് കൊടുത്തിട്ടുള്ളതു്. അതു മാററി കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്. 307 നിർദ്ധനരായ കുടുംബങ്ങൾക്കു ഒരു ഏക്കർ സ്ഥലം കൊടുത്തു് പട്ടിണിയുടെ നടുക്കു എത്തിച്ചിരിക്കുന്ന അവസരത്തിൽ അവരോടു കുറെക്കൂടി ഔദാര്യപൂർവ്വം പെരുമാറേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്. കുറച്ചുനാൾക്കുമുമ്പു് ഉടുമ്പൻചോലയിൽനിന്നും കുടിയിറക്കിയവർക്കു സൗജന്യമായി റേഷൻ അനുവദിച്ചിരുന്നു എന്നുള്ള കാര്യം ഈ അവസരത്തിൽ ഞാൻ അനുസ്മരിക്കുകയാണു്. ഈ പ്രദേശത്തും സൗജന്യറേഷൻ ഏർപ്പെടുത്തുകയും ന്യായവിലയ്ക്കു് ന്യായവിലഷാപ്പുകൾ വഴി അവർക്കു ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്യണമെന്നു് അപേക്ഷിക്കുകയാണു്. അതു് ഗവണ്മെൻറിൻെറ കത്തവ്യമാണു്. വേണ്ടിടത്തോളം വൈദ്യസഹായമോ, ചികിത്സാസൗകര്യങ്ങളോ ഇവർക്കു ലഭിക്കുന്നില്ല. ഈ പ്രദേശങ്ങളിൽ എം. സി. എച്ച്. സെൻററുകൾ തുറക്കേണ്ടതു വളരെ അത്യാവശ്യമാണു്. ചുരുളി കീരിത്തോടു പ്രദേശത്തുനിന്നും ഒഴിപ്പിച്ച 150 കുടുംബങ്ങളെ എരുമേലിയിൽ മുക്കൻപെട്ടി എന്ന സ്ഥലത്തു പാർപ്പിച്ചിട്ടുണ്ടു്. മുക്കൻപെട്ടി എന്ന സ്ഥലം വളരെ മോശപ്പെട്ടതാണു്. അവിടം ഉപയോഗിക്കുവാൻ ഒട്ടും തയ്യാറാകാതെ ചിലരെല്ലാം ഉപേക്ഷിച്ചുപോയിട്ടുമുണ്ടു്. അവർക്കു നല്ല ഒരു സ്ഥലം കൊടുക്കേണ്ട കത്തവ്യം ഗവണ്മെൻറിനുള്ളതാണു്. ഇന്നു കോട്ടയംകളക്ടറേററിലേയ്ക്കു് നീങ്ങുന്ന സത്യഗ്രഹത്തിൻെറ സ്ഥിതിയിലേയ്ക്കു ഇവരെ തള്ളിവിടരുതെന്നു് ഞാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുകയാണു്. മലംപ്രദേശത്തു കുടിയേറിപ്പാർത്തവർക്കു ആവശ്യമായ വാട്ടർ സപ്ലൈ സൗകര്യം ഇല്ല. അതും ഉടൻതന്നെ നടപ്പാക്കിക്കൊടുക്കണമെന്നു് ഗവണ്മെൻറിനോടപേക്ഷിക്കുകയാണു്. ഈ ഗവണ്മെൻറിനെ അധികാരത്തിൽ ഏററിയതു് കർഷകൻെറ കരുത്തുററ കരങ്ങളാണു് എന്നുള്ള കാര്യം വിസ്മരിക്കരുതെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗം ഉപസംഹരിക്കുന്നു.

[Mr. Speaker in the Chair]

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഈ നിയമസഭയിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരുടെ മുമ്പാകെയും, കേരളത്തിലെ മുഴുവൻ ജനങ്ങളുടെ മുമ്പാകെയും നമ്മുടെ സംസ്ഥാനത്തെ കൃഷി സംബന്ധമായ ഒരു പ്രധാന സംഗതി വയ്ക്കണമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഈ രാജ്യത്തു് കിടപ്പാടം ഇല്ലാത്ത അനേകം ലക്ഷം കുടുംബങ്ങളുണ്ടു്. കൃഷി ചെയ്യുന്നതിനു് താൽപര്യമുള്ള അനേകംലക്ഷം ജനങ്ങളുണ്ടു്. അതിൽ കൃഷിഭൂമിയില്ലാത്ത, കൃഷി ചെയ്യാൻ താൽപര്യമുള്ള അനേകലക്ഷം ജനങ്ങളുണ്ടു്. കൃഷി ചെയ്യാൻ കൊള്ളാവുന്ന സ്ഥലത്തു കയറി താമസിച്ചു് കൃഷിചെയ്താൽ അവരെ അവിടെനിന്നും പോലീസുകാരെക്കൊണ്ടു് അടിച്ചു തൊഴിച്ചു വിടുന്ന ഒരു സമ്പ്രദായമാണു് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു്. അതിനു് ശാസ്ത്രീയമായ ഒരു പരിഹാരം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ സംഗതി ഗവണ്മെൻറിൻെറ മുമ്പാകെ വയ്ക്കാൻ പോകുന്നതു്. സർ, നമ്മുടെ സംസ്ഥാനത്തിലെ വനങ്ങളെപ്പററിയും അതിൽ കുറെ സ്ഥലം ജനവാസത്തിനും കൃഷിക്കും വേണ്ടി വിട്ടുകൊടുക്കുന്നതിനെപ്പററിയും ഞാൻ ഈ മാസം 5-ാംനു ഈ നിയമസഭയിൽ പറയുകയുണ്ടായി. ഞാൻ പറഞ്ഞതു് നമ്മുടെ സംസ്ഥാനത്തു് ഇന്നുള്ള വനങ്ങളിൽനിന്നും പത്തുലക്ഷം ഏക്കർ സ്ഥലം എടുത്തു് ജനങ്ങൾക്കു് താമസിക്കുന്നതിനും കൃഷിക്കും വേണ്ടി വിട്ടുകൊടുക്കണമെന്നാണു്. ഞാൻ അന്നു് അതു പറഞ്ഞപ്പോൾ വനംവകുപ്പു് മന്ത്രി അല്ലാതിരുന്ന മുഖ്യമന്ത്രി ഒരു മറുപടി പറയുകയുണ്ടായി. അതു് നിങ്ങൾ പത്രത്തിൽ വായിച്ചിട്ടുണ്ടായിരിക്കും. അന്നു പറഞ്ഞ ആ മറുപടി അശേഷം തൃപ്തികര



LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നില്ല. നമ്മുടെ സംസ്ഥാനത്തിലെ കൃഷിഭൂമിയും വനഭൂമിയും ജനസംഖ്യാടിസ്ഥാനത്തിൽ എത്രയെത്ര വീതം ഉണ്ടായിരിക്കണമെന്നുള്ളതിനെപ്പററി, നമ്മുടെ ജനനേതാക്കന്മാരിലും, ഭരണകർത്താക്കളിലും അറിവില്ലാത്തവർ ധാരാളം ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ ആകെ വിസ്തീർണ്ണം എത്രയെന്നും, അതിൽ കൃഷിക്ക് കൊള്ളാവുന്ന ഭൂമി എത്രയെന്നും, ഇപ്പോൾ കൃഷിക്കവേണ്ടി നീക്കിവച്ചിരിക്കുന്ന ഭൂമി എത്രയെന്നും, വനമായിട്ട് സൂക്ഷിച്ചിരിക്കുന്ന ഭൂമി എത്രയെന്നും, ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിൽ ഇതേ ആവശ്യങ്ങൾക്കവേണ്ടി ഒഴിച്ചിട്ടിരിക്കുന്ന ഭൂമിയെത്രയെന്നും, ഉള്ളതിനെപ്പററി ഇവിടെയുള്ള രാഷ്ട്രീയനേതാക്കന്മാർ നല്ലവണ്ണം പഠിക്കേണ്ടതാണ്. ഇൻഡ്യയിലെ ഏററവും ചെറിയ സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ വിസ്തീർണ്ണം പതിനയ്യായിരം ചതുരശ്രമൈലാണ്. ഒറീസായും, ആന്ധ്രായും ഇതിനേക്കാൾ നാലിരട്ടി വലുതാണ്. ആസ്സാം, ജമ്മു, കാഷ്മീർ കേരളത്തിന്റെ ആറിരട്ടി വലുതാണ്. ഉത്തരപ്രദേശ് എട്ട് ഇരട്ടി വലുതാണ്. രാജസ്ഥാൻ ഒൻപതു് ഇരട്ടിയും, ബോംബെ പത്തിരട്ടിയും വലുതാണ്. മദ്ധ്യപ്രദേശം പന്ത്രണ്ടിരട്ടി വലുതാണ്. ബോംബെ സംസ്ഥാനത്തിന്റെ വിസ്തീർണ്ണം 151 ആയിരം ചതുരശ്രമൈലാണ്. ഇങ്ങനെ എല്ലാ സ്റ്റേററുകളുടെ വിസ്തീർണ്ണവും വളരെ വലുതായിരിക്കുമ്പോൾ കേരളത്തിന്റെ വിസ്തീർണ്ണം വെറും പതിനഞ്ചായിരം ചതുരശ്രമൈൽ മാത്രമാണ്. ഞാൻ ഇതു പറഞ്ഞതു് മനസ്സിലാകുന്നുണ്ടോ ? ബോംബേയുടെ വിസ്തീർണ്ണമാണെങ്കിൽ 151000 ചതുരശ്രമൈലാണ്. നമ്മുടെ സംസ്ഥാനത്തിലെ ജനസംഖ്യയും മററു സംസ്ഥാനങ്ങളിലെ ജനസംഖ്യയും പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഓരോ സംസ്ഥാനത്തെയും വിസ്തീർണ്ണങ്ങളുടെ കണക്ക് രേഖപ്പെടുത്തിയിരിക്കുന്ന എക്കണോമിക് റിവ്യൂവും എസ്റ്റിമേററു കമ്മിററിയുടെ റിപ്പോർട്ടും നോക്കിയാൽ ഇതു് എങ്ങനെ പൊരുത്തപ്പെടുമെന്നു് നമുക്ക ശാന്തമായി പരിശോധിക്കാം. കേരളത്തിൽ 96 ലക്ഷം ഏക്കർ ഭൂമിയുണ്ട്. കൃഷിഭൂമിയും വനഭൂമിയും എല്ലാംകൂടിയാണ് ഈ 96 ലക്ഷം ഏക്കർ ഭൂമിയുള്ളതു്. അതിൽ 25 ലക്ഷം ഏക്കർ ഭൂമി ഗവൺമെൻറിന്റെ കണക്കിൽ വനഭൂമിയായിട്ട് ഇട്ടിരിക്കുകയാണ്. ഗവൺമെൻറു കണക്കിൽ ഉൾപ്പെടാതെ അഞ്ചുലക്ഷം ഏക്കർ ഭൂമി സ്വകാര്യവനമായിട്ടുണ്ട്. അങ്ങനെ ഗവൺമെൻറു വകയും സ്വകാര്യവകയുമായിട്ട് ആകെ മുപ്പതു ലക്ഷം ഏക്കർ ഭൂമി വനമായിട്ടിട്ടിരിക്കുകയാണ്. അങ്ങനെ 96 ലക്ഷം ഏക്കറിൽ 30 ലക്ഷം ഏക്കർ ഭൂമി പോയിട്ട് 66 ലക്ഷം ഏക്കർ ഭൂമിയാണ് ബാക്കിയുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ പറഞ്ഞ കണക്കിൽ മുപ്പതു് ലക്ഷം ഏക്കർ ഭൂമി വനമായിട്ട സൂക്ഷിച്ചിരിക്കുന്നുവെന്നു് പറയുന്നുണ്ടെങ്കിലും മലബാർ ഭാഗത്തുള്ള പ്രൈവററു് ഫോറസ്റ്റിൽ ഇപ്പോൾ പല സ്ഥലത്തു ആളുകൾ കയ്യേറിയതിന്റെ ഫലമായിട്ട് ഇത്രയും വനഭൂമിയില്ലെന്നുള്ളതറിയാമോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെ ആളുകൾ കയ്യേററം നടത്തി വനഭൂമി കുറയ്ക്കുണമെന്നുതന്നെയാണ് എന്റെയും അഭിപ്രായം. കേരളത്തിൽ കാട്ടുകുരങ്ങിനും, കാട്ടുപന്നിക്കും മററു കാട്ടുജന്തുക്കൾക്കുമായിട്ട് ജീവിക്കുന്നതിനു് മുപ്പതു ലക്ഷം ഏക്കർ ഭൂമി ഒഴിച്ചിട്ടിരിക്കുകയാണ്. ബാക്കി 66 ലക്ഷം ഏക്കർ ഭൂമിയുള്ളതിൽ രണ്ടേമുക്കാൽ ലക്ഷം ഏക്കർ റബ്ബർ തോട്ടമാണ്, ഒരു ലക്ഷം ഏക്കർ തേയില തോട്ടമാണ്, ഒരു ലക്ഷം ഏക്കർ ഭൂമി കശുമാവിൻ തോട്ടമാണ്, 70000 ഏക്കർ ഭൂമി ഏലത്തോട്ടമാണ്, 47,000 ഏക്കർ ഭൂമി കാപ്പിത്തോട്ടമാണ്. ഇതെല്ലാംകൂടാതെ ഒന്നേകാൽലക്ഷത്തോളം കമുകിൻതോട്ടങ്ങളുണ്ട്.

മിസ്റ്റർ സ്പീക്കർ : ഇതു് എവിടെനിന്നും കിട്ടിയ കണക്കാണ് ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഞാൻ കുറിച്ചുവച്ചിട്ടുള്ള ലിസ്റ്റിൽനിന്നാണ് ഈ കണക്ക് ഇവിടെ വായിച്ചതു്. എക്കണോമിക്ക് റിവ്യൂവും, എസ്റ്റിമേററു കമ്മിററിയുടെ റിപ്പോർട്ടുമെല്ലാം നിരത്തിവച്ച് അതിൽനിന്നും കുറിച്ചെടുത്ത ലിസ്റ്റാണ് എന്റെ കൈവശമുള്ളതു്. ഇതെല്ലാം പോയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ബാക്കി ഭൂമി മാത്രമേ ജനങ്ങൾക്ക് താമസിക്കുന്നതിനുവേണ്ടിയുള്ളൂ. 1951-61 ഈ കാലഘട്ടത്തിനുള്ള നമ്മുടെ സംസ്ഥാനത്തിലെ ജനസംഖ്യാവർദ്ധനവ് 24·5 ശതമാനമാണെന്ന് കാണാം. അങ്ങനെ കേരളത്തിൽ 24·5 ശതമാനം വീതം ജനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഫാമിലി പ്ലാനിംഗുമെല്ലാം ഇവിടെ നടക്കുന്നുണ്ടെങ്കിലും ജനസംഖ്യ അതിവേഗത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആ കണക്ക് അനുസരിച്ചു നോക്കുകയാണെങ്കിൽ 180 ലക്ഷത്തോളം ജനങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. എസ്റ്റിമേററ് കമ്മിററിയുടെ റിപ്പോർട്ടിൽ 190 ലക്ഷം ജനങ്ങൾ ഉണ്ടെന്നാണ് കണ്ണിച്ചിരിക്കുന്നത്. ഞാൻ പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ 180 ലക്ഷത്തോളം ജനങ്ങൾ ഇന്നു കേരളത്തിൽ താമസിക്കുന്നുണ്ട്. അപ്പോൾ ഒരു ഏക്കർ ഭൂമിയിൽ മൂന്നു ജനങ്ങൾവീതം താമസിക്കുന്നുണ്ട്. ഒരു ചതുരശ്രമൈലെന്നുവച്ചാൽ 640 ഏക്കർ സ്ഥലം വരും. 640-നെ മൂന്നുകൊണ്ടു ഗുണിച്ചാൽ 1920 എന്നു കിട്ടും. അപ്പോൾ ശരാശരി 1920 ജനങ്ങൾ ഒരു ചതുരശ്രമൈലിൽ താമസിക്കുന്നുണ്ട്. ഇതിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര ആളുകൾ വീതമാണ് താമസിക്കുന്നതെന്നുള്ള കണക്കും ഞാനിവിടെ വായിക്കാം. തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ ഒരു ചതുരശ്രമൈലിൽ 2052 ആളുകൾ താമസിക്കുന്നുണ്ട്. ആലപ്പുഴയിൽ ഒരു ചതുരശ്രമൈലിൽ 2545 ആളുകൾ ജീവിക്കുന്നുണ്ട്. എറണാകുളത്ത് ഒരു ചതുരശ്രമൈലിൽ 1468 ആളുകൾ ജീവിക്കുന്നുണ്ട്. തൃശ്ശൂരിൽ ഒരു ചതുരശ്രമൈലിൽ 1422 ആളുകൾ ജീവിക്കുന്നുണ്ട്.

ശ്രീമതി കുസുമം : സർ, ഒരു ചോദ്യം........

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഒരു പെണ്ണാണ് ചോദ്യം ചോദിക്കുന്നത്. അതുകൊണ്ട് ആ സമയംകൂടി എനിക്ക് അനുവദിച്ചു തരണം.

ശ്രീമതി കുസുമം . 'പെണ്ണ്' എന്നുള്ള നിലയിലല്ല ഞാൻ ചോദ്യം ചോദിക്കുന്നത്, ഈ നിയമസഭയിലെ ഒരു ബഹുമാനപ്പെട്ട അംഗമെന്നുള്ള നിലയിലാണ് ചോദിക്കുന്നത്.

കേരളത്തിലെ ജനസംഖ്യ വളരെയധികം വർദ്ധിച്ചു വരുന്നതു കണക്കിലെടുത്തുകൊണ്ട് ഇവിടെയുള്ള കുറെയധികം ആളുകളെ ബ്രസീലിലോ ദണ്ഡകാരണ്യത്തിലോ കുടിയേററി പാർപ്പിക്കുന്നതിനെപ്പററി ബഹുമാനപ്പെട്ട മെമ്പറുടെ അധിപ്രായം എന്താണ് ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ജനസംഖ്യ കുറയ്ക്കുന്നതിനെപ്പററി ആദ്യം ബഹുമാനപ്പെട്ട മെമ്പർ വീട്ടിൽ ചെന്നാലോചിക്കണം.

ആദ്യം ഇവിടെ മുപ്പതു ലക്ഷം ഏക്കർ ഭൂമി കാട്ടു ജന്തുക്കൾക്ക് താമസിക്കുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുന്നതിൽനിന്നും ഇവിടെയുള്ള ആളുകൾക്ക് താമസിക്കുന്നതിനും കൃഷി ചെയ്യുന്നതിനും വേണ്ടി കുറെ സ്ഥലം കൊടുത്തുകൂടെ എന്നുള്ളതിനെപ്പററി ആലോചിക്കണം. അതിനുശേഷം ഇവിടെനിന്നും ആളുകളെ ബ്രസീലിലേയ്ക്കോ മററു സ്ഥലങ്ങളിലേയ്ക്കോ കുടിയേററി പാർപ്പിക്കുന്നതിനെപ്പററി ആലോചിക്കാം,

സർ, ആന്ധ്രായിൽ ഒരു ചതുരശ്രമൈലിൽ 339 ആളുകളാണ് ജീവിക്കുന്നത്. മദ്ധ്യപ്രദേശിൽ 185 പേരാണ്, മദ്രാസിൽ 671 പേരാണ്. എന്നാൽ ഈ ചെറിയ കേരളത്തിൽ ഒരു ചതുരശ്രമൈലിൽ 1920 പേരാണ് ജീവിക്കുന്നത്. കേരളത്തേക്കാൾ വലിപ്പം കൂടിയ സംസ്ഥാനങ്ങളിൽ കാട്ടുജന്തുക്കൾക്ക് താമസിക്കുന്നതിനുവേണ്ടി പതിനേഴ ശതമാനം ഭൂമി മാത്രമാണ് ഒഴിച്ചിട്ടിരിക്കുന്നത്. എന്താണ് പിന്നെ ഭൂമിയില്ലാത്തതും, ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ ഈ കേരളത്തിൽ മുപ്പതു ശതമാനം ഭൂമി വനമായിട്ട് സൂക്ഷിച്ചിരിക്കുന്നത്. അതു് അനീതിയല്ലേ, മര്യാദകേടല്ലേ? ഈ രാജ്യത്തെ ജനങ്ങളെപ്പററി ഈ ഗവണ്മെൻറിനു് അൽപ്പമെങ്കിലും ചിന്തയുണ്ടോ? മുപ്പതു് ശതമാനം കാടായി സൂക്ഷിച്ചിരിക്കുന്ന വനപ്രദേശങ്ങളിൽ, കീരിത്തോട് മുതലായ പ്രദേ

LIBRARY ARCHIVES Kerala Legislative Assembly

ശങ്ങളിൽ ഈ രാജ്യത്തെ ജനങ്ങൾ കയറി കൃഷിചെയ്യാൻ ആരംഭിച്ചപ്പോൾ ഇവിടെയുള്ള മന്ത്രിമാർ പോലീസിനെക്കൊണ്ട് അവരെ അവിടെനിന്നും ഇറക്കിവിടുകയുണ്ടായി. എന്നാൽ എനിക്ക് പറയുവാനുള്ളത് അങ്ങനെയുള്ള ഈ മന്ത്രിമാരെ പോലീസിനെ കൂടാതെ ഇറക്കിവിടണമെന്നാണ്. ഇങ്ങനെ നിർദ്ദയമായി ജനങ്ങളോടു പെരുമാറുന്ന ഇന്നത്തെ ഗവണ്മെന്റിനെ മാററിയിട്ട് ജനങ്ങൾക്ക് കൃഷിചെയ്യുന്നതിനും താമസിക്കുന്നതിനും വേണ്ടി ഭൂമികൊടുക്കുന്ന ഒരു ഗവണ്മെന്റിനെ ഇവിടെ അധികാരത്തിലിരുത്താൻ ഈ കേരളത്തിലുള്ള സകല കൃഷിക്കാരും ഒന്നിച്ചു പരിശ്രമിക്കുന്നതാണ്. ഇപ്പോഴുള്ള വനഭൂമിയിൽനിന്നും പത്തു ലക്ഷം ഏക്കർ ഭൂമി ഒഴിപ്പിച്ചെടുത്തു അഞ്ചേക്കർ വീതമെങ്കിലും ഓരോ കുടുംബത്തിനു കൊടുക്കുന്നതിനുള്ള നടപടി എടുക്കുന്നില്ലെങ്കിൽ കീരിത്തോട്ടിൽനിന്നും കൃഷിക്കാരെ ഈ മന്ത്രിമാർ ഇറക്കിവിട്ടതുപോലെ ഈ മന്ത്രിസഭയിലുള്ളവരും താമസിയാതെ ഇറങ്ങിപോകേണ്ടിവരുമെന്നു ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകുകയാണ്.

<u>ശ്രീ. എൻ. ഭാസ്കരൻ നായർ:</u> സർ, ഈ ഡിമാന്റിനെ ഞാൻ അനുകൂലിക്കുകയാണ്. കാർഷികരംഗത്തു വളരെയധികം പരിചയമുള്ള

11 a. m.

ബഹുമാനപ്പെട്ട മന്ത്രിയും, പ്രഗൽഭനായ ഒരു ഡയറക്ടറും, അതോടൊപ്പം വളരെ കാര്യപ്രാപ്തിയുള്ള അനേകം ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ട ഈ കാർഷികഡിപ്പാർട്ടുമെന്റു കഴിഞ്ഞ ഏതാനും വർഷങ്ങളായി വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നു ഏററവും പ്രധാനമായിട്ടുള്ളതു ഭക്ഷ്യധാന്യങ്ങളും അതുപോലെ പ്ലാന്റേഷൻ ക്രാപ്സുമാണ്. ഭക്ഷ്യധാന്യത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഏകദേശം 19 ലക്ഷം ടൺ അരി ആവശ്യമുള്ള ഈ കേരളത്തിൽ വെറും 10 ലക്ഷം ടൺമാത്രമേ ഇവിടെ ഉല്പാദിപ്പിക്കാൻ സാധിക്കുന്നുള്ളു. അതു സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടി ഒരു യത്നം നടക്കുന്നുണ്ടെങ്കിലും പരിപൂർണ്ണമായി അതു വിജയത്തിലെത്തിക്കുന്നതിന് അനേകംനാളുകൾ കാത്തിരിക്കേണ്ടിവരുമെന്നാണ് എന്റെ വിശ്വാസം. എന്തുകൊണ്ടെന്നാൽ ഇന്നു തുച്ഛമായി ഒരേക്കറിൽ എത്രമാത്രം കടുംകൃഷി ചെയ്താലും അതു സ്വയംപര്യാപ്തമായിത്തീരുന്നതിന് വളരെയേറെ പരിശ്രമിക്കേണ്ടതായിട്ടാണിരിക്കുന്നത്. അതുകൊണ്ട് കാർഷികരംഗത്ത് ഭക്ഷ്യവിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതിനു നാം അധികമായി പരിശ്രമിക്കുന്നതോടൊപ്പം തന്നെ മററു വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രമങ്ങൾ നടത്തേണ്ടതു വളരെ ആവശ്യമാണ്. പ്രത്യേകമായി നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഒന്നാമതായി ശരിയായിട്ടുള്ള ജലസേചന സൗകര്യങ്ങളും രണ്ടാമതായി നല്ലഇനം വിത്തും വളവും ശാസ്ത്രീയ രീതിയിലുള്ള കൃഷിസമ്പ്രദായവും മററും ഉപയോഗിച്ചെങ്കിൽ മാത്രമേ കൂടുതൽ വിളവുണ്ടാക്കാൻ സാധിക്കുകയുള്ളു. ഇന്ന് ഈ വിധം നോക്കുന്നപക്ഷം ജലസേചനത്തിൽ വളരെയേറെ നമുക്കു മുന്നേറുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് അനുഭവത്തിൽനിന്നു മനസ്സിലാകുന്നുണ്ട്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ബലറാം മദ്രാസിൽ കാണുന്ന ജലസേചനപദ്ധതികളെപ്പററിയും അവിടെ കൃഷി വികസനത്തിൽ കാണുന്ന പുരോഗതിയെപ്പററിയുമൊക്കെ ഇവിടെ സ്പർശിക്കുകയുണ്ടായി. ഒരു കാര്യം വിസ്മരിച്ചുകൊണ്ടാണ് അദ്ദേഹം ഇതു പറഞ്ഞതെന്നുള്ള കാര്യം ഞാൻ ഓർക്കുകയാണ് അനേകായിരം ഏക്കർ ഭൂമി വെറും ബാരൺ ലാന്റായി കിടന്നതായ മദ്രാസ് പ്രദേശത്ത് കൂടുതലായി കുറെയധികം വിളവ് വർദ്ധിപ്പിക്കാൻ സാധിച്ചതു ശാസ്ത്രീയമായ രീതിയിലുള്ള കൃഷിയുടെ അനുഭവത്തിൽ നിന്നല്ലെന്നും നേരേമറിച്ച് വെറും ബാരൺ ലാന്റായി കിടന്ന ആ പ്രദേശങ്ങളിൽ കുറേ ജലസേചനം നൽകാൻ സാധിച്ചതുകൊണ്ട് കൂടുതൽ പ്രൊഡക്ഷൻ ഉണ്ടാക്കാൻ സാധിച്ചു എന്നുള്ളത് ആസ്പദമാക്കിക്കൊണ്ടാണെങ്കിലും ഇവിടത്തെ വിളവെടുത്തു നോക്കുമ്പോൾ കേരളത്തിൽ മുൻപുണ്ടായിരുന്ന കൃഷിയിൽ വളരെയേറെ വികസനത്തിനു സാദ്ധ്യതയുണ്ടെന്നു കാണാൻ സാധിക്കും. റിസർച്ചു സെന്റേഴ്സിനെ സംബന്ധിച്ചും എന്റെ ഒരു ബഹുമാന്യസ്നേഹിതൻ പറയുകയുണ്ടായി. ഇന്നു വാസ്തവത്തിൽ നമ്മുടെ ഈ കേരളത്തിലെ റിസർച്ചു സെന്റേഴ്സിനെപ്പററി പഠിക്കുന്നതിനും അതിന്റെ പ്രവർത്തനം നേരിട്ടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഭാസ്കരൻ നായർ]

കാണുന്നതിനും സാധിച്ച ഒരു അനുഭവസ്ഥൻ എന്നുള്ള നിലയിൽ ഇതിന്റെ
പ്രവർത്തനം വളരെ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നു പറയുന്നതിൽ തർക്കമി
ല്ലല്ലോ. റിസർച്ച് സെന്ററുഴ്സിനെപ്പററി സാധാരണഗതിയിൽ മനസ്സിലാ
ക്കുന്നതു്, കുറേ അപ്പാരട്ടസ്സും ഒരു ലാബറട്ടറിയും മൈക്രോസ്കോപ്പും
ടെസ്ററു ററ്യൂബ്ബുമുള്ള ഒരു സ്ഥാപനമെന്നാണ്. നേരേമറിച്ച കൃഷി വികസന
ത്തിനു വേണ്ടി പ്രത്യേകിച്ചും നെൽകൃഷിക്കുവേണ്ട റിസർച്ച നടത്തുന്നതിനും
കൂടുതൽ കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നല്ല രീതിയിൽ വിത്തുണ്ടാ
ക്കുന്നതിനുമുള്ള പരിശ്രമമാണ് അവിടെ നടക്കുന്നതു്. പട്ടാമ്പി, മങ്കൊമ്പ്
കായംകുളം എന്നീ റിസർച്ച സെൻററുകളിൽ ഇതിന്റെ പരീക്ഷണം വളരെ
യേറെ പുരോഗമിച്ച് നല്ല വിത്തുണ്ടാകുന്നതിനെ സംബന്ധിച്ചും അവ വിത
രണം ചെയ്യുന്നതിനുള്ള പരിശ്രമവും വിജയിച്ചതായി നമുക്ക് കാണാൻ
സാധിക്കും. ആ പരീക്ഷണങ്ങൾ പരിപൂർണ്ണമായി എന്നു ഞാൻ സമ്മതിക്കു
കയല്ല ചെയ്യുന്നതു്. എങ്കിലും റിസർച്ച എന്നു പറഞ്ഞാൽ ഒന്നോ രണ്ടോ
കൊല്ലംകൊണ്ടു പുരോഗമനത്തിലെത്തുവാൻ സാധിക്കുകയില്ല. നേരേമറിച്ച
വളരെ വർഷങ്ങളായി പലരീതിയിലുള്ള പ്രവർത്തനംകൊണ്ടു മാത്രമേ റിസർച്ച
പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളു. ആ നിലയ്ക്കു് കഴിഞ്ഞ ഏതാനും വർഷ
ങ്ങളായി റിസർച്ച ഫീൽഡിൽ വളരെയധികം പുരോഗമനം ഉണ്ടായിട്ടുണ്ട്.
എസ്റ്റിമേററ് കമ്മിററിയിലെ ഒരംഗമെന്നുള്ള നിലയ്ക്കു് കോയമ്പത്തൂരിൽ
പോയ അവസരത്തിൽ എനിക്ക് അവിടെനടക്കുന്ന അഗ്രിക്കൾച്ചറൽ റിസർച്ച
കാണാൻ സാധിച്ച ഏകദേശം 100 വർഷത്തെ പഴക്കമുള്ള അവിടെ നടക്കുന്ന
തിനു തുല്യമായ രീതിയിൽ നമ്മുടെ കേരളത്തിലും റിസർച്ച നടക്കുന്നുണ്ടെന്നു
അഭിമാനത്തോടുകൂടി എനിക്കു പറയുവാൻ സാധിക്കും. അവിടെ നിന്നും പല
ആളുകളും കേരളത്തിൽ വന്ന് അനുഭവസ്ഥർ എന്നുള്ള നിലയിൽ ഇവിടത്തെ
റി സ ർ ച്ച് പ്രവർത്തനത്തിൽ സംതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ട്. അ ങ്ങ നെ
റിസർച്ച് സാധാരണ നിലയിൽ കേരളത്തിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നു
കാണാൻ സാധിക്കും. അതിനു കൂടുതൽ പുരോഗതി ആവശ്യമാണെന്നു ഞാൻ
സമ്മതിക്കുകയാണ്. അതോടൊപ്പംതന്നെ ഒരു കാര്യം എനിക്ക് പ്രത്യേക
മായി പറയുവാനുള്ളതു് നെൽകൃഷി വികസിക്കുന്നതിനുള്ള സാദ്ധ്യത ആരായു
ന്നതിനോടൊപ്പം തന്നെ, ഒരുപ്പുകൃഷി ഇരുപ്പൂ ആക്കുന്നതിനുവേണ്ടി പരിശ്രമം
നടത്തുന്ന ആ സ്ഥലങ്ങളിൽ ഇരുപ്പുകൃഷിക്ക് പര്യാപ്തമല്ലെന്നു കാണുക
യാണെങ്കിൽ എന്തെങ്കിലും മററു ചില ക്രാപ്സ് കൃഷി ചെയ്യുന്നതിന്
സാദ്ധ്യതയുണ്ടെങ്കിൽ അതിനു അനുവാദം കൊടുക്കേണ്ടതു വളരെ ആവശ്യ
മാണെന്നു ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഗവണ്മെൻറിനോട്
അഭ്യർത്ഥിക്കുകയാണ്. ഉദാഹരണമായി എന്റെ സ്നേഹിതൻ ശ്രീ. എൻ.എസ്സ്.
കൃഷ്ണപിള്ള പറഞ്ഞതുപോലെ ആർ. ബ്ലോക്ക് കായൽനിലങ്ങളിൽ അതിനുള്ള
സാദ്ധ്യതയുണ്ടോ എന്ന് ആരായേണ്ടതാണ്. അ വി ടെ ഒരുപ്പുകൃഷിക്കു
പരിശ്രമം നടത്തുന്നതിനു വേണ്ടി ഗവണ്മെൻറിൽനിന്നും 14 ലക്ഷം രൂപ
വായ്പകൊടുത്തു് അതിനു പെർമനൻറായി ബണ്ട് കെട്ടിയതിനുശേഷം അതും
പരാജയമാണെന്നും അനുഭവസ്ഥർ പറയുകയാണ് ഒരുപ്പുകൃഷി ചെയ്യുന്ന നിലം
ഇരുപ്പൂ നിലമാക്കുന്നതിനുവേണ്ടി ബണ്ടു കെട്ടിയതിനുശേഷം അതു പരാജയ
മാണെന്നും അല്ലെങ്കിൽ അ തി നു അനുയോജ്യമല്ലാത്തവിധത്തിലാണെന്നു
തെളിയുകയാണെങ്കിൽ അവിടെ കരിമ്പു കൃഷി ചെയ്യുന്നതിനു അനുവാദം
കൊടുക്കണമെന്നാണ് അനുഭവസ്ഥർ പറയുന്നതു്. കരിമ്പു കൃഷിയെ സംബ
ന്ധിച്ചിടത്തോളം ഇന്നു നമുക്ക് നിലവിലുള്ള ഒന്നോ രണ്ടോ ഫാക്ടറികൾ
കൂടാതെ കൂടുതലായി ഏതാനും ഷുഗർ ഫാക്ടറികൾകൂടി ഉണ്ടാകാൻ പോകു
കയാണ്. ആ നിലയ്ക്കു് ഇന്നു പന്തളത്തുള്ള ഷുഗർമില്ലിന് ആവശ്യമായകരിമ്പു
കിട്ടുന്നില്ലെന്നുള്ളതു സത്യമാണ്. അവിടെ പത്തിരുപതു ദിവസത്തെ
പ്രവർത്തനത്തിനുള്ള കരിമ്പു മാത്രമേ കിട്ടുന്നുള്ളു. അതുകൊണ്ടു ക രി മ്പു
കൂടുതൽ ഉല്പാദിപ്പിക്കേണ്ടതു ആവശ്യമായിത്തീർന്നിരിക്കുന്നു. അ തി നു ള്ള
പദ്ധതികൾ നാം ആസൂത്രണം ചെയ്തുകൊണ്ട് കൂടുതൽ കൂടുതൽ ഏക്കറിൽ
കരിമ്പു കൃഷിചെയ്യുന്നതിന് ഗവണ്മെൻറ് മുൻകൈ എടുത്തു പ്രവർത്തിക്കേ
ണ്ടതാണ്. ആ അടിസ്ഥാനത്തിൽ ആർ ബ്ലോക്ക കായൽനിലങ്ങൾ കൺവെർട്ട

ചെയ്യാൻ സാദ്ധ്യതയുണ്ടോ എന്നു പരിശോധിക്കേണ്ടതു വളരെ ആവശ്യമാണു. അതിനുവേണ്ടി പരിശ്രമം നടത്തണമെന്നു് ഞാൻ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുകയാണു്.

മറെറാന്നു് കൃഷിയെ സംബന്ധിച്ചിടത്തോളം ഇന്നു കുട്ടനാട്ടിൽ ഉണ്ടായിട്ടുള്ള ന്യൂനതകളെന്തെല്ലാമാണെന്നും അതിനു താല്ക്കാലിക നടപടികളെന്തെല്ലാമാണെന്നുമുള്ളതിനെ സംബന്ധിച്ചുമൊക്കെ കുട്ടനാട്ടു മെമ്പർ ഇവിടെ പറഞ്ഞു കഴിഞ്ഞിരിക്കുകയാണു്. അവിടെ ഏററവും പ്രധാനമായി കാണുന്ന ന്യൂനത സായിൽ ടെസ്ററിംഗിനുള്ള അപര്യാപ്തതയാണു്. സായിൽ ടെസററുചെയ്തു ഏതു രീതിയിലുള്ള വളമാണു ചേർക്കേണ്ടതു എന്നുള്ളതു പരിശോധിക്കുന്നതിനു വേണ്ടിയിട്ടും മററും അവിടെയൊരു സങ്കേതമില്ലെന്നുള്ളതു പരമാർത്ഥമാണു് കുട്ടനാട്ടിൽ പാക്കേജു സ്കീം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ സായിൽ ടെസ്റ്റിംഗ് ലബോറട്ടറിയില്ലാത്തതു കൊണ്ടു സായിൽ ടെസ്ററു ചെയ്യുന്നതിനു വേണ്ടി വെള്ളായണി കാർഷികകോളേജിലുള്ള ലാബറട്ടറിയിൽ കൊണ്ടു പോകണം. ആ ലാബറട്ടറിയിൽ അന്വേഷിച്ചതിൽ ഇന്നു കുട്ടനാട്ടും മററുള്ള പ്രദേശത്തുമുള്ള സായിൽ ടെസ്ററു ചെയ്യുന്നതിനു പര്യാപ്തമായ രീതിയിലുള്ള സജ്ജീകരണങ്ങൾ അവിടെയില്ലെന്നും അതിനു സമയമില്ലെന്നും അറിയുന്നതിനു ഇടയായി. അങ്ങനെയുള്ളപക്ഷം കൂടുതൽ സജ്ജീകരണങ്ങൾ കൊടുക്കുന്നതിനും അതിനു പരീക്ഷണങ്ങൾ നടത്തുന്നതിനു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിലും ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണു്.

മറെറാന്നുകഴിഞ്ഞ ഏതാനും നാളുകളായി പ്രത്യേകിച്ചു് ഒരു കൊല്ലക്കാലമായി കുട്ടനാട്ടിൽ കാണുന്ന ഒരു വലിയ ഭീകരത പുതുതായി അവിടെയുണ്ടായ കമ്മ്യൂണിസ്ററു പായലിൻെറ ആവിർഭാവമാണു്. ചേർത്തല, ആലപ്പുഴ ഈ സ്ഥലങ്ങളിൽ കമ്മ്യൂണിസ്ററു പായലിൻെറ ശല്യം വളരെ വർദ്ധിച്ചിട്ടുണ്ടു്. കുട്ടനാട്ടും കുറേശ്ശേ ഈ ശല്യം തുടങ്ങിയിട്ടുണ്ടു്. തകഴിയിൽ നിന്നു് ചെമ്മീൻ റഷ്യയിലേക്കു് അയച്ചുകൊടുത്തതിനു പകരമായി ഏതോ ഒരു തരം മീനും കമ്മ്യൂണിസ്ററുപായലും അയച്ചുകൊടുത്തുവെന്നും ആ പായൽ ഇവിടെ കിടന്നു വളർന്നു വരികയാണെന്നും പറയുന്നു. നേരാണോ എന്നു എനിക്കു സൂക്ഷ്മമായി അറിഞ്ഞുകൂടാ. ഏതായാലും അതു കുട്ടനാട്ടും സമീപപ്രദേശത്തും ശല്യം തുടങ്ങിയിട്ടുണ്ടു് നിയോജകമണ്ഡലമായ ചങ്ങനാശേരിയിലും അതിൻെറ ശല്യം കുറേശ്ശേ തുടങ്ങിയിട്ടുണ്ടു്. ഈ പായൽ നശിപ്പിക്കുന്നതിനു് എന്താണു് ചെയ്യണമെന്നുള്ള കാര്യം ഗവണ്മെൻറു സത്വരമായി ശ്രദ്ധിക്കണമെന്നപേക്ഷിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. നാരായണൻ: സർ, നമ്മുടെ സമ്പദ്ഘടനയുടെ പ്രധാനഘടകമാണു് കൃഷിയെന്നുള്ളതിൽ ആർക്കും സംശയമുണ്ടാകുമെന്നു തോന്നുന്നില്ല. ഇതിൽതന്നെ നാളികേരം, നെല്ലു, അടയ്ക്ക മുതലായ കൃഷികളാണു് വരുമാനത്തിൽ പ്രാധാന്യമർഹിക്കുന്നതെന്നു കാണാൻ കഴിയും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച വളരെ ഗൗരവതരമായിത്തന്നെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാരെല്ലാം സംസാരിക്കുമ്പോൾ പറയാറുള്ളതാണു്, നമ്മുടെ സമ്പത്തിൻെറ പ്രധാന ഒഴുക്കുപോൽ നമുക്കാവശ്യമുള്ള ഭക്ഷണസാധനങ്ങൾ വാങ്ങിക്കുന്നതിനുവേണ്ടിയാണെന്നു്. അതിൽനിന്നും നമുക്കു കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള നമ്മുടെ ചുമതല വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ആ നിലയിലാണോ നാം ഇന്നു നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു പരിശോധിച്ചാൽ തീർച്ചയായും നമ്മുടെ ശ്രദ്ധ ആ കാര്യത്തിൽ വേണ്ടത്ര പതിയുന്നില്ലെന്നുള്ള കാര്യം വ്യക്തമായും പറയുവാൻകഴിയും. സർ, നമ്മുടെ കാർഷികരംഗംതന്നെ പരിശോധിച്ചാൽ അതിനൊരുദാഹരണമാണു്. ഇവിടെ പാക്കേജ് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഒന്നരകോടി രൂപയോളം നീക്കിവച്ചിട്ടുണ്ടു്. കുറേയെല്ലാം ചെലവുചെയ്തിട്ടുമുണ്ടു്. പക്ഷേ നമുക്കാവശ്യമുള്ള പുതിയതരം വിത്തുൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ നാം വേണ്ടത്ര മുന്നോട്ടു പോയിട്ടുണ്ടോ എന്നു ചോദിക്കുകയാണെങ്കിൽ ഇല്ല എന്നാണു് എൻെറ അഭിപ്രായം. ജലസേചനസൗകര്യമുള്ള പ്രദേശങ്ങളിൽ ആവശ്യമായിട്ടുള്ള മൂപ്പുകൂടിയ വിത്തുകൾ കണ്ടുപിടിക്കുകയും അവ കൂടുതൽ ഉൽപ്പാദിപ്പിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. വി. നാരായണൻ]

കൃഷിക്കാർക്ക് കൊടുക്കുകയും ചെയ്യുന്ന കാര്യത്തിൽ ഈ ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ മററു രംഗങ്ങളിലേക്കു കടന്നാലും ഇതുമാതിരിയുള്ള രംഗങ്ങൾ കാണാൻ കഴിയും. നല്ലതരം നിലക്കടലവിത്തുണ്ടാക്കുന്നതിനുവേണ്ടി ഒരു റിസർച്ച് സെൻറർ ആരംഭിക്കുന്നുണ്ടെന്നു കേട്ടു. അവിടെ പുതിയതരം നിലക്കടലവിത്തു ഉൽപ്പാദിപ്പിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു കാണാൻ കഴിയും.

അതുപോലെതന്നെ പരുത്തികൃഷിയുടെ കാര്യമാണെങ്കിൽ സീ ഐലൻറ് പരുത്തികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കുറെയെല്ലാം പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ ആ കൃഷിസ്ഥലങ്ങൾതന്നെ ഇന്നു കുറഞ്ഞുവരികയാണെന്നു എക്കണോമിക് റിവ്യൂ പരിശോധിച്ചാൽ നമുക്കു മനസ്സിലാക്കാൻ കഴിയും. ഇവിടെ പരുത്തികൃഷിക്ക് കാര്യമായ സഹായമൊന്നും കിട്ടുന്നില്ല. നെൽകൃഷിയുടെ കാര്യം പരിശോധിച്ചാലും ശ്രീമാൻ എ. കെ. രാമൻകുട്ടി പറഞ്ഞതുപോലെ കാലവർഷത്തിൻെറ അഭാവം കൊണ്ട് ഉണക്കംസംഭവിച്ച നിലങ്ങളിൽനിന്നുപോലും നികുതി ഈടാക്കാനുള്ള സംരംഭം നടത്തുന്നതായി കാണാൻ കഴിയും. ഇതിൽ മനുഷ്യത്വമില്ലാത്ത ഒരുതരം നീക്കമാണ് കാണാൻ കഴിയുന്നതു്. വെള്ളംകിട്ടാതെ കൃഷി മുഴുവൻ ഉണങ്ങിപ്പോയ കൃഷിക്കാർ പോലും ജലനികുതി കൊടുക്കണമെന്നുപറയുന്നതിൻെറ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. പാലക്കാട്ടുജില്ലയുടെ കിഴക്കൻ ഭാഗങ്ങളിൽ കൃഷിയെല്ലാം ഉണങ്ങിപ്പോയിരിക്കുകയാണ്. എന്നിട്ടും സ്വകാര്യ അണക്കെട്ടുകളുടെ ഉടമകൾ കൃഷിക്കാരിൽനിന്നു ജലനികുതികിട്ടുന്നതിനുവേണ്ടി ശക്തിയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പല കൃഷിക്കാരും പണം കയ്യിലില്ലെങ്കിൽപോലും നികുതികൊടുക്കാൻ നിർബ്ബന്ധിതരായിത്തീർന്നിരിക്കുകയാണ്. ഇങ്ങനെ കൃഷിക്കാരെ അവഗണിച്ചുകൊണ്ടുള്ള നീക്കം എവിടേക്കാണ് ചെന്നെത്തുക ?

സർ, ഈ ഗവണ്മെൻറിൻെറ കാർഷികനയത്തെപ്പററി പറയുമ്പോൾ എനിക്കു് ചോദിക്കാനുള്ളതു് ഇന്നു് കൃഷിക്കാർക്ക് ഗുണതരമായ എന്തെങ്കിലും നിയമം നടപ്പിലുണ്ടോ എന്നാണ്. ഈയിടെ കുടിയാൻ-കുടികിടപ്പുകാർ സംരക്ഷണനിയമത്തിൻെറ കാലാവധി നീട്ടിയിട്ടുണ്ട്. അതിൻെറ സമയം ഈയിടെ നീട്ടിയിട്ടുണ്ട്. ഇൻഡ്യ സ്വതന്ത്രമായതിനുശേഷം ഒരു സമഗ്രമായ നിയമമെന്നുള്ള നിലയിൽ ഒരു ആക്ററും നിലവിലില്ല. കാർഷിക പരിഷ്ക്കരണ ആക്ററ് പക്ഷേ അതും നടപ്പിലാക്കിയിട്ടില്ല. ഇതുകൊണ്ട് എന്താണ് വരുന്നതു്? പാട്ടബാക്കി കൊടുക്കേണ്ടിവരുന്ന കർഷകരെല്ലാം തന്നെ കൊടുക്കേണ്ടതായ ഗഡു തെററിയതുകൊണ്ട് കോടതിയിൽ പണം കെട്ടിവയ്ക്കാത്തതുകൊണ്ട് അവിടെ കയറിഇറങ്ങി നടക്കേണ്ട സ്ഥിതി വന്നിട്ടുണ്ട്. ഇവരുടെയെല്ലാംതന്നെ കന്നിമാസത്തിൽ കൊടുക്കേണ്ട ഗഡുവ് തെററി, അതിപ്പോൾ തുലാം 30-ാം തീയതി കഴിഞ്ഞാൽ പാട്ടക്കുറവ് കിട്ടുകയില്ല—മുഴുവൻ പാട്ടവും കൊടുക്കുവാൻ കൃഷിക്കാർ നിർബ്ബന്ധിതരാണ്— ഇങ്ങനെ കൃഷിക്കാരെ ഒരു ഭാഗത്തു് പാട്ടബാക്കിയുടെ പേരിൽ അലട്ടുമ്പോൾ മറുഭാഗത്തു് പോലീസിനെ ഉപയോഗിച്ചുകൊണ്ട് ജന്മിമാർ കൃഷി ഒഴിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ചെയ്തിട്ട് കൃഷി അഭിവൃദ്ധിപ്പെടുത്താൻ എത്ര പരിശ്രമിച്ചാലും ഫലമില്ല. കാർഷികപരിഷ്ക്കരണം നടപ്പിലാക്കേണ്ട കാര്യത്തിൽ ഗവണ്മെൻറ് ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾതന്നെ കൃഷിക്കാരനെ പ്രതികൂലമായി ബാധിക്കുന്നു. പാവപ്പെട്ട കർഷകൻെറ പ്രയത്നഫലംകൊണ്ട് കൂടുതൽ ഉൽപ്പാദിപ്പിച്ചാൽ ആ ഉൽപ്പാദനത്തിൻെറ തോതനുസരിച്ച് പാട്ടം വർദ്ധിക്കുകയും അതിൻെറ തോതനുസരിച്ചു നിലത്തിനു് വില വർദ്ധിക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ട് അധികം ഉൽപ്പാദിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തുക എന്നതിനുപകരം ഉൽപ്പാദിപ്പിച്ച് നശിക്കുക എന്നുള്ളതാണ് പാട്ടകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇത്തരത്തെനില. ഉൽപ്പാദനം അഭിവൃദ്ധിപ്പെടുത്തുക എന്നുള്ള മുറവിളി നാം കേട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ കൂടുതൽ ഉൽപ്പാദിപ്പിച്ച് നശിക്കുക എന്നുള്ള നിലയിലേയ്ക്കാണ് കൃഷിക്കാർ ഇന്നു പോയിക്കൊണ്ടിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം 100 പറ നെല്ല് കിട്ടിക്കൊണ്ടിരുന്ന നിലത്തിൽനിന്ന് 150 പറയായി വർദ്ധിച്ചാൽ അതിന്റെ തോതനുസരിച്ച് കൃഷിക്കാരൻ കൂടുതൽ പാട്ടമായിട്ടും വിലയായിട്ടും കൊടുക്കേണ്ടതായി വരുമെന്നുള്ളതുകൊണ്ട് കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുവാനുള്ള പ്രോത്സാഹനം കൃഷിക്കാരന് ഉണ്ടാകുന്നില്ല എന്നുള്ളത് നിഷേധിക്കാൻ കഴിയാത്ത വസ്തുതയാണ്. ഇങ്ങനെ കൂടുതൽകൂടുതൽ ഉൽപ്പാദിപ്പിക്കാനുള്ള പ്രവണതകൾ ഉണ്ടാകുന്നതിനുപകരം ഈ നിലകൊണ്ട് അവരുടെ ഉൽപ്പാദനത്തെ തടസ്സപ്പെടുത്തുകയാണ് ഗവണ്മെന്റ് ചെയ്യുന്നതെന്ന് വ്യക്തമായിട്ടും മനസ്സിലാകുന്നതാണ്. എന്തുകൊണ്ടാണ് ഭൂപരിഷ്ക്കരണനിയമം ഇനിയും നടപ്പാക്കാത്തത്? ഇതിനുമുമ്പ് റൂൾസെല്ലാം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. പക്ഷേ അതിനിയും എൻഫോഴ്സ് ചെയ്തിട്ടില്ല. അതുകൊണ്ട് കൃഷിക്കാർക്കെല്ലാംതന്നെ കോടതിയെ അഭയം പ്രാപിക്കേണ്ടിവരുന്നു. ഇങ്ങനെ കാർഷികരംഗത്തുള്ള ഗവണ്മെന്റിന്റെ നയം പരാജയമാണെന്ന് വ്യക്തമായും പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഓരോ വസ്തുതയും കൂടുതൽ കൂടുതൽ തെളിയുന്നുണ്ട്.

അതുപോലെതന്നെ ചെറിയചെറിയ കർഷകർക്ക് കൂടുതൽകൂടുതൽ നികുതി കൊടുക്കേണ്ടിവരികയാണ്. കൂടുതൽകൂടുതൽ നികുതി കൊടുത്തുകൊണ്ട് ഇന്നു കൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിക്കാത്ത സ്ഥിതി ഇന്ന് നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ട്. സർ, ഇവിടെ കടം കിട്ടാനുള്ള പദ്ധതികൾ ഉണ്ടെന്നു പറയുന്നു. പാക്കേജ് പദ്ധതിപ്രകാരം കൃഷിക്കാർക്ക് കുറെ കടം കിട്ടും. അതിനു കൂടുതൽ പലിശ കൊടുക്കേണ്ടിവരുന്നുണ്ടെന്ന് പല ബഹുമാനപ്പെട്ട മെമ്പറന്മാരും സൂചിപ്പിക്കുകയുണ്ടായി. വ്യവസായങ്ങൾക്കും മററും കൊടുക്കുന്ന കടത്തിന് വസൂലാക്കുന്ന പലിശയേക്കാളും കൂടുതലാണ് കൃഷിക്കാർക്ക് ഇന്ന് സർവ്വീസ് സഹകരണസംഘങ്ങളിൽനിന്ന് വാങ്ങുന്ന കടത്തിന് കൊടുക്കേണ്ടിവരുന്നത്. ഏഴേകാൽ ശതമാനം പലിശയാണ് എല്ലാ സർവ്വീസ് സഹകരണസംഘങ്ങളും ഹ്രസ്വകാല വായ്പക്ക് പലിശയായി ഈടാക്കുന്നത്. ഇത് എന്താണ് കാണിക്കുന്നത്. സർവ്വീസ് ബാങ്കിൽനിന്ന് അപ്പക്സ് ബാങ്കിലേക്ക് കടംകൊടുത്ത് അതിനുശേഷം അവിടെനിന്ന് ഡിസ്ട്രിക്റ്റ് സെൻട്രൽ ബാങ്കിലേക്കും അവിടെനിന്നും സർവ്വീസ് സഹകരണസംഘം കടം കൊടുത്ത് അവസാനം കൃഷിക്കാർക്ക് ഏഴേകാൽ ശതമാനം പലിശക്ക് കടം കൊടുക്കുന്നു. കൃഷിക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകാൻ കഴിയുമെങ്കിൽ പോലും മററു വ്യവസായങ്ങളിലുള്ളവർക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതൽ പലിശ ഇതിനു ഈടാക്കുന്നതിൽ എന്തു ന്യായീകരണമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുപോലെതന്നെ ഈ കർഷകർക്ക് കടം എടുക്കാൻ വേണ്ടി കൃഷിക്കാർ അപേക്ഷിച്ചാൽ സോൾവൻസി സർട്ടിഫിക്കററ് കൊടുക്കുന്ന കാര്യത്തിൽപോലും ഗവണ്മെന്റുദ്യോഗസ്ഥന്മാർ കാണിക്കുന്ന ക്ഷന്തവ്യമല്ലാത്ത അപരാധം വ്യക്തമാണ്. ഈയിടെ [illegible]ന്മാറ എന്ന സ്ഥലത്തുനിന്ന് കെ. വി. കൃഷ്ണൻ മാസ്റ്റർ എന്ന ഒരാൾ 400 രൂപ കടമെടുക്കാൻവേണ്ടി സോൾവൻസി സർട്ടിഫിക്കററിനപേക്ഷിച്ചിട്ട്—അദ്ദേഹം പ്രതിമാസം 100 രൂപ വരവുള്ള ആളാണ്—അത് കൊടുത്തില്ല എന്നുള്ളതാണ് പരമാർത്ഥം. ഇതിനെ സംബന്ധിച്ച് അദ്ദേഹം ബഹുമാനപ്പെട്ടമന്ത്രിക്ക് ഒരു മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. കടം വാങ്ങാൻ ഉദ്യോഗസ്ഥന്മാർ എല്ലാ വിധത്തിലും തടസ്സപ്പെടുത്തുന്നുണ്ട്. ഇങ്ങനെയാണ് 100 രൂപ പ്രതിമാസം വരവുള്ള ആളുടെ സ്ഥിതിയെങ്കിൽ പിന്നെ സാധാരണക്കാരന്റെ നില എന്താണ്? ഇന്ന് കൃഷിക്കാരുടെ നില വളരെയേറെ ദയനീയമാണ്. കൃഷിയെപ്പററി സംസാരിക്കുമ്പോൾ കൃഷിക്കാരുടെയും കാർഷികത്തൊഴിലാളികളുടെയും കാര്യം ഓർമ്മിക്കാതിരിക്കാൻ സാദ്ധ്യമല്ല. അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ വേണ്ടി പരിശ്രമിക്കേണ്ടതാണ്. ഇന്ന് ആരോഗ്യമുള്ള കർഷകത്തൊഴിലാളി കൃഷിത്തൊഴിലിൽ നിൽക്കാൻ തയ്യാറില്ലാതെ മററു തൊഴിലുകളിലേക്കു പോവുകയാണ്—ഇങ്ങനെ ആരോഗ്യം നശിച്ച കർഷകത്തൊഴിലാളി സാമ്പത്തികമായി നശിച്ച് കടത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്ന കൃഷിക്കാരൻ—ഇതാണ് കാർഷിക രംഗം—ആ നിലയിൽ കൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള പദ്ധതികൾ എന്തൊക്കെയാണെന്നുള്ളത് വളരെ വേഗം പരിശോധിക്കേണ്ടതുണ്ട്.

2/1772/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. വി. നാരായണൻ]

സർ, ഈ ഗവണ്മെൻറു് തീർച്ചയായും ജലസേചനപദ്ധതികളുടെ കാര്യത്തിൽ ശ്രദ്ധിക്കാതിരുന്നാൽ അതു് പലപ്പോഴും അപകടമായിത്തീരും എന്നു് ഈ സഭയിൽതന്നെ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണു്. ചിററൂർ താലൂക്കിൻെറ കിഴക്കൻ ഭാഗങ്ങളിൽ വെള്ളം കാണാതെ കാത്തുകിടക്കുന്ന—കന്നിമണ്ണെന്നാണു് അവിടെയുള്ളവർ പറയുന്നതു്. പശിമയേറിയ മണ്ണു്—അവിടെ കൃഷിയിറക്കുവാൻ കഴിയുന്നില്ല. കുരിയാർകുററി– കാരപ്പാറ ജലസേചനപദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞാൽ നാല്പതിനായിരത്തോളം ഏക്കർ കൃഷിഭൂമി കൃഷി ചെയ്യാനുള്ള ജലം കിട്ടുമെന്നാണു് മനസ്സിലാകുന്നതു്. ആ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ അതു് കൃഷിക്കു് ഏററവും പ്രയോജനപ്രദമായേക്കും. അതുപോലെതന്നെ പല ജലസേചനപദ്ധതികളും നടപ്പാക്കുന്ന കാര്യത്തിൽ നമ്മുടെ ശ്രദ്ധ വേണ്ടത്ര ചെന്നെത്തിയിട്ടില്ല. ഗവണ്മെൻറു് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു് ശ്രമിക്കുന്നതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാനത്തെ ജലസമ്പത്തു് വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയമായ സമീപനം അടിയന്തിരമായി എടുക്കേണ്ടതാവശ്യമാണു് നമ്മെക്കൊണ്ടു് കഴിയുന്നില്ലെങ്കിൽ സെൻട്രൽ ഗവണ്മെൻറിനെക്കൊണ്ടു് സഹായിപ്പിക്കുന്നതിനുവേണ്ടി ശക്തിയായി ആവശ്യപ്പെടണം. കേന്ദ്രത്തെ നിർബ്ബന്ധിക്കുന്ന കാര്യത്തിൽ കേരളം ഒററക്കെട്ടായിനിന്നു് മുന്നോട്ടു പോയെങ്കിൽമാത്രമേ നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുകയുള്ളു എന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ എതിർത്തുകൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. എം. എ. ആൻറണി : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു് ചില കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണു്. കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി കാർഷികരംഗത്തു് വളരെയേറെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നുള്ളതു് അഭിമാനസമേതം സമ്മതിക്കാവുന്ന ഒരു കാര്യമാണു്. ഈ മന്ത്രിസഭ അധികാരം ഏറെറടുത്ത 1960 മുതൽ കഴിഞ്ഞ മൂന്നു നാലു വർഷക്കാലം ഈ രാജ്യത്തിലെ സാമ്പത്തിക നിലവാരം ഉയർത്തുന്നതിനും കാർഷികരംഗത്തു് കൂടുതൽ ഫലപ്രദമായ പരിപാടികൾ നടപ്പിലാക്കി കർഷകജനതയുടെ ഭാരം കുറയ്ക്കുന്നതിനുംവേണ്ടി അനവധി പദ്ധതികൾ പ്രാവർത്തികമാക്കിയതിൻെറ ഫലമായി ഈ രാജ്യത്തിലെ കാർഷികവിളവു് വർദ്ധിക്കാനും ജനങ്ങളുടെ സാമ്പത്തികശക്തി ഭദ്രമാക്കാനും സാധിച്ചു എന്നുള്ളതു് ഏററവും അഭിമാനകരമായ ഒരു വസ്തുതയാണു്. കേവലം ഒരു ചെറിയ ഡിപ്പാർട്ടുമെൻറായിരുന്ന കൃഷി ഡിപ്പാർട്ടുമെൻറു് ഇന്നു് വളരെയേറെ പ്രവർത്തനങ്ങൾ ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെൻറായി വികസിച്ചുകൊണ്ടിരിക്കുകയാണു്. നെല്ലുൽപ്പാദനരംഗത്തു് കൂടുതൽ ഉൽപ്പാദനം നടത്തുന്നതിനുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ ഈ രാജ്യത്തിൻെറ ഭക്ഷ്യകമ്മി കുറെയെല്ലാം പരിഹരിക്കുന്നതിനു് സഹായിച്ചിട്ടുണ്ടെന്നുള്ളതു് വാസ്തവമാണു്. കൂടുതൽ വിളവുണ്ടാക്കുന്നതിനുവേണ്ടി കൂട്ടംകൃഷി പദ്ധതി നടപ്പിലാക്കുകയും അതിനുവേണ്ട എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുത്തുകൊണ്ടു് കാർഷികരംഗത്തു് കൃഷിക്കാർ അനുഭവിക്കുന്നതായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി പല പരിപാടികളും ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ടു്. പക്ഷേ ഇത്രയെല്ലാം പ്രവർത്തനങ്ങൾ കാർഷികരംഗത്തു് ഗവണ്മെൻറു് ചെയ്യുന്നുണ്ടെങ്കിലും കർഷകൻെറ നില ഇന്നു് ഉയർന്നിട്ടില്ല എന്നുള്ളതു് പരമാർത്ഥമാണു്. നെൽകൃഷി ചെയ്യുന്നതു് ക്ലേശകരമായ ഒരു സംഗതിയായിട്ടാണു്, ബുദ്ധിമുട്ടുണ്ടാകുന്നതായിട്ടാണു് ഇന്നു് കർഷകർ കണക്കാക്കിയിരിക്കുന്നതു്. കൃഷിരംഗത്തു് അവനു് ജീവിക്കാനുള്ള തോതിൽ പ്രതിഫലം കിട്ടുന്നില്ല എന്നുള്ളതു് വാസ്തവമാണു്. "നാടിൻെറ നട്ടെല്ലു് കർഷക"നാണു് എന്നു് ഉൽഘോഷിക്കാറുണ്ടെങ്കിലും കൃഷിക്കാരുടെ ദുരിതങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടി സമഗ്രമായ പരിപാടികൾ ഇനിയും ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. കർഷകൻെറ മുറവിളി കേൾക്കാൻ ഈ രാജ്യത്തു് ആരുമില്ല. തൊഴിലാളികളുടെ മുറവിളി കേൾക്കാൻ ഈ രാജ്യത്തു് ആളുകളുണ്ടെങ്കിലും പാവപ്പെട്ട കർഷകൻെറ മുറവിളി കേൾക്കാൻ ഈ രാജ്യത്തു് ആരുംതന്നെ ഇല്ലാത്ത അവസ്ഥയാണു് ഇന്നുള്ളതു്. കാർഷികരംഗത്തെ പ്രവർത്തനത്തിനുവേണ്ടി ഭാരിച്ച

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ അനവധിയുണ്ട്. അതിനുവേണ്ടി പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അതിലെല്ലാംതന്നെ വാരിക്കോരി പണം ചെലവാക്കുന്നുണ്ട്, പക്ഷേ എല്ലാത്തിന്റെയും അവസാനഫലം കാർഷികരംഗത്ത് കാര്യമായ എന്തെങ്കിലും മാററം വരുത്തിയിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്ന് ഉറപ്പിച്ചു പറയാൻ കഴിയും.

ശ്രീ. എം. നാരായണക്കുറുപ്പ്: നമ്മുടെ രാജ്യത്ത് 83 ശതമാനം ജനങ്ങൾ ഗ്രാമീണരാണെന്ന് പറയാം. ഇവിടെ നോക്കിയാൽ ഗ്രാമീണരുടെ പ്രതിനിധിയാണ് 63 ശതമാനവും നിയമസഭാ സാമാജികന്മാർ. എന്നിട്ടും അവരെ അവഗണിക്കുന്ന നയമുണ്ടാകാൻ എന്താണു കാരണം?

ശ്രീ. എം. എ. ആന്റണി: 83 ശതമാനം ഗ്രാമങ്ങളിൽ നിന്നുവരുന്ന 83 ശതമാനം പ്രതിനിധികളുണ്ടെങ്കിലും കൃഷിക്കാരുടെ കാര്യം പറയുന്ന എത്ര ജനപ്രതിനിധികൾ ഉണ്ടെന്ന് ഞാൻ ചോദിക്കുകയാണ്. ശ്രീ. കുറുപ്പുപോലും കർഷകന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ എന്നു സംശയമാണ്. സപ്ലീസിന്റെ കാര്യത്തെ സംബന്ധിച്ചും മററ് അതു പോലുള്ള കാര്യത്തെ സംബന്ധിച്ചും വളരെയേറെ പഠിക്കുകയും പ്രസ്താവിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹത്തിന് കൃഷിക്കാരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടാണ് കർഷകരുടെ സങ്കടത്തിന് പരിഹാരം ഉണ്ടാകാതിരിക്കുന്നത്. ഒരു കർഷകനായ ഇന്നത്തെ കൃഷിവകുപ്പുമന്ത്രിക്കുപോലും കർഷകരുടെ ബുദ്ധിമുട്ട് മനസ്സിലാക്കാൻ സാധിക്കുന്നുണ്ടെങ്കിലും, ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെന്നുള്ളത് പരമാർത്ഥമാണ്. സർ, ഇന്ന് കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എത്രയാണെന്നു നമുക്കെല്ലാവർക്കും അറിയാം. അവൻ രാവിലെ മുതൽ സന്ധ്യയാകുന്നതുവരെ വെയിലും മഴയുംകൊണ്ടു പണിയെടുത്താൽ 3 നേരത്തെ ഭക്ഷണത്തിനുള്ള വകപോലും കിട്ടുന്നില്ല. അവന്റെ ബുദ്ധിമുട്ട് ഭയങ്കരമാണ്. അവൻ കടം ചോദിച്ചാൽ ഈ രാജ്യത്തെ ഒരു പണക്കാരനും ഒരു പൈപോലും കൊടുക്കുകയില്ല. സപ്ലീസ് കോവാപ്പറേററീവ് സൊസൈററികൾപോലുള്ള സൊസൈററികളിൽനിന്ന് ഒരുപക്ഷെ രൂപ കടം കൊടുത്തെന്നു വന്നേക്കും. ഭൂപണയ ബാങ്കുകളിൽ കടത്തിന്നപേക്ഷിച്ചാൽതന്നെ ഒന്നും രണ്ടും കൊല്ലം കഴിഞ്ഞാലും കിട്ടുവാൻ പ്രയാസമാണ്. അങ്ങനെ വളരെ ദയനീയമായ സ്ഥിതിയാണുള്ളത്. ഞങ്ങളുടെ ഡിസ്ട്രിക്ററിനെ സംബന്ധിച്ചിടത്തോളം കർഷകർ ഇന്നു വെള്ളക്കരം പിരിവന്റെ പേരിൽ കഷ്ടപ്പെടുകയാണ്. പത്തും പന്ത്രണ്ടും കൊല്ലത്തെ വെള്ളക്കരം ഒന്നിച്ചു കൊടുക്കേണ്ടിവരുന്നു. വെള്ളം ഒരു തുള്ളി കിട്ടാത്ത ഭൂമിക്കുപോലും ഇങ്ങനെ കരം കൊടുക്കേണ്ടി വരുന്നു. അതു കൊടുക്കാത്തതിന്റെ പേരിൽ ജപ്തിയും, അറസ്ററുവരെയുള്ള സംഗതികളും നടന്നുകൊണ്ടിരിക്കുകയാണ്. ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പലപ്പോഴും ഇതു പെടുത്തിയിട്ടും സങ്കടപരിഹാരം ഉണ്ടായിട്ടില്ല. ലോകനാഥൻ റിപ്പോർട്ടിൽ പറയുന്നതുപോലെ നമ്മുടെ കാർഷികരംഗത്ത് ക്യാഷ്ക്രോപ്പ് ഉണ്ടാകേണ്ടത് ആവശ്യമാണ്. ഈ രാജ്യത്ത് ലക്ഷക്കണക്കിന് ഡോളർ സമ്പാദിച്ചു തരുന്നതാണ് ക്യാഷ്ക്രോപ്പുകൾ. പക്ഷെ ഇതിനും ശരിയായ വില കിട്ടുന്നില്ല. ഇഞ്ചിപ്പുല്ലുതൈലം വാങ്ങുന്നതിന് ഒരു സ്റ്റേററ് ട്രെയിഡിംഗ് കാർപ്പറേഷനുണ്ട്. എന്നാൽ ഇതുകൊണ്ട് ഇന്ന് ഇഞ്ചിപ്പുല്ലു കൃഷിക്കാർക്ക് യാതൊരു ഗുണവും ഇല്ലാതിരിക്കുകയാണ്. 2 കോടി ഉറുപ്പികയുടെ ഇഞ്ചിപ്പുൽ തൈലം ഇവിടെനിന്നും കയററി അയയ്ക്കുന്നുണ്ട്. പക്ഷെ ശരിയായ വില കിട്ടാത്തതുകൊണ്ട് ആ കൃഷിയും നശിച്ചുപോകുകയാണ്. അതുപോലെതന്നെയാണ് മരച്ചീനിയെ സംബന്ധിച്ചും. മരച്ചീനിക്ക് വിലയില്ലാത്തതുകൊണ്ട് ഇതു കൃഷി ചെയ്യുന്ന കൃഷിക്കാർ ഈ കൃഷിയിൽനിന്നും മാറിയിരിക്കുകയാണ്. ഇതിനെല്ലാം പരിഹാരം കാണാൻ ശ്രമിക്കണം. ചില പ്രദേശങ്ങളിൽ വെയർഹൗസുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതു കൂടുതലും പട്ടണ പ്രദേശങ്ങളിലാണ്. വാസ്തവത്തിൽ പട്ടണപ്രദേശങ്ങളിലല്ല ഇവ വേണ്ടത്. ഗ്രാമങ്ങളിൽ കൃഷിക്കാർ ധാരാളം താമസിക്കുന്ന പ്രദേശങ്ങളിലാണെങ്കിൽ അവർക്ക് കൂടുതൽ സൗകര്യപ്രദമായിരിക്കും. ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എ. ആൻറണി]

രംഗത്തേക്കും ഗവണ്മെൻറിൻെറ ശ്രദ്ധ തിരിയണമെന്നു ഞാൻ അപേക്ഷിക്കുകയാണു്. ഈ രാജ്യത്തെ ഭക്ഷ്യവിതരണത്തെ സംബന്ധിച്ചു ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനായി ഓരോ ഡിസ്ട്രിക്ടുകളിലും ഓരോ കമ്മിറ്റികളുണ്ടായിരുന്നു. അതിൻെറ കാലാവധി കഴിഞ്ഞിട്ടും പുനഃസ്ഥാപിക്കാൻ ഗവണ്മെൻറു് ശ്രമിച്ചിട്ടില്ല. അതുപോലെതന്നെ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനെ ഉപദേശിക്കുവാനായി ഒരു റിവർവാലി ബോർഡു് രൂപീകരിച്ചിട്ടുണ്ടായിരുന്നു. ഇതിൻെറ കാലാവധി കഴിഞ്ഞു് രണ്ടു കൊല്ലമായിട്ടും ഗവണ്മെൻറു് ഇതു് പുനഃസംഘടിപ്പിക്കുന്ന ലക്ഷണം കാണുന്നില്ല. ജനകീയഭരണം നിലവിലുള്ള രാജ്യത്തു ജനങ്ങളുടെ പരിപൂർണ്ണമായ പിന്തുണ ഉണ്ടാകണമെങ്കിൽ ഇങ്ങനെയുള്ളതായ കമ്മിറ്റികൾ രൂപീകരിക്കുന്നതു വളരെ പ്രയോജനപ്രദമായിരിക്കും.

ഇവിടെ ഒരു റബ്ബർ പ്ലാൻേറഷൻ കാർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ടു്. ഇന്നു് കോടിക്കണക്കിനു രൂപ ചെലവുചെയ്തു് റബ്ബർ പ്ലാൻേറഷൻ നടത്തുകയാണു്. പണം ചെലവാക്കുന്നതിനനുസരിച്ചു് പ്രയോജനം ലഭിക്കത്തക്ക വിധത്തിലല്ല ഇന്നു് അതിൻെറ പ്രവർത്തനം നടക്കുന്നതു്. ഗവണ്മെൻറിനു് ഉത്തരവാദിത്വമില്ലെങ്കിലും ഗവണ്മെൻറിൻെറ സ്ഥാപനമായ ഈ കാർപ്പറേഷൻെറ ചില പ്രവർത്തികളെ സംബന്ധിച്ചു് ഗവണ്മെൻറു് മനസ്സിലാക്കേണ്ടതുണ്ടു്. സർ, റബ്ബർ പ്ലാൻേറഷൻ പ്രത്യേക ഡിപ്പാർട്ടുമെൻറായി പ്രവർത്തിച്ചിരുന്ന കാലത്തു് അവർ നിയമിച്ചിരുന്ന പാവപ്പെട്ട തൊഴിലാളികളെ ഇന്നു പിരിച്ചുവിടാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഇതു തടയേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയാണു്.

മറ്റൊരു കാര്യം പറയാനുള്ളതു് ഓടക്കാലി ഇഞ്ചിപ്പുല്ല് ഗവേഷണ സ്ഥാപനത്തെപ്പററിയാണു്. കുറെ കാലമായി ലക്ഷക്കണക്കിനു രൂപ ഈ ഇഞ്ചിപ്പുല്ല് ഗവേഷണ സ്ഥാപനത്തിനുവേണ്ടി ചെലവു ചെയ്യുന്നു. ഇതിൽ ഇഞ്ചിപ്പുല്ല് കൃഷി ചെയ്യുന്ന കർഷകൾക്കു യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഒന്നുകിൽ ഈ ഗവേഷണകേന്ദ്രം ജനങ്ങൾക്കു് പ്രയോജനപ്രദമാകുന്ന രീതിയിൽ നടപ്പിലാക്കുക, ഇല്ലെങ്കിൽ ഈ സ്ഥാപനം നിറുത്തലാക്കി അതിനു ചെലവു ചെയ്യുന്ന പണം സബ്സിഡിയായി ഇഞ്ചിപ്പുല്ല് കൃഷിക്കാർക്കു് നൽകുക. ഇനി എനിക്കു് പറയാനുള്ളതു് വിത്തുൽപ്പാദനകേന്ദ്രത്തെ സംബന്ധിച്ചാണു്. ഞങ്ങളുടെ അടുത്തു് ഒരു വിത്തുൽപ്പാദനകേന്ദ്രമുണ്ടു്. അവിടെ മാതൃകാകേന്ദ്രം എന്നു് ബോർഡെഴുതിവച്ചിട്ടുണ്ടു്. പക്ഷേ അതിനു തൊട്ടടുത്തു സ്വകാര്യവ്യക്തികൾ ചെയ്ത കൃഷിയും ഇതുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഗവണ്മെൻറിനെക്കുറിച്ചു് അവജ്ഞയാണുണ്ടാകുന്നതു്. കാരണം ഗവണ്മെൻറിൻെറ പണം ചെലവാക്കി മാതൃകാ കേന്ദ്രമെന്നു ബോർഡുമെഴുതി വച്ചിട്ടുള്ളിടത്തു് കൃഷി ചെയ്തതിനേക്കാൾ വളരെ നല്ല നിലയിലാണു സ്വകാര്യവ്യക്തികൾ നടത്തുന്ന കൃഷി. അത്ര നിരുത്തരവാദപരമായ രീതിയിലാണു് ഇവ പ്രവർത്തിക്കുന്നതു്. അതുകൊണ്ടു് കൃഷിക്കാർക്കു് ഇന്നുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു് ഗവണ്മെൻറു് പരിശ്രമിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. കൃഷ്ണൻ : ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണു്. കൃഷി അഭിവൃദ്ധിപ്പെടുത്താൻവേണ്ടി പലവിധ പദ്ധതികളും നടപ്പാക്കുന്നുണ്ടെന്നു ഭരണകക്ഷിയിലെ അംഗങ്ങളും പ്രത്യേകിച്ചു മന്ത്രിമാരും അവകാശപ്പെടുന്നുണ്ടെങ്കിലും, നമ്മുടെ നാട്ടിലെ സ്ഥിതിവിശേഷം, ഈ അഭിവൃദ്ധി പ്രസംഗത്തിലും പ്രസ്താവനയിലും മാത്രമെയുള്ളു എന്നും, അതിനെതിരായ ഫലങ്ങളാണു് അനുഭവത്തിൽ കണ്ടുവരുന്നതെന്നും ഉള്ളതു് ഒരു വസ്തുതയാണു്. നമ്മുടെ നാട്ടിലെ കൃഷിക്കാരിൽ ബഹുഭൂരിപക്ഷവും വെറും പാട്ടക്കാരോ, രേഖയില്ലാത്ത കൃഷിക്കാരോ, തുണ്ടുതുണ്ടു കൃഷിഭൂമി കൈവശം വച്ചിട്ടുള്ളവരോ ആയിരിക്കും. കൃഷി അഭിവൃദ്ധിപ്പെടുത്തുന്ന നടപടികളുടെ ഫലം ഇത്തരം പാവപ്പെട്ട കൃഷിക്കാർക്കു് അനുഭവിക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണു



LIBRARY ARCHIVES Kerala Legislative Assembly

ണ്ടതു്. വാസ്തവത്തിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളതു്. ഏട്ടിൽ ഒതുങ്ങിക്കിടക്കുകയാണു്. ഇവിടെ സംസാരിച്ച പല മെമ്പറന്മാരും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കൃഷി അഭിവൃദ്ധിപ്പെടുത്താൻവേണ്ടി കടം കൊടുക്കുന്ന വ്യവസ്ഥകളെപ്പററി പറയുകയാണെങ്കിൽ കടം കിട്ടാൻ അർഹതയുള്ള മിക്കവാറും പാവപ്പെട്ട കൃഷിക്കാർക്കു് അല്ല അതു കിട്ടുന്നതു്. വലിയ കൃഷിക്കാർക്കാണു കിട്ടുന്നതു്. മീഡിയം ടേം ലോൺ, ലോംഗു് ടേം ലോൺ ഇതൊക്കെ വാങ്ങാൻ ജന്മിമാർക്കേ സാധിക്കുകയുള്ളു. സോൾവെൻസി സർട്ടിഫിക്കററു് കൃഷിക്കാരനും ജാമ്യം നിൽക്കുന്നവനും വാങ്ങിക്കണം. അതിനു ജന്മാധാരം താസിൽദാരുടെ മുമ്പിൽ ഹാജരാക്കിയാലേ പററുകയുള്ളു. അങ്ങനെ സർട്ടിഫിക്കററു വാങ്ങി 400-ഉം 800-ഉം രൂപാ കടം വാങ്ങാൻ ചെറിയ കൃഷിക്കാർക്കു് അസാധ്യമായതിനാൽ പോവുകയില്ല. ജന്മാധാരം കൈവശമുള്ള ജന്മികൾക്കു് ഈകടം ആവശ്യവുമില്ല. ഇത്തരം ചെറിയ തുക കന്നുകാലിയും മററും വാങ്ങാൻ ചെറിയ കൃഷിക്കാർക്കാണു വേണ്ടതു്. ഈ നിലയിൽ ഇങ്ങനെ കടം കൊടുക്കാൻ വച്ചിട്ടുള്ള പണം ചെലവാക്കാൻ സാധിക്കുകയില്ല. ചില കണക്കുകൾ കൊണ്ടു് അതു ചെലവായി എന്നു കാണുമായിരിക്കും. പക്ഷെ യഥാർത്ഥത്തിൽ കൃഷിക്കു കടം പോയിട്ടുള്ളതാണെന്നു പറഞ്ഞുകൂടാ. പാക്കേജു് പദ്ധതിയുടെ മുഖ്യയിനം വളത്തിനു കടം കൊടുക്കുകയെന്നുള്ളതാണു്. വളം കടമായിട്ടു കൊടുക്കുകയെന്നു പറയുമ്പോൾ, രാസവളം ഉണ്ടാക്കുന്ന കമ്പനിക്കാരുടെ ഏജൻറന്മാരായി കൃഷിഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ അധഃപ്പതിക്കുന്നില്ലേയെന്നു് എനിക്കു സംശയമുണ്ടു്. അവരാ പറയുന്നതുപോലെ ഈ രാസവളം ഉപയോഗിക്കുകയാണെങ്കിൽ നമ്മുടെ മണ്ണിന്റെ നില എന്തായിരിക്കും. നമ്മുടെ മണ്ണിൽ ഇന്നുള്ള പശിമ നിലനിൽക്കുമോ ? മണ്ണു് തീരെ കൃഷിക്കു കൊള്ളാത്ത ഒരു സ്ഥിതി വന്നുചേരുകയില്ലേയെന്നു ഞാൻ സംശയിക്കുകയാണു്. ഈ അഭിപ്രായം ഈ സഭയിൽത്തന്നെ പലരും പ്രദർശിപ്പിച്ചിട്ടുണ്ടു്. രാസവളത്തെ പററി ഉപദേശിക്കുന്ന ആളുകളോടുതന്നെ ചോദിക്കുമ്പോൾ, കാര്യം ശരിയായിരിക്കും, ഇനി എന്താണു വരാൻ പോകുന്നതെന്നു് ഞങ്ങൾക്കു് അറിഞ്ഞുകൂടാ, ഗവണ്മെൻറിന്റെ ഒരു നടപടിക്രമം എന്ന നിലയിൽ ഞങ്ങൾക്കു് ഇതു പറയാതിരിക്കാൻ നിവൃത്തിയില്ല എന്നാണു പറയുന്നതു്. രാസവളം അല്ലാതെ കാലിവളമോ, ചാരമോ പിണ്ണാക്കോ ഒന്നും വാങ്ങാൻ ലോൺ ലഭിക്കുകയില്ല. പാക്കേജു് പദ്ധതി വന്നിട്ടുള്ള സ്ഥലത്തു് അത്തരം വളങ്ങൾ വില്പനക്കു സൂക്ഷിക്കുന്നുമില്ല. രാസവളത്തിനു് ഏക്കറിനു് 100 രൂപാവരെ കൊടുത്തു കൊണ്ടു് ഇത്തരത്തിലുള്ള വളം മാത്രം ഉപയോഗിക്കണം എന്ന സ്ഥിതി ഉണ്ടാക്കിയാൽ ചെറിയ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, മററു വളങ്ങൾ വാങ്ങാൻ പണമുണ്ടാകുകയില്ല. മററു വളങ്ങൾ ഉപയോഗിക്കാതെ രാസവളം മാത്രം ഉപയോഗിച്ചു് കുറെക്കാലം കൃഷി ചെയ്താൽ പിന്നത്തെ നില എന്താകുമെന്നു നാം മനസ്സിലാക്കണം. സീഡു് ഫാംസിൽ രാസവളമാണുപയോഗിക്കുന്നതു്. അതിനടുത്തുള്ള മററു നിലങ്ങളിൽ മററുതരം വളമാണു് ഉപയോഗിക്കുന്നതെങ്കിലും, വിളവു് കൂടുതലായിട്ടാണു കാണുക. കണക്കു കൂട്ടി വിളവെല്ലാം ഒരേശതമാനത്തിലാണെന്നാണു ഡിപ്പാർട്ടുമെൻറുകാർ പറയുന്നതു്. കൃഷിക്കാർ കൊയ്ത്തിനു നെല്ലു പതം കൊടുക്കും. സീഡു്ഫാംസു് നെല്ലു് കൊടുക്കുകയില്ല. എല്ലാത്തിനും പണം കൂലിയെകൊടുക്കുകയുള്ളു അങ്ങനെ നെല്ലൊന്നും കൊടുക്കാതെ പതിരടക്കം തൂക്കിനോക്കിയാണു് ഈ ശതമാനം ഒരുപോലെയെന്നുപറയുന്നതു്.

**ശ്രീ. ജോസഫു് ചാഴിക്കാട്ടു് :** രാസവളം തുടർച്ചയായി നാലഞ്ചുകൊല്ലം ഉപയോഗിച്ചാൽ നിലം ഉപയോഗശൂന്യമാകുന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ ?

**ശ്രീ. ആർ. കൃഷ്ണൻ :** അതാണു ഞാൻ പറഞ്ഞുവരുന്നതു്.

**ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി :** രാസവളം മാത്രം ഉപയോഗിക്കുകയും പച്ചിലവളം ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നതു കൊണ്ടു് നിലം തീരെ ഉപയോഗമില്ലാതാകുന്നു എന്നറിയാമോ ?

**ശ്രീ. ആർ. കൃഷ്ണൻ:** ഞാനും ഒരു ചെറിയ കൃഷിക്കാരനാണ്. രാസവളം കൂടുതൽ ഉപയോഗിക്കുകയും മററു വളം ഉപയോഗിക്കാൻ സൗകര്യമില്ലാതിരിക്കുകയും ചെയ്യുന്ന പാടങ്ങളിൽ പോയി നോക്കിയാൽ, ആ വ്യത്യാസം അറിയാൻ കഴിയും. അത്തരം നിലങ്ങളിൽ വിളവ് കുറഞ്ഞു കുറഞ്ഞു വരും. രാസവളം ഉപയോഗിച്ച നിലത്തിൽ അതു ഉപയോഗിക്കാതെ നെല്ല് ഉണ്ടാവുകയില്ലെന്നുള്ള നില വന്നിട്ടുണ്ട്. രാസവളം നമ്മുടെ നിലങ്ങളിലെ ഉല്പാദനശേഷിയെ ബാധിക്കുന്ന നില ഉണ്ടാവുകയില്ലേ എന്നു ഞാൻ സംശയിക്കുന്നു. ഗവൺമെൻറ് ഈ കാര്യത്തെപ്പററി ബലമായി പരിശോധിക്കണം. വളം വാങ്ങാൻ ലോൺ കൊടുക്കുന്ന സംഖ്യയിൽനിന്നും പച്ചിലവളമോ കാലിവളമോ വാങ്ങി ഉപയോഗിക്കാനുള്ള സൗകര്യം ഈ കടം നൽകുന്ന പദ്ധതിയിൽ ഉൾക്കൊള്ളിച്ചില്ലെങ്കിൽ, നിലങ്ങൾ ഞാൻ സംശയിച്ചതുപോലെ ആയിത്തീരുകയില്ലേയെന്നു ഭയപ്പെടുന്നു. മീഡിയം ടേം ലോൺ കൊടുക്കുന്നത് നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുത്താനാണെങ്കിൽ. കുറെ ഉദാരമായ നിലയിൽ അതു കൊടുക്കേണ്ടതാണ്. അഞ്ചു ശതമാനം മുതൽ എട്ടേമുക്കാൽ ശതമാനം വരെ പലിശ കൃഷിക്കാർ കൊടുക്കേണ്ടിവരുന്നു. ഷോർട്ട് ടേം ലോണിനു് ഇരട്ടി പലിശ കൊടുക്കേണ്ടി വരുന്നുണ്ട്. കോവാപ്പറേററീവ് സൊസൈററിയിൽനിന്നും കടം വാങ്ങിയാൽ അടുത്ത വിള എടുക്കുമ്പോൾ പലിശയോടുകൂടി പണം കൊടുക്കുന്നു. അടുത്ത ലോൺ വാങ്ങി അടുത്ത വിള എടുക്കുമ്പോൾ അതുപോലെതന്നെ കൊടുക്കുന്നു. ഇങ്ങനെ ഒരു സംഖ്യയ്ക്കുതന്നെ കൊല്ലത്തിൽ രണ്ടു തവണ പലിശ കൊടുക്കേണ്ടി വരുന്നതുകൊണ്ടാണ് ഞാൻ ഇരട്ടി പലിശ കൊടുക്കേണ്ടി വരുന്നു എന്നു പറഞ്ഞത്. പിന്നെ ഗഡുവ് തെററിയാൽ ഫൈൻ കൊടുക്കണം. സാധാരണ നാട്ടിൽ ഹുണ്ടിക കച്ചവടക്കാർ പലിശ ഈടാക്കുന്നതുപോലെ ഗവൺമെൻറിൻെറ നിർദ്ദേശത്തോടുകൂടി കൊടുക്കുന്ന സംഖ്യകൾക്ക് സഹകരണസംഘങ്ങൾ പലിശ ഈടാക്കുകയാണെങ്കിൽ ഒരിക്കലും കൃഷിക്കാരനു സഹായകമാകുകയില്ല. കൊയ്ത്തു കാലത്ത് നെല്ലിനു് ഏററവും വിലകുറവായിരിക്കും. ആ കാലത്താണു നെല്ലു വിററ് കടം തീർക്കാൻ അവർ നിർബന്ധിതനാകുന്നത്. ഒന്നുരണ്ടു മാസം കഴിഞ്ഞാൽ കൂടുതൽ വില കിട്ടും. പക്ഷേ ആ കൂടുതൽ കിട്ടുന്ന വില യഥാർത്ഥ കൃഷിക്കാരനു് അനുഭവിക്കാൻ കിട്ടുന്നില്ല. സാമ്പത്തിക പരാധീനതയിൽ എന്നും കൃഷിക്കാർ കഴിഞ്ഞു കൂടുന്നു എന്നുള്ളതു് ഒരു വസ്തുതയാണ്. മറെറാന്നു് ശ്രീ. കെ. വി. നാരായണൻ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഉല്പാദിപ്പിക്കുക, ഉല്പാദിപ്പിക്കുക എന്നു പ്രേരണ ചെലുത്തിയിട്ട് ഉല്പദിപ്പിക്കുന്നതിൻെറ നാലിലൊന്നു് ജന്മിക്കു് പോകണമെന്നു നിയമം എഴുതിവച്ച് നടപ്പിലാക്കാൻ പോവുകയാണ്. ഞങ്ങളുടെ നാട്ടിലെ വെറും പാട്ട കുടിയാന്മാർ എടുത്തു ചോദിക്കുന്നതു്, ഇപ്പോൾതന്നെ വിളവു കൂടുതലുണ്ടാക്കിയാൽ ജന്മിക്കു് വീതിച്ചു കൊടുക്കേണ്ടി വരികയില്ലേ എന്നാണ്. മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടുപോരേ കൂടുതൽ ഉൽപാദിപ്പിക്കുന്നതു് എന്നു സാധാരണ കൃഷിക്കാർ ചോദിച്ചാൽ അതിനു മറുപടി പറയാൻ നിവൃത്തിയില്ല, കൂടുതൽ വിളവുണ്ടായാലല്ലേ പാട്ടം കൂടുതൽ കൊടുക്കേണ്ടിവരിക. ഇന്നപ്രദേശത്തുള്ള നിലങ്ങളിൽ ഇത്ര വിളവു വരും, പറമ്പിൽ ഇത്ര വിളവു വരും എന്നെല്ലാമുള്ള ഒരു സ്ഥിതി വിവരക്കണക്ക് ബ്ലോക്കുദ്യോഗസ്ഥന്മാർ എടുക്കുന്നതിൻെറ അടിസ്ഥാനത്തിൽ പാട്ടം കണക്കാക്കണമെന്നാണു ഭൂപരിഷ്കരണ നിയമത്തിൽ എഴുതി വച്ചിട്ടുള്ളതു്. ഫലം കൂടുതൽ ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ സത്യസന്ധമായ പ്രചോദനം ഗവൺമെൻറിനു നഷ്ടപ്പെട്ടിരിക്കുന്നു. ഇങ്ങനെ കൃഷിക്കാർ വിഷമിക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേക്കു നീങ്ങുകയാണ്. ഉൽപാദനം മന്ദീഭവിക്കാനുള്ള പ്രവണത നില നില്ക്കുകയാണ്. ലോൺ ഉദാരമായി കൃഷിക്കാർക്കു കൊടുക്കണമെന്നും പലിശ ഇത്രയധികം ഈടാക്കാൻ പാടില്ലെന്നുമാണ് എനിക്കു പറയുവാനുള്ള മറെറാരുകാര്യം എന്നുമാത്രവുമല്ല, രാസവളം ഇത്ര അധികം ഉപയോഗിക്കാൻ പ്രേരണ ചെലുത്തുന്നതു് അവസാനിപ്പിക്കാൻ നമുക്കു സാധിക്കണം. സസ്യസംരക്ഷണ നടപടികൾ കൂടുതൽ ആവശ്യമായി വന്നിട്ടുള്ള ഈ സന്ദർഭത്തിൽ ശ്രദ്ധിക്കേണ്ട മറെറാരു കാര്യം ഉണ്ട്. പാ. .ക്കാട്, കുട്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നാട്ടപോലെയല്ല. പാലക്കാട്ട് വലിയ കൃഷിക്കാർ വളരെ ചുരുക്കമാണ്. എല്ലാം തുണ്ടുതുണ്ട കൃഷികളാണ്. ഒരു വയലിൽ പുഴുക്കേട വന്നാൽ അവിടെ മാത്രം കീടനാശിനി ഉപയോഗിച്ച് പുഴുക്കേട് ഇല്ലാതാക്കിയാൽ, അടുത്ത കൃഷിക്കാർ അതു ചെയ്യില്ലെങ്കിൽ, വിശേഷ ഗുണമൊന്നുമുണ്ടാവുകയില്ല. അടുത്ത കൃഷിക്കാർ അതു ചെയ്യിട്ടുണ്ടായിരിക്കുകയില്ല. അവർക്ക് സ്പ്രേയർ തന്നെ ഉണ്ടായിരിക്കുകയില്ല. ബ്ലോക്കിൽ ഒന്നോ രണ്ടോ സ്പ്രേയറെ കാണുകയുള്ളു. ദിവസം നാലണ വാടക കൊടുത്താലെ അതു കിട്ടുകയുള്ളു. എന്നാൽ തന്നെ അത് എത്ര പേർക്കാണ് കിട്ടുക? ഒരു സ്ഥലത്തു കീടനാശിനി ഉപയോഗിച്ചാൽ അടുത്ത സ്ഥലങ്ങളിൽകൂടെ ഉപയോഗിച്ചില്ലെങ്കിൽ ഏഴെട്ടു ദിവസം കഴിയുമ്പോൾ ചെയ്ത വേല നിഷ്ഫലമാകും. മകരവിളവ് എലിയുടെ ഉപദ്രവംകൊണ്ട് വളരെ നഷ്ടപ്പെട്ടപ്പോൾ, ഞാൻ കുറെ പണം ചെലവാക്കി അത് നശിപ്പിച്ചു. പക്ഷെ, അടുത്ത സ്ഥലങ്ങളിലുള്ളവരും എലികളെ നശിപ്പിക്കാത്തതുകൊണ്ട് ഒരു ഗുണവും ആർക്കും ഉണ്ടായില്ല. അതുകൊണ്ട് കീടങ്ങളെ നശിപ്പിക്കാൻ പൊതുവായി ഏർപ്പാട ചെയ്യില്ലെങ്കിൽ ഗുണമൊന്നും ഉണ്ടാകാൻ പോകുന്നില്ല. അതു പൊതുവായ നിലയിൽ ചെയ്യുന്നതിന കൃഷിക്കാരിൽനിന്നും ഒരു സംഖ്യ ഈടാക്കിയാലും തരക്കേടില്ല. ഇപ്പോൾ റബ്ബർ തോട്ടങ്ങളിലും തെങ്ങിൻതോട്ടങ്ങളിലും ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽതന്നെ ഈ പ്രവൃത്തി ചെയ്യുന്നുണ്ടെന്ന കേട്ടിട്ടുണ്ട്. നെൽകൃഷി ആദായകരമല്ലെന്നുള്ള ഒരു ഫീലിംഗ് ഇന്ന കാണുന്നുണ്ട്. നാണ്യവിളകളാണ കൂടുതൽ ലാഭമെന്ന വന്നിട്ടുണ്ട്. നെൽകൃഷി സ്ഥലങ്ങൾ നാണ്യവിളക്കുവേണ്ടി മാററാൻ പാടില്ലെന്ന നിയമമുണ്ടെങ്കിലും ഇന്ന് അങ്ങനെ നടക്കുന്നുണ്ട്. നിലങ്ങളിൽ ഏത്തവാഴയും മററും വയ്ക്കുന്നുണ്ട്. കുട്ടനാട്ടിൽ കരിമ്പുകൃഷിക്ക അനുവദിക്കണമെന്ന ചിലർ പ്രസംഗിച്ചു ആ ഒരു പ്രവണത മാററാൻ നെൽകൃഷിക്ക സബ്സിഡി കൊടുത്തുകൂടേ എന്നാലോചിക്കണം. അപ്പോൾ പറയും, പണമില്ലെന്ന്. ഖാദിക്ക മുപ്പതും അമ്പതും ശതമാനംവരെ റിബേററ കൊടുത്തു കോടിക്കണക്കിന രൂപാ ചെലവാക്കുമ്പോൾ ഗവണ്മെൻറിന് അന്യരാജ്യങ്ങളിൽനിന്നും അരിയും മററും വരുത്താൻ ഇടയാക്കുന്ന സ്ഥിതിവിശേഷം കണ്ടുകൊണ്ട് നെല്ലിന് ന്യായമായ സബ്സിഡി കൊടുക്കുന്ന കാര്യം പരിഗണിച്ചുകൂടെ എന്നാണ് എനിക്കു ചോദിക്കാനുള്ളത് ;

ശ്രീ. ഇ. പി. പൗലോസ് : ഒരു പറ നെല്ലിന് എന്തു സബ്സിഡി കൊടുത്താൽ ന്യായമായിരിക്കും.

ശ്രീ. ആർ. കൃഷ്ണൻ : പെട്ടെന്നു ചോദിച്ചാൽ പറയാൻ വിഷമമാണ്. നമുക്ക് അതു ആലോചിച്ചു കണക്കാക്കാം. നെല്ലിന് മാക്സിമം വില വരുമ്പോൾ എന്തു കിട്ടുന്നുണ്ടെന്നും അവിടെ ഏത്തവാഴയും മററും വച്ചാൽ എന്തു കിട്ടുമെന്നും മററും കണക്കാക്കി ഒരു സബ്സിഡി നിശ്ചയിച്ചാൽ നന്നായിരിക്കും. ലോണിൻെറ കാര്യത്തിൽ ഉദാരമായ നില കൈക്കൊള്ളാൻ ശ്രമിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**Shri R. Raghava Menon :** Mr. Speaker Sir, Agriculture is the most important subject in our state. Ours is a small State and most of our people depend on agriculture. A major part of our land is covered with good forest. I do not want to go in to the details of what is being done to our forests. I do not want to touch that question.

Regarding agriculture, Sir, I want to say that Govrnment should take some more interest and I appeal not only to the Ministers, but also the Members of this House to go and see the difficulties of the agricultul rists. I request my esteemed friend, the Agriculture Minister for whom I have great respect, to be a little more active. It is on him the future of agriculture in the State depends. Unless the Minister visits places through out the State and comes into contact with the cultivators and promises them help and carries out also the promises and help which they are legitimately entitled, there will be no

[Shri R. Raghava Menon]

prospect. The discussion in the Assembly is of no use. What must be done ? There are agriculturists who want to get as much land as possible. Some of them do not have capital; some of them have no good seeds ; some of them have no means to meet their wants, etc. All these things can be achieved if the Government take a real interest and especially in such a small State as ours. Bigger States have done very much in cultivation and they are gettting on very well.

ശ്രീ. ജോസഫ് ചാഴിക്കാട്: ഒരുചോദ്യം. പാലക്കാട്ടുജില്ലയിൽ രണ്ടു ലക്ഷത്തി അൻപതിനായിരത്തിൽപരം ഏക്കർ വനമായിട്ടു കിടപ്പുണ്ട്. അതിൽനിന്നു കുറെ വനമെടുത്തു കൃഷിക്കാർക്കു കൊടുക്കുന്നതിനെപ്പററി എന്തു പറയുന്നു ?

**Shri R. Raghava Menon :** You cannot take. If possible, you must preserve the forest, because Palghat Forests are very important. In Malampuzha we have spent 9 crores of rupees and if the forest is not preserved, it will be nowhere. You must note that apart from the manure which you get from the forests for cultivation, which is very valuable, there is also the danger that your own irrigation projects will be nowhere. So as far as Palghat is concerned, I am fully aware of all the conditions and I am saying what Government must do. Instead of preserving the forests you are trying to settle people there. That is not good. You must find out areas other than forest areas for the people to live. The difficulty is, unfortunately we are no better though we have got self Government. We ask our Ministers and our M. L. As. but no use. The Collectors are impertinent executives as they were under the Britishers. Of course, they had no contact with the people. Are we now better. If some of us go there and talk, we will be abused by them. The man who is in charge of the District, even though he is a real cultivator, does he go about? What is his work? Of all the 24 hours that he has, does he spend three hours a day to see the people and study their difficulties? He has no contact with the people. So also our Ministers should go and find out the difficulties that the agriculturists have to face and advise them to start co-operative societies and lend them money so that they can use that for cultivation. As soon as the harvest is over, the loan amounts can be collected. We must give loans to the small cultivators and see that the money is not wasted. Co-operative societies must function among the people and the people must be the shareholders of the society. They must know how to collect the money and see that the money is not wasted. You must do that. That must be done to help the cultivators. Unfortunately we are not rich people. We are poor people and the cultivators are not very rich, except a few. They must be given help and the only way through which we can help them is to start co-operative societies in important areas and see that they are well-maintained. Not only that many things can be done by the Government. If my esteemed friend hon. Shri Poulose comes with me and go round Palghat District, I will take him to all the cultivators and make him understand the conditions of the people and their wants. So also he must go about and have a survey, not the survey which is read on papers, but human survey of the Minister who is responsible to the people. If that is done there will be no more difficulty. The

LIBRARY ARCHIVES Kerala Legislative Assembly

cultivation can be improved and our State can continue as a very good agricultural State. We have got manure and we have got forest resources.

As regards water, we have got irrigation works. We can also have tube wells and other things. If the Minister wants to have 100 tube wells, he may have constructed them in no time. If he goes about and tell the people, "These are your wants. Government cannot give the money. So I will go from this place, only if you subscribe the amount." You need not have any doubt, they will come forward. Our people still have some sense of responsibility. Now they know something. Therefore, my submission is that this is the problem of agriculture. This is very important for us and it can be very well organised and every cultivator can be helped with the necessary money, provided we take it in the right direction and the Government by itself do not do everything. Whatever be their status and whatever be the difficulties that they have, that is not the question. The thing is they must go and work among the people. Mahatma Gandhi instilled such a spirit and it succeeded. But here Government must inspire. I do not say our people are also very responsible. I know that very well. But still something can be done by the Government. They do not care, they do not listen. About the relationship between landlords and tenants. Somebody was saying, that it has been already discussed here in this Assembly and the tenants must have their share and the landlords must also have their share. That must be the principle. Tenants want landlords to leave the land and meet there expenses. Landlords cannot starve. You must have love for every body. Every citizen must love his neighbours. That should be done in a good spirit, receiving enough funds for oneself and at the same time helping the other people who are legitimately entitled. You must have that feeling of patriotism, brotherhood and sympathy for others.

ശ്രീ. ആർ. കൃഷ്ണൻ : അപ്പോൾ ശ്രീ. രാഘവമേനോന്റെ അഭിപ്രായം നമ്മുടെ ഭൂമിയുടെ പഴയ ഫ്യൂഡൽസമ്പ്രദായം അങ്ങനെതന്നെ നിലനിൽക്കണമെന്നും, സോഷ്യലിസത്തിലേക്ക പോകേണ്ട എന്നുള്ളതുമാണോ ?

**Shri R. Raghava Menon :** You have not understood what feudalism is. You must have read of feudalism. Who is now 'Lord'? Is it the landlords or tenants ? If the lands belong to the tenants what will the landlords do? They must starve and die: The landlords must be given an equitable portion. Tenant must cultivate the land, meet his expenses and pay half of the remaining portion to the landlords and have a good society, where the landlords will love the tenants and tenants will in return respect the landlords. That is what we want. If you override one section, certainly, that section will sooner or later go and then there will be no peace in the society. Each must be satisfied with the legitimate share that he can have and give a fair share to the other party and then everything will go smoothly.

There is no difficulty. Agriculture is very good, people will take interest in it and they are taking interest. We have got reservoirs and we have got all other facilities. To bring the remaining portion also under cultivation, Government can find out more water resources by erecting tube wells and other things. Agriculture has got a good future, if only the Government will take active steps and the people

2/1772/V

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

make all their efforts. If that is so, agriculture has got a bright future. We need not go about and we need not denude our forests. It is absolutely dangerous also. It is not necessary for us.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: സർ, എനിക്കു എത്ര സമയമുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: 13 മിനിട്ട് അനുവദിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: കാർഷികപുരോഗതിയുടെ അടിസ്ഥാനത്തെക്കുറിച്ചാണ് എനിക്കു മുമ്പ് സംസാരിച്ച ശ്രീ. രാഘവമേനോൻ സ്പർശിച്ചതു്. കാർഷികപുരോഗതിയുണ്ടാകണമെങ്കിൽ തീർച്ചയായും ഭൂബന്ധങ്ങളിൽ മാററം വരുത്താതെ സാദ്ധ്യമല്ല. അതു അങ്ങേപ്പുറത്തിരിക്കുന്ന എൻെറ മാന്യ സുഹൃത്തുക്കളും സമ്മതിക്കുന്നതാണ്. കാരണം, ഭൂമി കൃഷിക്കാരനു കൊടുക്കാതെ എന്തു വികസന പ്രവർത്തനം നടത്തിയാലും അതു സംപൂർണ്ണമായി വികസിപ്പിക്കാൻ സാദ്ധ്യമല്ല. ഒന്നാമതു, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, വിത്തും വളവും കൊടുക്കുക, കടം കൊടുക്കുക എന്നുള്ള ആനുകൂല്യങ്ങളെല്ലാക്കെ ഭൂമിയുള്ള കർഷകനെ പ്രയോജനമുള്ള അത്രും കൂടുതൽ ഭൂമിയുള്ളവർക്കു കൂടുതൽ പ്രയോജനമുള്ള എന്നുള്ളതു് ഒരു സവിശേഷതയല്ലേ. അപ്പോൾ സമഗ്രമായ വിതരണം ഈ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകണം. ആദ്യമായി അതിൻെറ വിതരണം ക്രമപ്പെടുത്തത്തക്കതരത്തിൽ ഭൂബന്ധത്തിൽ കൂടി മാററം വരുത്തണം. എന്തു വലിയ ജലസേചനപദ്ധതിയുണ്ടാക്കിയാലും കൃഷിവികസനപദ്ധതിയുണ്ടാക്കിയാലും ഭൂമിയില്ലാത്ത കർഷകനു അതുകൊണ്ടു് എന്താണു പ്രയോജനം. കുടികിടപ്പുകാരനു ചീപ്പുകൊടുത്താൽ എന്താണു അതുകൊണ്ടുണ്ടാകുന്ന പ്രയോജനം. ഭൂമിയില്ല, ജലസേചനപദ്ധതിയുണ്ട്. ഭൂമിയില്ലാത്ത കർഷകനെന്തു പ്രയോജനം. അടിസ്ഥാനപരമായി ഭൂമിയുടെ ബന്ധത്തിൽ മാററം വരുത്തുക എന്നുള്ളതു കാര്യമായി എടുത്തിട്ടില്ല കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ അതു ചർച്ചചെയ്യപ്പെടുത്തു. അതുവരെ ചർച്ചപ്പെടുത്തിട്ടില്ല.

അതുകഴിഞ്ഞാൽ പിന്നെ ഈ വികസനപ്രവർത്തനങ്ങൾ രണ്ടായിതരം തിരിക്കാം. ഒന്നു ഇന്നുള്ള വികസനപദ്ധതികളും അതുപോലെ നവീനങ്ങളായ കൃഷിസംപ്രദായങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളും. ഇതു രണ്ടും തുല്യമായ പ്രാധാന്യത്തോടുകൂടി കൊണ്ടു പോകണം. നമ്മുടെ ഗവണ്മെൻറിനു ഈ രണ്ടു വിംഗിലുമുള്ള പ്രവർത്തനങ്ങളുണ്ട്. പക്ഷേ അതു ഒരു നാമമാത്രമായ പാറേറൺ എന്നുള്ളതല്ലാതെ യഥാർത്ഥത്തിൽ ഡെവലപ്പ്മെൻറു തന്നെ നടത്തേണ്ട രീതിയിൽ നടത്തുന്നുണ്ടോ? റിസർച്ച് നടത്തുന്നുണ്ടോ? ഇവിടെ റിസർച്ച് നടത്തുന്ന കുറേ സ്റ്റേഷനുകളുണ്ട്. അതിൻെറ മുമ്പിൽ ചെന്നാൽ റിസർച്ച് സ്റ്റേഷൻ എന്നുള്ള ബോർഡുണ്ട്. അതിനകത്തു് ക്വാളിഫിക്കേഷനുള്ള ഉദ്യോഗസ്ഥന്മാർ ഇരിപ്പുണ്ട്. അവരുടെ സാമർത്ഥ്യം ഇന്നു അവിടെയിരുന്നു മരവിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. പലർക്കും റിസർച്ച് സ്റ്റേഷനകത്തിരുന്നു റിസർച്ച് ചെയ്യാനുള്ള സൌകര്യമില്ല. അവരെ ഒരു കസേരയിൽ ഇരുത്തി ക്ലാർക്കന്മാരുടെ ജോലിചെയ്യിക്കുകയാണ്. സൗകര്യം മാത്രമല്ല, സ്വാതന്ത്രമായി റിസർച്ച് നടത്തുന്നതിനുള്ള സാമ്പത്തിക സ്വാതന്ത്ര്യവുമില്ല. അതു ഒന്നുമില്ലാതെ എവിടെയെങ്കിലും ഒരു ആഫീസും വച്ച് അതിനകത്തു കുറെ ആളുകളും ഇരിക്കുന്ന ഏർപ്പാടാണ്. സർ, പല റിസർച്ച് സ്റ്റേഷനുകളുടെയും സ്ഥിതി ഇതാണ്.

സർ, തെങ്ങുരോഗം സംബന്ധിച്ച ശ്രീമാൻ തോമസ് ജാൺ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. എന്തുകൊണ്ടാണ് ഈ തെങ്ങുരോഗം ഉണ്ടാകുന്നതെന്നു ഇത്രയും നാളായിട്ടു ഗവേഷണം നടത്തി അതിൻെറ കാരണം എന്താണെന്നു കണ്ടുപിടിച്ചിട്ടില്ല. ഇന്നു കേരളത്തിലെ കൃഷ്ണപുരം ഗവേഷണകേന്ദ്രത്തിൽ നടത്തിയ ഗവേഷണത്തിൻെറ ഫലമായി ഒരു ഘട്ടംവരെ അതു വിജയകരമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ സ്ഥിതിയെന്താണ്. തെങ്ങുരോഗത്തിനു വൈറസ് ഒരു കാരണമാണെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞു; എങ്കിലും ഗവേഷണം തുടർന്നു നടത്തുന്നതിനു ഒരു ഇലക്ട്രോൺമൈക്രോസ്കോപ്പ് കൈവശമില്ല. ഈ സാധനം നോക്കാനാണ് ഉപകരണമില്ലെങ്കിൽ സാധിക്കുന്നതാണോ.

കൂടാതെ കമുകിനും ഒരു റിസർച്ച് സ്റ്റേഷൻ ഉണ്ട്. അതിന്റെ കാര്യവും തഥൈവ. കുറേ തൈകൾ നട്ടുപിടിപ്പിച്ച് അതിനു രോഗമുണ്ടാകുന്നുണ്ടോ എന്നു നോക്കി, സൌന്ദര്യവും ആസ്വദിച്ചു കഴിയുകയാണ്.

[12 NOON] കാസർകോട്ട് ഒരു നല്ല റിസർച്ച് സ്റ്റേഷൻ ഉണ്ട്. കാര്യക്ഷമമായി ഗവേഷണം നടത്താൻ ആവശ്യമായ ഉപകരണങ്ങൾ കാണുകയില്ല. ഉപകരണത്തിനാവശ്യപ്പെട്ടാൽ, മൂന്നുകൊല്ലം കഴിഞ്ഞാണു അതു കിട്ടുക. ഉപകരണം എത്തുമ്പോഴേക്കും, റിസർച്ചിനു വിഷയമായ കാര്യവും അവസാനിക്കും. റിസർച്ചിന്റെ അഭിവൃദ്ധിക്കാവശ്യമായ സൗകര്യവും സാഹചര്യങ്ങളും ഉണ്ടാക്കി കൊടുക്കണം. അതിനു യാതൊന്നും ചെയ്തുകൊടുക്കാതെ റിസർച്ച് സംബന്ധിച്ച നേട്ടങ്ങൾ നാം പ്രതീക്ഷിക്കുന്നതു ശരിയായിരിക്കുകയില്ല. റിസർച്ചുചെയ്തു കണ്ടുപിടിക്കുന്ന വെറൈറ്റീസ് ശേഖരിച്ചു കൃഷിക്കാർ ഒരു കോഓർഡിനേഷനോടുകൂടി ഈ രംഗത്തു പ്രവർത്തിക്കാൻ ഒരു സാഹചര്യം ഇന്നുണ്ടായിട്ടില്ല. വേണ്ടത്ര വിജ്ഞാനം ഈ വിഷയത്തിൽ കർഷകർക്കു നൽകാനുള്ള ഒരു പരിപാടി ഇപ്പോഴില്ല. കാർഷികകാളേജിൽനിന്ന് ബി. എസ്. സി. പാസ്സായി ഉദ്യോഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ, കർഷകരുടെ ഉപദേഷ്ടാക്കളായി മാറുകയാണ്. രണ്ടു കാലിൽ പ്രത്യേകരീതിയിൽ നടക്കാവുന്ന പാൻറും ധരിച്ച്, കാളർ ഉടയാത്ത ഷർട്ടും ഇട്ട്, ഗ്രാമീണരായ കർഷകരുടെ ഇടയിൽ ഉപദേഷ്ടാക്കളായിട്ടാണു ചെല്ലുന്നതു്. കർഷകരോടൊത്തു ഭൂമിയിൽ ഇറങ്ങി അവരെ സഹായിക്കാനുള്ള മനോഭാവം അവർക്കുണ്ടാകണം.

സർ, ഇവിടെ രാസവളങ്ങൾ ഉപയോഗിക്കുന്നതിനെതിരായി ചില സുഹൃത്തുക്കൾ സംസാരിക്കുകയുണ്ടായി. അതു് അശാസ്ത്രീയവും, തെററുമായ ഒരഭിപ്രായമാണെന്നാണ് എന്റെ അഭിപ്രായം. രാസവളങ്ങൾ ഉപയോഗിച്ചാൽ നമ്മുടെ മണ്ണിനു് പലതരത്തിലുള്ള മാററം ഉണ്ടാകും.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: രാസവളങ്ങൾ ഉപയോഗിച്ചു തനതു കൃഷിവല്ലതും ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൻ. ഗോപാലക്കുറുപ്പ്</u>: മിസ്റ്റർ ചാഴിക്കാടൻ ചെയ്യുന്നതിനേക്കാൾ കൂടുതൽ കൃഷിചെയ്യുന്നുണ്ട്.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: ഞാൻ കൃഷിചെയ്യുന്നതു് എത്രയാണെന്നറിയാമോ?

<u>ശ്രീ. എൻ. ഗോപാലക്കുറുപ്പ്</u>: സർ, രാസവളങ്ങൾ ഉപയോഗിക്കുമ്പോൾ മണ്ണിൽ എന്തെങ്കിലും മാററം വന്നാൽ, അത്തരം മണ്ണിനു എന്തു പ്രതിവിധി ചെയ്യണമെന്നു് കൃഷിക്കാരെ ഉപദേശിക്കാൻ ഇന്നു ഏർപ്പാടില്ല. മണ്ണുപരിശോധനയ്ക്കു ഏർപ്പാടുണ്ടെന്നു പറയുന്നു. കൃഷിക്കാർക്കു ഇന്നു നേരിടുന്ന അപകടങ്ങൾ കണ്ടുപിടിച്ച്, അതിനു് അപ്പോഴപ്പോൾ പരിഹാരം കാണാൻ ഇന്നു വ്യവസ്ഥയില്ല. ഓരോ കാലത്തും, പ്രത്യേകം വളം ഉപയോഗിക്കുന്നതു മൂലം മണ്ണിൽ ഏതെല്ലാം ഓർഗൻസുണ്ടാകുന്നു, ഏതെല്ലാം ഇല്ലാതാകുന്നു, അതിനു എന്തു പ്രതിവിധിയാണുള്ളതു് എന്നുംമററും പരിശോധന നടത്തി, കർഷകനെ ധരിപ്പിക്കാൻ ഏർപ്പാടില്ല. മണ്ണിന്റെ വീര്യം, ശാസ്ത്രീയമായി പരിശോധിച്ച് ഉപദേശിക്കാനുള്ള ഏർപ്പാടു കൃഷി ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകണം. കൃഷി വകുപ്പിൽ ഫീൽഡുവർക്കേഴ്സിനു് ഇത്തരം പ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം ഉണ്ടാകേണ്ടതാണ്.

ഇന്നു കൃഷിക്കാരുടെ ഇടയിൽ കാണുന്ന മറെറാരു പോരായ്മ പഴയ കൃഷിസംപ്രദായംതന്നെ നിലനിറുത്തുന്നു എന്നുള്ളതാണ്. ജനകമഹാരാജാവിന്റെ കാലത്തെ മരക്കലപ്പതന്നെ കൃഷിക്കുപയോഗിക്കുക; പച്ചില

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

വളങ്ങളും മററും ഉപയോഗിച്ചു കൃഷിചെയ്യുക എന്നിങ്ങനെയുള്ള പതിവു തുടരുന്നതു അശാസ്ത്രീയമാണ്. അതു കാർഷികാഭിവൃദ്ധിക്കു ഉപയുക്തമല്ല. സർ, ഇവിടത്തെ കാർഷികാഭിവൃദ്ധി വളരെ ഭദ്രമാണെന്നു സ്ഥാപിച്ചുകൊണ്ടു് ശ്രീ. ഭാസ്കരൻനായർ പ്രസംഗിക്കുന്നതു കേട്ടു. അങ്ങനെ അഭിവൃദ്ധി ഉണ്ടെന്നു അദ്ദേഹത്തിനു പറഞ്ഞേ മതിവരു എന്നാണെങ്കിൽ പറയുന്നതിൽ വിരോധമില്ല. അദ്ദേഹത്തോടൊപ്പം കോയമ്പത്തൂരെ കാർഷികാഭിവൃദ്ധി മനസ്സിലാക്കാൻ പോയ ഒരാളാണു ഞാൻ. എന്താണ് അവിടത്തെ സ്ഥിതി? അവിടെ ശരാശരി ഏക്കറിൽ 3000 റാത്തൽ ഉൽപ്പാദിപ്പിക്കുമ്പോൾ, കേരളത്തിൽ 1500 റാത്തലാണു ഉൽപ്പാദിപ്പിക്കുന്നതു്. അവിടെ നെല്ലു കൂടുതൽ കിട്ടാൻ കാരണം തരിശായി കിടന്ന കൂടുതൽഭൂമി കൃഷിചെയ്യുന്നതാണെന്നു പറഞ്ഞതു ശരിയല്ല. ഏക്കറിനു മൂവായിരം റാത്തൽ അവിടെ ഉൽപ്പാദിപ്പിക്കുമ്പോൾ ഇവിടെ 1500 റാത്തൽമാത്രമേ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളു. അവിടെ ആകെ ഭൂമിയിൽ കൃഷിചെയ്യുന്നതിനുള്ള വളം ചെയ്യുന്നതു നോക്കിയാൽ, ഏക്കറിനു് ശരാശരി 5 രൂപാ അവിടെ ചെലവു ചെയ്യുമ്പോൾ, ഇവിടെ രണ്ടുമുതൽ മൂന്നു രൂപാവരെ മാത്രമേ ആ ആവശ്യത്തിനു ചെലവഴിക്കുന്നുള്ളു. എഫ്. ഏ. സി. ടി. യിലെ കണക്കനുസരിച്ചു് ആ വസ്തുത മനസ്സിലാക്കാം. അങ്ങനെ വളം ഉപയോഗിക്കുന്നതിന്റെ വ്യത്യാസവും ഇവിടെ ഉൽപ്പാദനം വർദ്ധിക്കാതിരിക്കാൻ ഒരു കാരണമാണ്. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ടു് ഇന്നത്തെ പോരായ്മകൾ പരിഹരിക്കണം. അങ്ങനെയൊരു സമീപനം ഇവിടെ ഉണ്ടായിട്ടില്ല. ഈ കാര്യങ്ങളൊക്കെ പര്യാലോചിക്കണമെന്നു കഴിഞ്ഞ നാലുകൊല്ലക്കാലമായി ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടു്. ഇതുവരെ യാതൊരു ഗുണവും ഉണ്ടായിട്ടില്ല. ഇനി അവശേഷിക്കുന്ന ഏതാനും മാസംകൊണ്ടു പ്രത്യേകിച്ചു് എന്തെങ്കിലും ഗുണം ഉണ്ടാകുമെന്നു വിശ്വാസവുമില്ല. പ്രത്യേകിച്ചു കൃഷി വകുപ്പുമന്ത്രി, വെള്ളം ചേമ്പിലയിൽ വീഴുന്ന മാതിരി കഴിയുകയാണ്. ഇഴുകിച്ചേർന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറെറടുക്കുന്നില്ല. ഒരുപക്ഷേ, അദ്ദേഹത്തിന്റെ പരിതഃസ്ഥിതി അതായിരിക്കും. ഉരുണ്ടുനീങ്ങുന്ന കാളവണ്ടിയിൽ കിടന്നുറങ്ങുന്ന വണ്ടിക്കാരനെപ്പോലെ, കൃഷിഡിപ്പാർട്ടുമെന്റാകുന്ന വണ്ടിയിൽ അദ്ദേഹം കിടന്നുറങ്ങുകയാണെന്നാണ് എന്റെ അഭിപ്രായം. ഉരുണ്ടു വലിഞ്ഞുപോകുന്ന ആ വണ്ടി, ഒന്നു ഡ്രൈവുചെയ്തു വിടാൻ, രാജ്യത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടു് ശരിയായ വഴിക്കു് ഡ്രൈവുചെയ്തു വിടാൻ മുൻകൈയെടുക്കാനുള്ള സന്നദ്ധത അദ്ദേഹത്തിനില്ല. നമ്മുടെ റിസർച്ചുസ്റ്റേഷനെപ്പററി വെളിയിൽ പോയ അവസരത്തിൽ സംസാരിച്ചപ്പോൾ, ഇതാണോ നിങ്ങളുടെ റിസർച്ചു സ്റ്റേഷന്റെ പ്രവത്തനം എന്നു പറഞ്ഞു് പരിഹസിക്കുകയുണ്ടായി. അങ്ങനെ അപഹാസ്യമായ നിലയിൽ റിസർച്ചു സ്റ്റേഷൻ പ്രവർത്തിക്കുകയാണ്.

സർ, ഒണാട്ടുകര പ്രദേശത്തെ കൃഷിയെപ്പററി പ്രത്യേകിച്ചു പറഞ്ഞാൽ, ആലപ്പുഴ പാക്കേജുപദ്ധതി വന്നിട്ടുണ്ടു്. പാക്കേജുപദ്ധതി കാർഷികാഭിവൃദ്ധിക്കു നല്ലതുതന്നെ, സമ്മതിക്കുന്നു. പക്ഷേ, പാക്കേജുപദ്ധതി നടപ്പാക്കിയ സ്ഥലത്തു ജലസേചനസൗകര്യങ്ങൾ ഇല്ലെങ്കിൽ എന്തായിരിക്കും ഫലം? ജലസേചനസൗകര്യം തീരെ ഇല്ലാത്ത ജില്ലാ പാക്കേജു പദ്ധതിനടപ്പാക്കാൻ എന്തിനു തിരഞ്ഞെടുത്തു? ആ തീരുമാനം തെററായിപ്പോയെന്നും, പുനഃപരിശോധന ചെയ്യണമെന്നും പറയുകയില്ല. ഇന്നത്തെ സ്ഥിതിക്കു് പാക്കേജുപദ്ധതി നടപ്പാക്കുന്ന സ്ഥലത്തു് ജലസേചനസൗകര്യം ആദ്യം ഉണ്ടോ എന്നു പരിശോധിക്കണം. ഇല്ലെങ്കിൽ അതിനു് വേണ്ട സൗകര്യം ഉണ്ടാക്കണം.

സർ, ഇവിടെ ശരിയായ ഒരു മണ്ണുപരിശോധന ലാബറട്ടറി ഇല്ല. വെള്ളായണിയിൽ ഒരു കാളേജുപ്രൊഫസർ ഉണ്ടു്. അവിടെ അതിനുവേണ്ടി നിയുക്തമായ ആളുകൾക്കു് ആകെ ഉള്ളതിന്റെ ഇരുപത്തിഅഞ്ചിൽ ഒരുഭാഗം ജോലിചെയ്യാൻ സാധിക്കുകയില്ല. അതു കാര്യക്ഷമമായി നടത്താൻ ഏർപ്പാടു ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, മററൊരു കർഷകർക്ക് ഹ്രസ്വകാലവായ്പകളും, മധ്യകാലവായ്പകളും കൊടുക്കുന്നതിനെപ്പററിയാണു പറയാനുള്ളത്. ഏതെങ്കിലും ഒരു സൊസൈററിവായ്പ വാങ്ങിയാൽ, 25 ശതമാനം കുടിശിക വരുത്തിയാൽ ആ സൊസൈററിയുടെ ഏരിയായിൽ യാതൊരു കർഷകനും പിന്നെ ലോൺ കൊടുക്കുകയില്ലെന്നാണു വ്യവസ്ഥ. അതു ശരിയല്ല. അതുപോലെതന്നെ പലിശയുടെ കാര്യം. വ്യവസായസംബന്ധമായ വായ്പകൾക്ക രണ്ടരയും, നാലരയും ശതമാനം പലിശ ഈടാക്കുമ്പോൾ, ദിവസേന കൃഷിചെയ്തു തെണ്ടികളായി തീർന്നു കൊണ്ടിരിക്കുന്ന പാവപ്പെട്ട കർഷകർക്ക ഏഴര ശതമാനം പലിശ പുസ്തകത്തിലും, കൊടുക്കുമ്പോൾ 15 ശതമാനവും എന്നാണു ഇപ്പോഴത്തെ വ്യവസ്ഥ. കാർഷികാഭിവൃദ്ധിക്ക ഇതു എത്രമാത്രം സഹായകമാവും എന്നു പരിശോധിക്കണം.

സർ, കല്ലട ജലസേചനപദ്ധതിയെപ്പററി ഇവിടെ പറഞ്ഞു. രണ്ടു ജില്ലകളിലെ കൃഷിയെ ആകെ ബാധിക്കുന്ന ഏററവും പ്രധാനപ്പെട്ട ഈ പദ്ധതി, ഇങ്ങനെ അപകടനിലയിലെത്തിച്ചേർന്നതു് എങ്ങനെയെന്നു മനസ്സിലാകുന്നില്ല. ഉത്തരവാദപ്പെട്ട വകുപ്പുമന്ത്രി, ഈ സഭയിലെ എല്ലാ കക്ഷികളേയും വിളിച്ചുകൂട്ടി, ഈ രാജ്യത്തെ ഗൗരവതരമായ ഒരു പ്രശ്നമായ ഇതിൻെറ ഇന്നത്തെ അവസ്ഥയെപ്പററി എന്താണുചെയ്യേണ്ടതെന്നു ഗാഢമായി ആലോചിക്കാതെ, ഇതുവരെ വസ്തുതകൾ പൂഴ്ത്തിവച്ചിട്ട്, അവസാനം 'ഞഞ്ഞാമിഞ്ഞാ, പറയുകയാണ്. രണ്ടു ജില്ലകളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ പദ്ധതി സഹായകമായിരുന്നു. ഓണാട്ടുകരയിലെ കൃഷിസ്ഥലങ്ങൾ 'മൂന്നുപൂവ്, കൃഷിചെയ്യാൻ സൗകര്യപ്പെട്ടതാമായിരുന്നു. ഇന്നാണെങ്കിൽ, മൂന്നുപൂവ് കൃഷിചെയ്തു വിളവെടുക്കാൻ മൂന്നാഴ്ചയുള്ളപ്പോൾ ഉണക്ക ബാധിക്കുന്നു. വിളവു മുഴുവൻ വരണ്ടു പോകുന്നു. ആണ്ടുതോറും ഈ കൃഷിപ്പിഴയുണ്ടാകുന്നുണ്ട്. കഴിഞ്ഞതവണ കൃഷിപ്പിഴ വന്ന വർക്ക നഷ്ടപരിഹാരം ചെയ്യണമെന്നു നിവേദനം നടത്തിയതിൻെറ ഫലമായി, പിശുക്കൻെറ മനോഭാവത്തിൽ, ഒരേക്കറിൽ താഴെ ഉള്ള കൃഷിക്കാർക്കുണ്ടായ നഷ്ടത്തിന് 20 രൂപാ വീതം കൊടുത്തു. ഒരേക്കറിൽ കൂടുതൽ കൃഷിക്കാർക്ക നഷ്ടം നഷ്ടമല്ലേ? അതു കൊടുക്കേണ്ടതല്ലേ? ഒരേക്കറിനു താഴെ കൃഷിയുള്ള വർക്കമാത്രമേ നഷ്ടപരിഹാരം കൊടുത്തിട്ടുള്ളു. അവിടെ കൂടെക്കൂടെ ഉണ്ടാകുന്ന ഈ കൃഷിനാശത്തിന്, തമിഴ് നാട്ടിലെപ്പോലെ, 5 ഏക്കറോ, 10 ഏക്കറോ ഓരോ യൂണിററാക്കി, ജലസേചന സൗകര്യത്തിനു പ്രത്യേകം കുളമോ, മററു ജലസേചനസൗകര്യമോ നൽകേണ്ടതാണ്. അതു ചെയ്തില്ലെങ്കിൽ ഈ ഉണക്കമൂലം ഇനിയും അവിടെ നാശം സംഭവിക്കുന്നതാണ്. ഓണാട്ടുകരയിലെ കൃഷി വികസനത്തിനുവേണ്ടി ശാസ്ത്രീയമായ, സമഗ്രമായ ഒരു സമീപനം ഈ ഗവണ്മെൻറിനു് ഇല്ലെന്നുള്ളതു് ഒരു വസ്തുതയാണ്. ആകപ്പാടെ നോക്കുമ്പോൾ, ഈ വകുപ്പ് എങ്ങനെയോ ആരുടേയാ ഗുണ്ടത്വംകൊണ്ട് ഇങ്ങനെ നീങ്ങുന്നുവെന്നല്ലാതെ ഒരു ഭരണംതന്നെ ഈ വകുപ്പിനില്ലെന്നാണ് എൻെറ അഭിപ്രായം

ഡാക്ടർ കെ. എം. ചാക്കോ : സർ, ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി. അവതരിപ്പിച്ചിരിക്കുന്ന ഈ ഡിമാൻഡിനെ ഞാൻ അനുകൂലിക്കുകയാണ്. കാർഷികരംഗങ്ങളിലെ പ്രവർത്തനഫലമായി നമുക്ക് വളരെ അധികം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനു ഞാൻ ഈ ഗവണ്മെൻറിനെ അഭിനന്ദിക്കുകയാണ്. ഈ അവസരത്തിൽ, ഒരു പ്രത്യേക കാര്യത്തെപ്പററിയാണ് എനിക്ക ഗവണ്മെൻറിൻെറ ശ്രദ്ധക്ഷണിക്കാനുള്ളതു്. എൻെറ സ്നേഹിതൻ ശ്രീ. ആൻറണി സൂചിപ്പിച്ചതുപോലെ, ഏകദേശം ഒരുലക്ഷത്തോളം വരുന്ന ഇഞ്ചിപ്പുൽ കൃഷിക്കാർക്ക് ഇന്നു നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടുകളെപ്പററി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇഞ്ചിപ്പുൽതൈലം കൃഷിവകുപ്പും, വ്യവസായവകുപ്പും ചേർന്നുള്ള പ്രവർത്തനരംഗങ്ങളിലൂടെ കടന്നുപോകുകയാണ്. (Agro Industry) ഇഞ്ചിപ്പുൽ കൃഷിചെയ്തു മുറിച്ചുകൊണ്ടുപോകുന്നതുവരെ കൃഷിവകുപ്പിൻെറ കീഴിലുള്ള പ്രവർത്തനമാണ്. മുറിച്ചതിനുശേഷമുള്ള പ്രവർത്തനങ്ങൾ കുടിൽ വ്യവസായത്തിൻെറ കീഴിൽവരും. അങ്ങനെ രണ്ടു ഡിപ്പാർട്ടുമെൻറുകളുടെയും കീഴിലുള്ള പ്രവർത്തനമാണ് ഇഞ്ചിപ്പുല്ലിനെ സംബന്ധിച്ചിടത്തോളം ... 

LIBRARY ARCHIVES Kerala Legislative Assembly

[ഡാ. കെ. എം. ചാക്കോ]

ന്നതു്. എറണാകുളം, കോട്ടയം, തൃശ്ശൂർ മലബാറിൽ ചില പ്രദേശങ്ങൾ ഇവിടങ്ങളിലാണു് ഈ കൃഷി പ്രധാനമായി നടത്തുന്നതു്. ചെറിയതരം കൃഷിയാണിതു്. ഭൂപരിധി നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു് ഈ കൃഷി വൻതോതിൽ നടത്തുവാൻ സാദ്ധ്യത ഇപ്പോഴില്ല. തീരെ ചെറിയതും ഇടത്തരക്കാരുമായ കൃഷിക്കാരാണു് ഈ തൊഴിലിൽ പ്രധാനമായി ഏർപ്പെട്ടിരിക്കുന്നതു്. ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ ഇന്നു് ഈ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നതായിട്ടാണു് കാണുന്നതു്. ആണ്ടിൽ മൂന്നുനാലു തവണ ഇതിന്റെ അനുഭവം എടുക്കാം. അതു വിററിട്ടുവേണം സാധാരണക്കാരായ അവരുടെ നിത്യച്ചെലവുകൾ നിർവ്വഹിക്കുവാൻ. ഇന്നു പുൽത്തൈലത്തിനു വിലയിടിവുണ്ടായിരിക്കുന്ന ഒരു അനുഭവമാണുള്ളതു്. നമ്മുടെ സംസ്ഥാനത്തിനെക്കുറിച്ചു് പറയുകയാണെങ്കിൽ, പുൽത്തൈലത്തെസംബന്ധിച്ചിടത്തോളം കുത്തകാവകാശമാണുള്ളതു്. ലോകത്താകെ ഉൽപാദിപ്പിക്കുന്നതിന്റെ എൺപതു ശതമാനത്തോളം കേരളത്തിൽ ഉല്പാദിപ്പിക്കുന്നുണ്ടു്. ഏകദേശം 1600 ടൺ തൈലം ഒരു കൊല്ലത്തിൽ കേരളത്തിൽനിന്നു്, പ്രത്യേകിച്ചു് കൊച്ചിയിൽനിന്നു് കയററുമതിചെയ്യുന്നുണ്ടു്. ഇതിൽനിന്നു നമുക്കു രണ്ടു കോടിക്കും, മൂന്നുകോടിക്കും ഇടയ്ക്കുള്ള ഉറുപ്പിക വിദേശനാണ്യമായി ലഭിക്കുന്നുണ്ടു്. എന്നാൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കുറവുമൂലം ഈ കൃഷിക്കു പലപ്പോഴും നഷ്ടം നേരിടുന്നുണ്ടു്. വില കൂടുമ്പോൾ, കൃഷിവർദ്ധിക്കുക, വില കുറയുമ്പോൾ കൃഷി കുറയുക എന്ന നയമാണു് കണ്ടുവരുന്നതു്. ഇങ്ങനെയുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പററി.നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായി എസ്. ടി. സി. യെ തൈലം വാങ്ങുന്നതിനു് കേന്ദ്രഗവണ്മെന്റിൽനിന്നും ചുമതലപ്പെടുത്തി. നിശ്ചിതമായ ഒരു വില ഇതിനു ക്ലിപ്തപ്പെടുത്തിയെങ്കിലും അതും നല്ല വിലയാണെന്നു പറയാൻ നിവൃത്തിയില്ല. കൂലിച്ചെലവുംമററും വച്ചുനോക്കിയാൽ മെച്ചമായ ഒരു വിലയാണെന്നു പറയാൻ നിർവ്വാഹമില്ല. പത്തു കിലോഗ്രാമിനു് 76 ശതമാനം സിട്രോൾഉള്ളതിനു് $137\frac{1}{2}$ ഉറുപ്പികയും, 80 ശതമാനം സിട്രോൾ ഉള്ളതിനു് $147\frac{1}{2}$ ഉറുപ്പികയുമാണു് വില നിശ്ചയിരുന്നതു്. സിട്രോൾ കൂടുതലുള്ള തൈലത്തിന്റെ ഡിമാൻഡു കുറവുമൂലം പിന്നീടു് പത്തു കിലോഗ്രാമിനു് 5 ഉറുപ്പികവച്ചു് അതിനു് വില കുറച്ചിട്ടുണ്ടു്.

അങ്ങനെ എസ്. ടി. സി. വന്നതിന്റെ ഫലമായി കഴിഞ്ഞ ഡിസംബർ അവസാനം വരെ ഇങ്ങനെയൊരു വില കർഷകർക്കു കിട്ടിക്കൊണ്ടിരുന്നു ഈ ഡിസംബർ മാസത്തിനുശേഷം ഇപ്പോൾ എസ്. ടി. സി. ഇപ്പോൾ തൈലം എടുക്കുന്നില്ല. അതുകൊണ്ടു് ഈ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ വളരെയധികം ബുദ്ധിമുട്ടു നേരിട്ടിരിക്കുകയാണു്. ഇന്നു മാർക്കററിൽ വളരെ കുറഞ്ഞ വിലക്കു മാത്രമേ തൈലം വിൽക്കുവാൻ സാധിക്കുന്നുള്ളു. എസ്. ടി. സി: തൈലം വാങ്ങിയതിന്റെശേഷം വിദേശ ഡിമാൻറുകൾ ഇല്ലാ എന്നുള്ളതുകൊണ്ടു് അതിന്റെ സ്ഥിതി ഇന്നത്തെനിലയിൽ എത്തിയിരിക്കുകയാണു്. ഇതു സംബന്ധിച്ചു് ലെമൺഗ്രാസ് ഡെവലപ്പ്മെന്റു് ആൻറു് എക്സ്പോർട്ടു അഡ്വൈസറി കമ്മിററി ആലോചിക്കുകയും ഒരു വില ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ടു്. കുറഞ്ഞ ഒരു വിലയാണു് അതു്. കർഷകർക്കു ഉൽപാദനച്ചെലവുപോലും ഇതുകൊണ്ടു് ലഭിക്കുമോ എന്നുള്ള കാര്യം സംശയമാണു്. എല്ലാ ജോലിയും ചെയ്യുന്ന ചെറുകിട കർഷകർക്കു ഒരുപക്ഷെ ഇതിന്റെ കൂലിച്ചെലവു മുതലായേക്കാം. കമ്മിററി ശുപാർശ ചെയ്തിട്ടുള്ളതു് പത്തു കിലോക്കു് 120 ഉറുപ്പികയാണു്. എസ്. ടി. സി. ഇപ്പോൾ എടുക്കാതിരിക്കുന്നതിനു കാരണമായി പറയുന്നതു് വിദേശ ഡിമാൻറു ഇപ്പോൾ ഇല്ലാ എന്നുള്ളതുകൊണ്ടു് അവർ ഏകദേശം ആയിരം ടണ്ണോളം സ്റ്റോക്കു ചെയ്തിരുന്നതിൽ ഏതാണ്ടു ഇരുന്നൂറു ടൺ മാത്രമേ വിററഴിക്കുവാൻ കഴിഞ്ഞിട്ടുള്ളു എന്നാണു്. ബാക്കി 800 ടൺ വിററഴിക്കുവാൻ കിടക്കുകയാണു്. വിദേശ ഡിമാൻറു ഇല്ല എന്നുള്ളതുമാത്രമല്ല വിഷമമായി വന്നിട്ടുള്ളതു്. വേറൊരു വൈഷമ്യം കൂടി വന്നിട്ടുണ്ടു്. തൈലം കൃത്രിമമായി ഉൽപ്പാദിപ്പിക്കുവാൻ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണു് എന്നാണു് അറിയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

സിൻതററിക്ക് ഓയിൽ ഉണ്ടാക്കുന്നതിന് പാശ്ചാത്യ രാജ്യങ്ങളിൽ ശ്രമം നടക്കുന്നു എന്നാണ് അറിയുന്നത്. ഇങ്ങനെയുള്ള വിഷമം കൂടി തരണം ചെയ്യേണ്ടതുണ്ട്. ഇതെല്ലാം വച്ചുകൊണ്ടാണ് പത്തു കിലോക്ക് 120 രൂപ കർഷകന് കൊടുക്കണമെന്നു കമ്മിററി ശുപാർശചെയ്തത്. പുൽതൈലത്തിൻെറ വില താണുപോകുകയാണെങ്കിൽ എസ്. ടി. സി. രംഗത്തു വന്ന് ഇത് വിലക്കെടുക്കേണ്ടിവരും. അങ്ങിനെയാണ് ഗവണ്മെൻറിലേയ്ക്ക് ശുപാർശ ചെയ്തിരിക്കുന്നതും. ഈ കാര്യം കേന്ദ്രഗവണ്മെൻറാണ് തീരുമാനിക്കേണ്ടത് എന്നിരുന്നാൽതന്നെയും ഈ ഗവണ്മെൻറും കേന്ദ്രത്തിൽ ശക്തിയായി ശുപാർശ ചെയ്യേണ്ടതാണ്. എൻെറ സ്നേഹിതൻ ശ്രീ. ആൻറണി ഓടക്കാലിയിൽ നടത്തിവരുന്ന റിസർച്ച് സ്റ്റേഷനെ സംബന്ധിച്ചു പറയുകയുണ്ടായി. പതിമൂന്നു വർഷമായി ഇതു തുടങ്ങിയിട്ട്. കാര്യമായ ഒരു പുരോഗതിയും ഈ സ്റ്റേഷൻെറ പ്രവർത്തനം കൊണ്ടു ഉണ്ടായില്ല എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. വേണ്ടിടത്തോളം പ്രോത്സാഹനം നൽകാത്തതുകൊണ്ടാണ് റിസർച്ചിൽ അഭിവൃദ്ധി ഉണ്ടാകാത്തതെന്നുള്ള കാര്യം നാം മനസ്സിലാക്കേണ്ടതാണ്. ഡെവലപ്പ്മെൻറു കമ്മിററി റിസർച്ചുസ്റ്റേഷൻ വേണ്ടവിധത്തിൽ നടത്താൻ ആവശ്യമായ സഹായം കേന്ദ്രഗവണ്മെൻറും നമ്മുടെ സംസ്ഥാന ഗവണ്മെൻറും കൊടുക്കണമെന്ന് ശുപാർശചെയ്തിട്ടുണ്ട്. കൂടുതൽ സ്റ്റാഫും മററു സൗകര്യങ്ങളും ഉണ്ടാക്കുന്നതിനും കമ്മിററി ശുപാർശ ചെയ്തിട്ടുണ്ട്. കമ്മിററിയുടെ നിയന്ത്രണത്തിൽ കീഴിൽ റിസർച്ചുസ്റ്റേഷൻ പ്രവർത്തിക്കാനും ശുപാർശചെയ്തിട്ടുണ്ട്. നമ്മുടെ ഒരു കുത്തകതന്നെയായിരുന്ന പുൽതൈല വ്യവസായം ഡിമാൻറിൻെറ കുറവുകൊണ്ടും കൃത്രിമമായി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവണതകൊണ്ടും അപകടത്തിലായിരിക്കുകയാണെന്നുതന്നെ പറയാം. ഇവിടെ മൂന്നാം പദ്ധതിക്കാലത്തു ഒരു ആരോമാററിക് ഫാക്ടറി തുടങ്ങാൻ പോകുന്നു എന്നു പറഞ്ഞു. പിന്നെ അതിൻെറ കഥ ഒന്നും അറിയാൻ കഴിഞ്ഞിട്ടില്ല. പുൽതൈലം ഇവിടെ സംസ്ക്കരിക്കുന്നതിനും ഇവിടുത്തെ ഉപയോഗം കഴിഞ്ഞിട്ടു മററു രാജ്യങ്ങളിലേക്കു കയററുമതി ചെയ്യുന്നതിനും ആവശ്യമായ ഫാക്ടറികൾ ഇവിടെ ഇനിയും ഉണ്ടാകേണ്ടിയിരിക്കുകയാണ്. വിററാമിൻ 'എ' അതുപോലെ തന്നെ സുഗന്ധദ്രവ്യങ്ങൾ ഇവയെല്ലാം ഇതിൽനിന്നും ഉണ്ടാക്കാമെന്നാണ് അറിയുന്നത്. ഇൻഡ്യയിൽ ചുരുങ്ങിയ തോതിൽ ചില വിദേശഫാക്ടറികൾ മരുന്നു ഉല്പാദിപ്പിക്കുന്നു എന്നു പറയാൻ കഴിയുമെന്നല്ലാതെ വലിയ ഫാക്ടറികളൊന്നു ഇതുവരെ ഇവിടെ ഉണ്ടായിട്ടില്ല റിസർച്ച് സ്റ്റേഷനിൽ പുൽതൈലം ഉൽപ്പാദിപ്പിക്കുന്നതിനു നവീന മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനോടൊപ്പം ഇതിൻെറ എൻറ് പ്രോഡക്ററ്സ് ആയ വിററാമിൻ 'എ' യും സുഗന്ധദ്രവ്യങ്ങളും ഉൽപ്പാദിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിന് വേണ്ട സത്വര ശ്രദ്ധ ഗവണ്മെൻറു ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

വിദേശവിപണിയെ മാത്രം ആശ്രയിച്ചിരുന്നാൽ നമ്മുടെ ഇഞ്ചിപ്പുൽ വ്യവസായം നശിച്ചുപോകാനിടയുള്ളതുകൊണ്ട് തൈലം ഇവിടെതന്നെ സംസ്ക്കരിച്ച് എൻറ് പ്രോഡക്ററ്സ് ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി കൂടി സ്ഥാപിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ വിരമിക്കുന്നു.

ശ്രീ. ഈ. പി. പൗലോസ്: സർ, ഇവിടെ കാർഷിക മേഖലയിലെ പ്രവർത്തനത്തെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ ചെയ്ത വിമർശനങ്ങളെപ്പററി ശ്രദ്ധിച്ചു ഞാൻ കേൾക്കുകയായിരുന്നു. എല്ലാംകൂടി കേട്ടുകഴിഞ്ഞപ്പോൾ 11 കോടി രൂപ നാലഞ്ചു കൊല്ലംകൊണ്ടു ചെലവാക്കുന്നു, ഒന്നും നടക്കുന്നുമില്ല, കർഷകരെ സംരക്ഷിക്കാൻവേണ്ടി യാതൊന്നും ഗവണ്മെൻറു ചെയ്യുന്നില്ല. അതുപോലെ കാർഷിക പരിപാടി ഈ രീതിയിൽ പോകുകയാണെങ്കിൽ യാതൊരു വികസനവും സാദ്ധ്യമല്ല എന്നൊക്കെ പറയുന്നതു കേട്ടപ്പോൾ എന്തെല്ലാം കാർഷിക പരിപാടികൾ ഇവിടെ നടക്കുന്നുണ്ട്, എന്താണ് നടക്കുന്നത്, എങ്ങനെ നടക്കുന്നു എന്നെല്ലാം ഉള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാർ കാര്യമായി കാണുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ എന്താണ് അഞ്ചുകൊല്ലംകൊണ്ടു ഉദ്ദേശിച്ചിരുന്നത്, അതിൽ എന്തു നടന്നു എന്നെല്ലാം ഞാൻ പറയാമെന്നു വിചാരിക്കുകയാണ്. ഈ സഭയിൽ നടന്ന ചർച്ചകളിൽ ഉന്നയിക്കാത്ത രണ്ടുമൂന്നു കാര്യങ്ങൾ ഞാൻ പറയാം എന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. പൗലോസ്]

വിചാരിക്കുന്നു. പല മെമ്പറന്മാരും പറഞ്ഞതു 45 ശതമാനമോ, 35 ശതമാനമോ, മാത്രമേ നീക്കിവച്ചിരിക്കുന്നതിൽ ചെലവാക്കുവാൻ കഴിയുന്നുള്ളു, ബാക്കി ലാപ്സായി പോകുന്നു എന്നാണ്. അതു ശരിയല്ല. മൂന്നു കൊല്ലത്തെ കാർഷിക പരിപാടികൾ ആകെ വച്ചിട്ടുള്ള തുക 460 ലക്ഷം രൂപയാണ്. 60—61, 61—62, 62—63 ഈ വർഷങ്ങളിലായി 350 ലക്ഷം രൂപയോളം ഏകദേശം ചെലവാക്കുവാൻ കഴിഞ്ഞു. ഈ കൊല്ലം അവസാനം ആകുമ്പോൾ 400 ലക്ഷം രൂപ ചെലവാക്കുവാൻ കഴിയും. പിന്നെ 60 ലക്ഷം രൂപയാണ് ചെലവാകാതെ വരിക. ഈ 60 ലക്ഷം രൂപയും ചില കൺസ്ട്രക്ഷൻ വർക്കുകൾ ചെലവാക്കുന്നതിലല്ലാതെ വികസന പരിപാടികൾക്കുവേണ്ടി ചെലവാക്കേണ്ട തുകയിൽ ഒരു പൈസപോലും ചെലവാക്കാതെ വരികയില്ല എന്നുമാത്രമല്ല, പല ഇനങ്ങൾക്കും നീക്കിവച്ചിട്ടുള്ള തുകയിൽ കൂടുതൽ ചെലവാക്കുവാ ം കഴിഞ്ഞിട്ടുണ്ട്. എന്തുകൊണ്ട് ഈ 400 ലക്ഷം രൂപ മാത്രം നീക്കിവച്ചു എന്നുള്ളതു പ്രസക്തമായ ഒരു ചോദ്യമാണ്. പ്രത്യേകിച്ചും അടിയന്തിരാവസ്ഥ വന്നതിനുശേഷം പല പരിപാടികൾക്കും പല മേഖലകളിലും പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചിട്ടുള്ള തുക ചെലവാക്കുവാൻ അനുമതി നൽകിയിട്ടില്ല എന്നുള്ളതാണ് പരമാർത്ഥം. ഈ കൊല്ലം രണ്ടു കോടി അൻപതു ലക്ഷം രൂപ നീക്കിവച്ചിരുന്നുവെങ്കിൽ അതു മുഴുവനും ചെലവാക്കുവാൻ കഴിയുമായിരുന്നു. ഈ കൊല്ലത്തേക്ക് ഒരുകോടി നാൽപ്പതു ലക്ഷത്തോളം രൂപയാണ്. അതിൽനിന്നും 20 ലക്ഷം രൂപ കൂടുതലായി ഈ കൊല്ലം ചെലവാക്കുവാൻ ഒക്കുമെന്നേ ഈ സന്ദർഭത്തിൽ പറയാനുള്ളു. ഒരു കോടി രൂപ ഡിസംബർ മാസം അവസാനത്തിൽ ചെലവാക്കിയിട്ടുണ്ട്. മററു പല വിഭാഗങ്ങളുടേയും പ്രവർത്തനത്തിനു ചെലവു ചെയ്യേണ്ടി വരുന്നതിൽ വരുന്ന ബുദ്ധിമുട്ടു ഇതാണ്. അതുകൊണ്ട് പണം ചെലവാകുന്നില്ല എന്നുള്ള ആക്ഷേപത്തിനു വലിയ അടിസ്ഥാനമില്ല എന്നു മാത്രമേ ഈ സഭയെ അറിയിക്കുവാനുള്ളു. ആദ്യത്തെ ഒന്നുരണ്ടുകൊല്ലം എന്താണ് ചില പബ്ലിക് വർക്കുകൾ ചെയ്യാത്തതെന്നു ചോദിച്ചാൽ അതിന്റെ കാരണം പ്രധാനമായും പി. ഡബ്ലിയു വർക്കുകൾ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യേണ്ടതു 103 Capital-Head-ൽ ഉൾപ്പെടുത്തിയാണ്. ഈ ഡിപ്പാർട്ടുമെൻറിലേക്ക് ചെലവാക്കുവാൻ നീക്കിവച്ചിട്ടുള്ള തുക ഇതിനുവേണ്ടി ചിലവാക്കാതെ മററു ചില പൊതുമരാമത്തു വകുപ്പുകൾക്ക ചിലവാക്കി. അതു കൊണ്ട് 1963—64-ൽചെലവാക്കേണ്ട തുക കൃഷി ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനങ്ങൾക്ക് വേണ്ടിയല്ലാതെ മററു തരത്തിൽ ചെലവാക്കരുതെന്നു കർശനമായി നിർദ്ദേശം നൽകിയിരിക്കുകയാണ്.

ശ്രീ. എൻ. ഈ ബലറാം: അഗ്രിക്കൽച്ചറൽ പ്രൊഡക്ട്സിനുവേണ്ടി 14·38 കോടി രൂപയാണ് മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ചെലവാക്കുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുന്നതു്. അതിൽ ഇതുവരെയായിട്ടും ആറേമുക്കാൽകോടി രൂപയാണ് ചെലവാക്കിയിട്ടുള്ളതു്. ബാക്കി ഏഴേകാൽ കോടി രൂപ ഒരു കൊല്ലംകൊണ്ട് ചെലവാക്കാൻ സാധിക്കുമോ? ഇതിനെപ്പററി കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കേന്ദ്രഗവണ്മെൻറ് ഇതിന് എന്തു മറുപടിയാണ് പറഞ്ഞിട്ടുള്ളതു്?

ശ്രീ. ഈ. പി. പൗലോസ്: അഗ്രിക്കൾച്ചറൽ പ്രൊഡക്ട്സിനു വേണ്ടി ആകെ 11·3 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളതു്. പതിനാലു കോടിയെന്ന് പറഞ്ഞതു് ശരിയല്ല. ഈ കൊല്ലം ചെലവഴിക്കുന്നതിനു വേണ്ടി നീക്കിവെച്ചിട്ടുള്ളതു് 140 ലക്ഷം രൂപയാണ്. ഇപ്പോൾ നീക്കിവെച്ചിട്ടുള്ള തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്. അടിയന്തിരാവസ്ഥ വന്നതുകാരണം ചില പ്രത്യേക പരിതസ്ഥിതിയുണ്ടായിട്ടുണ്ട്.

ശ്രീ. എൻ. ഈ. ബലറാം: മൈനർ ഇറിഗേഷനിൽ ലിഫ്ററു ഇറിഗേഷന് മാത്രം ഒരു ലക്ഷം ഏക്കർ വേണമെന്നാണ്. എന്നാൽ യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

5,000 ഏക്കർ മാത്രമേ ഇപ്പോൾ എടുക്കാൻ സാധിച്ചിട്ടുള്ളു. ബാക്കി 95000 ഏക്കറിൽ ലിഫ്റ്റ് ഇറിഗേഷന്റെ ഫിസിക്കൽ ടാർജററ് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുമോ?

ശ്രീ. ഈ. പി. പൗലോസ്: ഇതിനെപ്പററി ഇറിഗേഷന്റെ ഡിമാന്റു വരുമ്പോൾ വിശദമായി പറയാവുന്നതാണ്. ഈ അവസരത്തിൽ കാർഷികവകുപ്പിന്റെ പ്രവർത്തനത്തെപ്പററി മാത്രം പറഞ്ഞു ഞാൻ നിറുത്തുകയാണ്. മൂന്നുകോടിയോളം രൂപ കിട്ടിയാൽ മിക്കവാറും നൂറു ശതമാനം ചെലവഴിക്കാൻ സാധിച്ചില്ലെങ്കിലും അതിനോട് അടുത്തു ചെലവാക്കാൻ സാധിക്കുന്നതാണ്. ഏതായാലും ഇന്ന് രണ്ടരകോടിയിൽ അൽപം കൂടുതൽ മാത്രമേ തരാമെന്ന് സമ്മതിച്ചിട്ടുള്ളു. അതു് ചെലവഴിക്കുന്നതിൽ ഒട്ടുംതന്നെ അമാന്തം വരികയില്ല. ആദ്യത്തെക്കൊല്ലം കാർഷികപരിപാടികളും പ്ലാനുകളും, സ്കീമുകളുമെല്ലാം തയാറാക്കി, അതിനാവശ്യമായ ചട്ടങ്ങളും സ്റ്റാഫുകളേയും നിയമിച്ചു കഴിഞ്ഞപ്പോൾ ഫെബ്രുവരി മാസത്തോളമായി. അതുകൊണ്ടു് ആ കൊല്ലത്തിൽ കെട്ടിടങ്ങളുടെ പണികളൊന്നും തീർക്കാൻ സമയം ഉണ്ടായിരുന്നില്ല. അതിനുശേഷം പണം കിട്ടാനുള്ള വിഷമങ്ങളല്ലാതെ ചെലവഴിക്കുന്ന കാര്യത്തിൽ വലിയ ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. ചില സ്കീമുകളിൽ ഇനി മുതൽ ചെലവു ചെയ്യേണ്ടതായിട്ടുണ്ട്. സാമാന്യമായി പറഞ്ഞാൽ അഗ്രികൾച്ചറൽ പ്രൊഡക്ഷനെ ബാധിക്കുന്ന കാര്യങ്ങൾക്ക് ഇനിയാണ് ചെലവാക്കേണ്ടിയിരിക്കുന്നതു്.

സർ, അടുത്തതായി ഇവിടെ പറഞ്ഞതു് ഫെർട്ടിലൈസേഴ്സിനെ സംബന്ധിച്ചാണ്. നൈട്രജൻ ഏകദേശം 26000 ടണ്ണായിരുന്നതു് 1963-64-ൽ അറുപതിനായിരം ടണ്ണായി വർദ്ധിച്ചിരിക്കുകയാണ്. അതു് ഈ പദ്ധതി കാലത്തു് വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു് ഒരുലക്ഷത്തിൽ ഇരുപതിനായിരം ടണ്ണായാണ്. ഫോസ്ഫറസ് ഈ പദ്ധതിയ്ക്കു് മുമ്പു ഉപയോഗിച്ചുകൊണ്ടിരുന്നതു് ഏകദേശം 25,000 ടണ്ണായിരുന്നു. അതിപ്പോൾ 65,625 ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. ഇനി ഒരുലക്ഷത്തി ഇരുപത്തിയയ്യായിരം ടണ്ണായി ഉയർത്താൻപോകുകയാണ്. പൊട്ടാസിയം ഇപ്പോഴുള്ളതിൽനിന്നും അൻപതു് ശതമാനം കൂടുതലാക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. അതായതു് നാൽപതിനായിരം ടണ്ണാക്കണമെന്നാണ്. അതിൽ ഇരുപതിനായിരം ടണ്ണാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും സംസാരിച്ചപ്പോൾ സീഡ്ഫാമിന്റെ കാര്യം പറയുകയുണ്ടായി. മൂന്നാം പഞ്ചവത്സരപദ്ധതി കാലത്തു് 800 ഏക്കറോളം സീഡ്ഫാമിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്നാണ് വിചാരിക്കുന്നതു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ആരംഭിച്ചിരുന്ന 25 സീഡ്ഫാമിനോടുകൂടി 25 സീഡ്ഫാംകൂടി ആരംഭിച്ചു അങ്ങനെ 50 ആക്കണമെന്നാണ് ആദ്യം ഉദ്ദേശിച്ചതു്. എന്നാൽ അതിനു് എക്സ്പെൻഡിച്ചർ കൂടിപ്പോകുമെന്നു് കണ്ടു് ഇപ്പോഴുള്ള സീഡ്ഫാമിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചു് 800 ഏക്കർ ആക്കാനാണ് ഉദ്ദേശിക്കുന്നതു്. ഇപ്പോൾ അവയുടെ സംഖ്യ 34 ആക്കി ക്ലിപ്തപ്പെടുത്തി, 630 ഏക്കറോളം അതിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയുണ്ടായി. മൂന്നാം പദ്ധതിക്കാലം അവസാനിക്കുന്നതിനുമുമ്പുതന്നെ 865 ഏക്കറായി വർദ്ധിപ്പിക്കുന്നതാണ്. 800 ഏക്കറാണ് ടാർജററ് ചെയ്തിരിക്കുന്നതു്. ഉദ്ദേശിച്ചിരുന്നതു് എല്ലാംകൂടി ഏകദേശം പന്ത്രണ്ടു് ലക്ഷത്തോളം ഏക്കർ സ്ഥലത്തു് നല്ലയിനം വിത്തുകൾ പ്രചരിപ്പിക്കാൻ സാധിക്കുമെന്നാണ്. എട്ടുലക്ഷത്തോളം ഏക്കർ സീഡ്ഫാമിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനു് കുറച്ചു വിഷമതകൾ വന്നിട്ടുണ്ട്. ഇതിൽനിന്നും എടുത്തു സൂക്ഷിക്കുന്ന വിത്തുകളിൽ കുറച്ചു കേടു വന്നിട്ടുണ്ട്. അതു് സൂക്ഷിക്കുന്നതിനുവേണ്ടി ഇരുനൂറോളം സീഡ് സ്റ്റോറുകളുടെ പണിതീർന്നിട്ടുണ്ട്. രണ്ടുകൊല്ലംകൊണ്ടു് ഇവയുടെ എണ്ണം അഞ്ഞൂറായി വർദ്ധിപ്പിക്കേണ്ടിവരും.

നമ്മുടെ ഉല്പാദനം ഏതു നിരക്കിലാണ് വർദ്ധിച്ചിരിക്കുന്നുവെന്നുള്ളതിനെപ്പററിയും രണ്ടു വാക്കു് കൂടി പറയുവാനുണ്ട്. മദ്രാസിൽ ഉൽപാദന

2/1772/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. പൗലോസ്]

ത്തിന്റെ അളവ് മൂവായിരം റാത്തൽ നെല്ലാണെന്നും കേരളത്തിലാണെങ്കിൽ വെറും 1,500 റാത്തൽ മാത്രമേയുള്ളവെന്നും ശ്രീ. രാമുണ്ണിക്കുറുപ്പ് ഇവിടെ പറയുകയുണ്ടായി. മദ്രാസിൽ വിളവിന്റെ അളവ് ഇത്ര കൂട്ടേണ്ടിയുമിരുന്നില്ല, ഇവിടത്തെ ഉൽപാദനത്തിന്റെ അളവ് ഇത്ര കുറയ്ക്കേണ്ടിയുമിരുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ ശരാശരി ഉൽപാദനം രണ്ടായിരം റാത്തലാണ്. ചിലപ്പോൾ ഇതിൽ അൻപതു റാത്തലോളം കുറഞ്ഞുവെന്നു വരും.

ശ്രീ. എൻ. ഈ. ബലറാം: നമ്മുടെ സ്റ്റേററിലെ ഉൽപാദനം എത്രയാണെന്നാണ് പറഞ്ഞതു്?

ശ്രീ. ഈ. പി. പൗലോസ്: നമ്മുടെ സംസ്ഥാനത്തു് ശരാശരി 1223 റാത്തൽ അരിയും മദ്രാസിൽ ശരാശരി 1344 റാത്തലുമാണ് ഉൽപാദനത്തിന്റെ നിരക്ക്. തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ മൈസൂറിൽ 1171 റാത്തലും ആന്ധ്രായിൽ 1143 റാത്തലുമാണ്. ആൾ ഇൻഡ്യാ ആവറേജ് നോക്കുകയാണെങ്കിൽ 909 റാത്തലാണ്. ഈ നിലയിൽ നമ്മുടെ സ്റ്റേററിലെ ഉൽപാദനത്തിന്റെ നിരക്ക് മാത്രം വളരെ താഴ്ന്നതാണെന്നും മദ്രാസിൽ കൂടുതലാണെന്നും പറയുന്നതു് ശരിയല്ല. മദ്രാസുമായിട്ട് ഇവിടത്തെ ഉൽപാദനത്തിന്റെ തോതു് താരതമ്യപ്പെടുത്തിനോക്കാതെ അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള ഉൽപാദനത്തിന്റെ ഫിഗേഴ്സ് തമ്മിൽ നോക്കുകയാണെങ്കിൽ നമ്മുടെ നില ഒട്ടും മോശമല്ലെന്നു് കാണാം. നമ്മുടെ സംസ്ഥാനത്തു് വെള്ളപ്പൊക്കം ഒന്നും ഉണ്ടാകാതിരിരുന്നെങ്കിൽ മദ്രാസിനെക്കാൾ ഉൽപാദനം ഈ സ്റ്റേററിനു് കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. ഈ സംസ്ഥാനത്തു് പാക്കേജ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള പാലക്കാട് പ്രദേശത്തു് മൂവായിരം റാത്തലോളവും ആലപ്പുഴയിൽ ഏകദേശം അതിനോട് അടുത്തും ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആലപ്പുഴ അത്രയും ഉൽപാദിപ്പിക്കാൻ സാധിക്കാത്തതു് അവിടത്തെ കാലാവസ്ഥയും മണ്ണിന്റെ പ്രകൃതവും കൊണ്ടാണ്. അതുകൊണ്ട് ഏതു നിലയിൽ നോക്കിയാലും നമ്മുടെ സ്റ്റേററിൽ ഉൽപാദനം അത്ര മോശമാണെന്നു പറയാൻ തരമില്ല. കേരളത്തിൽ പദ്ധതി കാലത്തു് വന്നിട്ടുള്ള ഉൽപാദനവർദ്ധനവിന്റെ കണക്ക് ഞാൻ പറയാം. രണ്ടാംപഞ്ചവത്സരപദ്ധതിയുടെ അവസാനം 10.5 ടണ്ണായിരുന്നു നമ്മുടെ സ്റ്റേററിലെ ആകെ കൂടിയുള്ള ഉൽപാദനം. 62-63-ൽ അതു് 10.77 ആയിട്ടുണ്ടെന്നു് സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൽനിന്നും തന്നിട്ടുള്ള കണക്കിൽ പറയുന്നുണ്ട്. അതു് ഇക്കൊല്ലം 12.27 ടണ്ണായിട്ടുണ്ട്. ഇതു് മെട്രിക് ടണ്ണിൽ ആണെങ്കിൽ 2.7 ഓളം വരും. അങ്ങനെ ഏകദേശം ഒരു ലക്ഷം ടണ്ണിൽകൂടുതൽ ഉൽപാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇൻഡ്യയിൽ മദ്രാസിലും കേരളത്തിലുമല്ലാതെ മററൊരു സംസ്ഥാനത്തും വിളവു വർദ്ധനവുണ്ടായിട്ടില്ലെന്നു മാത്രമല്ല 1961-62—ൽ ഇൻഡ്യയിലെ പൊതുവേയുള്ള അനുഭവം മൂന്നു ശതമാനം കാർഷികവിളവ് പുറകോട്ടുപോയിയെന്നാണ് സ്ഥിതിവിവരകണക്കിൽ പറയുന്നതു്

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: കേരളത്തിൽ വിളവുവർദ്ധനവുണ്ടായിട്ടുണ്ടെന്നു പറയുന്നതു് കീരിത്തോട് മുതലായ സ്ഥലങ്ങളിൽ കാടുകയറി കൃഷി ചെയ്ത നാലുലക്ഷം പറ നെല്ലുകൂടി ഉൾപ്പെടുത്തിയല്ലേ?

ശ്രീ. ഈ. പി. പൗലോസ്: ഞാൻ ഇവിടെ പറഞ്ഞതിൽ കീരിത്തോട്ടിലെയും ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് ഓരോ താലൂക്കിലെയും വിളകളുടെ പ്രത്യേകമായ കണക്കെടുക്കും. അതിൽ ഏററവും കുറച്ചു വിളയുന്ന പ്രദേശം ഏതാണെന്നും ഏററവും കൂടുതൽ വിളയുന്ന പ്രദേശമേതാണെന്നുമെല്ലാം ഉള്ളതിനെപ്പററിയാണ് കണക്കെടുക്കുന്നതു്. ഈ കണക്ക് ആൾ ഇൻഡ്യാ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന ഒന്നാണ്. ഇതിൽ കീരിത്തോട്ടിൽനിന്നു് ഉൽപാദിപ്പിച്ചതിന്റെ കണക്കൊന്നും കാണുകയില്ല. നെല്ലിന്റെ കാര്യത്തിൽ ഏകദേശം പത്തു് ശതമാനം കൂടുതൽ ഫോർകാസ്ററ് ചെയ്തിട്ടുള്ളതുപോലെ ഗുണകരമായി കണ്ടാൽ ഉൽപാദനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്തു് ശതമാനം വർദ്ധിപ്പിക്കപ്പെട്ടുമെന്നുള്ളതാണു് യാഥാർത്ഥ്യം. അതു കൊണ്ടു് ഈ ഗവൺമെൻറ് കാർഷികോൽപാദനത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ലായെന്നും ഉൽപാദനത്തിൽ വർദ്ധനവു് ഇല്ലായെന്നും പറയുന്നതു് ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നമ്മുടെ സംസ്ഥാനത്തു് കാർഷികവർദ്ധനവിനുവേണ്ടി കൂടുതൽ ഭൂമി കൃഷിക്കു് അധീനമാക്കുന്നതിനുവേണ്ടി വനമായിട്ടിരിക്കുന്ന ഭൂമിയിൽനിന്നും കുറെ ഭാഗം എടുത്തു് കൃഷിചെയ്യുന്നതിനു് വിതരണം ചെയ്യുമോ?

ശ്രീ. ഈ. പി. പൗലോസ്: ഇതു് കഴിഞ്ഞിട്ടു് ചോദിച്ചാൽ അതിനു് ഉത്തരം പറയാം,

പൊതുവായി ക്യാഷ്ക്രോപ്പ്സിനെ സംബന്ധിച്ചു് ഞാൻ പറയാം. ക്യാഷ്ക്രോപ്പ്സിൽ വളരെ പ്രധാനമായിട്ടുള്ളതിൽ ഒന്നു്, ഷുഗർകെയിനാണു്. അതിൻെറ ഉൽപാദനം ഏകദേശം ഈ പദ്ധതിക്കാലത്തു് ആറായിരം ടണ്ണോളം വർദ്ധിച്ചിട്ടുണ്ടു്. അരക്കനട്ടു് ഏകദേശം 8312 മില്യൺ ടണ്ണായിരുന്നതു് 8901 ടണ്ണായി വർദ്ധിച്ചു ബനാനാ ആൻറു് അദർ പ്ലാൻറേൻസിൽ ബനാനയിൽ ഏകദേശം 12,100 ടണ്ണോളം വരുന്നുണ്ടു്. എക്കണോമിക്കു് റവ്യൂവിൽ പറഞ്ഞിട്ടുള്ള കണക്കുകളനുസരിച്ചാണു് ഞാനിതു പറയുന്നതു്. ക്യാഷുനട്ടു് 84,000 ടണ്ണായിരുന്നതു് 6000 ടൺ കൂടി വർദ്ധിപ്പിച്ചു് ഇപ്പോൾ 90,000 ടണ്ണായിട്ടുണ്ടു്. നാളികേരം ഏകദേശം 3247 മില്യൺ ടണ്ണായിരുന്നതു് 3305 മില്യൺ ടണ്ണായി വർദ്ധിച്ചിരിക്കുകയാണു്. ഈ വിളവുകളിൽ ഇത്രയും വർദ്ധനവുണ്ടായതു് ധാരാളം വളം കൊടുക്കുകയും, കൃഷിക്കാവശ്യമായ കടങ്ങൾ കൊടുക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണു്. നാളികേരത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ ഇതിൽ വളരെ കുറഞ്ഞ ഉൽപാദനം മാത്രമേ കിട്ടുമായിരുന്നുള്ളു കാരണം നമ്മുടെ സംസ്ഥാനത്തു് തെങ്ങുകൾക്കു് ഒരുതരം രോഗം പിടിപെടുകയുണ്ടായി. അതിനു് ഭാഗികമായി പരിഹാരമായും നാളികേരം കൂടുതൽ ഉൽപാദിപ്പിക്കുന്നതിനു് വേണ്ടിയും ധാരാളം വളം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടു്. 19 ലക്ഷം രൂപയുള്ള വളം തെങ്ങിനുവേണ്ടി ഈ കൊല്ലം വിതരണം ചെയ്തിട്ടുണ്ടു്. അതിൽ 1961–62-ൽ 50 ശതമാനം മാത്രമേ ഉപയോഗിച്ചിട്ടുള്ളു. എന്നാൽ കഴിഞ്ഞ വർഷത്തിൽ ഈ ഇനത്തിൽ പത്തൊൻപതുലക്ഷം രൂപയുള്ള വളം ചെലവായി.

ശ്രീ. എൻ. ഈ. ബലറാം: ഇവിടെ നടത്തിയിട്ടുള്ള എക്കണോമിക് സർവ്വേയിൽ വളരെയധികം തെററുണ്ടെന്നു് രണ്ടാമതൊരു സർവ്വേ നടത്തിയപ്പോൾ പറഞ്ഞിട്ടുണ്ടു്. ഇവിടെയുള്ള ഉൽപാദനം വർദ്ധിച്ചതല്ല, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൽനിന്നും ശേഖരിച്ച കണക്കിൻെറ കുഴപ്പം കൊണ്ടാണു് ഇങ്ങനെ വന്നിട്ടുള്ളതെന്നു് പറയുന്നതു ശരിയാണോ?

ശ്രീ. ഈ. പി. പൗലോസ്: ഞാൻ പറഞ്ഞതു് എക്കണോമിക് റവ്യൂവിൽ പറഞ്ഞിരിക്കുന്ന വിധത്തിലുള്ള വർദ്ധനവല്ല. അതിൽ കൂടുതലായിട്ടു് ഈ സ്റ്റേററിൽ വിളകളിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണു് ഞാൻ അവകാശപ്പെടുന്നതു്. ഞാൻ ഇതിൽ പറഞ്ഞിട്ടുള്ള കണക്കുകൾ മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളു. യാഥാർത്ഥ്യം അതല്ല. അതിൽ കൂടുതലുണ്ടു്. അതിനു് ഞാൻ ഒരു ഉദാഹരണം പറയാം. എക്കണോമിക് റവ്യൂവിൽ നമ്മുടെ സംസ്ഥാനത്തു് പതിനഞ്ചു് ലക്ഷം ടൺ ഇഞ്ചി ഉൽപാദിപ്പിച്ചുവെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ കയററുമതി ചെയ്ത ഇഞ്ചിയുടെ കണക്കു് പറഞ്ഞിരിക്കുന്നതും പതിനഞ്ചുലക്ഷം ടണ്ണാണു്. അങ്ങനെയാണെങ്കിൽ നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്നതും ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ കയററി അയയ്ക്കുന്നതുമായ ഇഞ്ചിയുടെ കണക്കില്ല? ഇതിൽനിന്നും മനസ്സിലാകുന്നതു് ഇവിടെയുള്ള വിളകളുടെ ഏകദേശമായുള്ള ഒരു കണക്കാണു് എക്കണോമിക് റവ്യൂവിൽ കാണിച്ചിട്ടുള്ളതെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: എക്കണോമിക് റെവ്യൂവിൽ കൊടുത്തിരിക്കുന്ന കണക്കുകൾ ഞങ്ങൾ വിശ്വസിക്കേണ്ടയെന്നാണോ മന്ത്രി പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. ഇ. പി. പൗലോസ്: എക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ള കണക്കുകളേക്കാൾ കൂടുതൽ ഉൽപാദനം ഉണ്ടായിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. പക്ഷേ കൂടുതലുണ്ടെന്ന ബോദ്ധ്യമുള്ള കണക്കുകളൊന്നും ഞാനിവിടെ പറഞ്ഞില്ലല്ലോ.

പിന്നെ ഡിസ്ട്രിബ്യൂഷനാണ് മറെറാരു പ്രധാന പരിപാടി. അതിനു ടാർജററു വച്ചിട്ടുണ്ട്. അതു ഏകദേശം ടാർജററ് പ്രാപിക്കുമെന്നു മാത്രമല്ല ടാർജററിൽ കൊള്ളിച്ചിട്ടുള്ളതു മുഴവൻ വിതരണം ചെയ്യാനും കഴിയും. അതിന്റെ ചുരുക്കമായ കണക്ക് ഞാൻ വായിക്കാം.

കോക്കനട്ടിന് 15·75 ലക്ഷം സീഡ്ലിംഗ് ആണ് ലക്ഷ്യം. 1963–64 അവസാനമാകുമ്പോഴേക്കും അതായതു് ഈ കൊല്ലം അവസാനമാകുമ്പോഴേക്കും 13·51 ലക്ഷം തൈകൾ വിതരണം ചെയ്യാൻ കഴിയും. ഇപ്പോൾ കൊടുത്തു കഴിഞ്ഞിട്ടുള്ളതു് 8·52 ലക്ഷം തൈകളാണ്. പെപ്പർ അരക്കനട്ട് ഇവയുടെ ടാർജററ് പ്രാപിക്കുമെന്നു് ഉറപ്പിച്ചു പറയുവാൻ കഴിയും.

പ്ലാൻറ് പ്രൊട്ടക്ഷനുവേണ്ട നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. വളരെ അധികം സ്പ്രേയേഴ്സുവരെ ഇതിനകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ട്രാക്ടേഴ്സ് കൊടുക്കുന്നതിനെപ്പററി പറഞ്ഞു. അതു കിട്ടാനുള്ള വിഷമമാണ്. അതു് ആവശ്യപ്പെടുന്ന പർട്ടിക്കുലർ മേക്ക് കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഏതായാലും അഞ്ചെണ്ണം ഈ കൊല്ലം കിട്ടി. ഇനിയും കൂടുതലായി കിട്ടാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ ഫിനാൻഷ്യൽ ടാർജററും ഫിസിക്കൽ ടാർജററും കണക്കാക്കിയാൽ വളരെയൊന്നും ഈ രംഗത്തു് പരാജയം വന്നിട്ടില്ലെന്നു കാണാൻ സാധിക്കും. അതു എല്ലാവരും സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. കാർഷിക മേഖലയിലെ പുരോഗതി എല്ലാവിധത്തിലും തൃപ്തികരമായി എന്നു് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇവിടെ റിസർച്ചിനെപ്പററി പറഞ്ഞു. റിസർച്ചിൽ പല കാര്യങ്ങളും ചെയ്യാനുണ്ട്. റിസർച്ച് നടത്തുന്നതിനാവശ്യമായ ഉപകരണങ്ങളില്ലെന്നുള്ളതു് സത്യമാണ്. സ്റ്റാഫ് വേണ്ടിടത്തോളമില്ലാതെയും വന്നിട്ടുണ്ട്. റിസർച്ച് ശക്തിപ്പെടുത്തണമെന്നുള്ളതു് അടിയന്തിരമായ ശ്രദ്ധ അർഹിക്കുന്ന ഒരു കാര്യമാണ്. ആ കാര്യത്തെപ്പററി ഗവണ്മെന്റ് ശ്രദ്ധിക്കുകയും റിസർച്ച് ശക്തിപ്പെടുത്താനുള്ള ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യാം.

പിന്നൊരു കാര്യം എടുത്തുപറയേണ്ടതായിട്ടുണ്ട്. വാളയാറിലെ വെള്ളം കൊണ്ട് എണ്ണായിരം ഏക്കറിലും കൃഷി നടത്തുന്നില്ല, ആയിരം ഏക്കറിൽ മാത്രമേ കൃഷി നടത്തുന്നുള്ളു, ഏഴായിരം ഏക്കറിലും കൃഷി നടത്തുന്നില്ലെന്നു ഇവിടെ പറഞ്ഞു. അതിന്റെ ഫിഗേഴ്സൊന്നും ശരിയാണെന്നു തോന്നുന്നില്ല. ഏതായാലും ആ കാര്യത്തെപ്പററി അന്വേഷിക്കേണ്ടതുണ്ട്. അവിടെ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നു എന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഏതായാലും ആ കാര്യത്തെപ്പററി അന്വേഷിക്കാം.

സീഡ് ഫാംസിന് 50 ലക്ഷം രൂപ റിസർച്ചിനുവേണ്ടി നീക്കിവച്ചിട്ടുള്ളതിൽ 40 ശതമാനം മാത്രമേ ചെലവാക്കിയുള്ളു എന്നു പറഞ്ഞു. അതിന്റെ കണക്കിൽ വളരെ വ്യത്യാസമുണ്ട്.

ശ്രീ. ഏ. കെ. രാമൻകുട്ടി: 15 ലക്ഷം വച്ചിട്ടുള്ളതിൽ സീഡ് ഡെവലപ്പ്മെന്റിന് 10 ലക്ഷം മാത്രമേ ചെലവാക്കിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ്: അതേപ്പററിയാണ് ഞാൻ പറയുന്നതു്. ടാർജററ് മുഴുവൻ റീച്ച് ചെയ്യുന്നതിനു് ആവശ്യമുള്ള സീഡ്ഫാംസുണ്ടാക്കുന്നതിനും സ്റ്റോഴ്സുണ്ടാക്കുന്നതിനും മററുമാണ് ഈ തുക വിനിയോഗിക്കേണ്ടതു്. സീഡ്ഫാംസ് വർദ്ധിപ്പിക്കണമെന്നുള്ള ലക്ഷ്യംവച്ചുകൊണ്ടുതന്നെയാണ് ഗവണ്മെൻറു പ്രവർത്തിച്ചിട്ടുള്ളതു്.

ശ്രീ. എം. കെ. രാമൻകുട്ടി: പർച്ചേസ് ചെയ്യുന്നതിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞതു്.

ശ്രീ. ഇ. പി. പൗലോസ്: പർച്ചേസ് ചെയ്യുന്നതിനു് ആദ്യകാലത്തിൽ കുറവുവന്നു, ഇതു അൽപം ബുദ്ധിമുട്ടുള്ളതാണ്. ഈ കൊല്ലം നാലു ലക്ഷം പറയോളം പർച്ചേസ് ചെയ്യും. പ്ലാൻ അവസാനിക്കുമ്പോഴേയ്ക്കും ആവശ്യമുള്ള സീഡ് വിതരണം ചെയ്യുകഴിയും. ലക്ഷ്യമുള്ള 12 ലക്ഷം ഏക്കറിനാവശ്യമായ ക്വാളിററി സീഡ്സ് വിതരണം ചെയ്യാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ഭാർഗ്ഗവൻ: ഞങ്ങടം പറയുന്നതു് ഈ സീഡ്ലിംഗ്സ് നല്ലതാണോ ചീത്തയാണോ എന്നുള്ളതിനെ സംബന്ധിച്ചല്ല. അതു നല്ലതാണോ എന്നു വെരിഫൈ ചെയ്യുന്നതിനു് ഗവണ്മെൻറിനു് എന്തെങ്കിലും മെഷിനറിയുണ്ടോ എന്നുള്ളതാണ്?

ശ്രീ. ഇ. പി പൗലോസ്: പണം ചെലവാക്കിയിട്ടില്ല, ചെലവാക്കിയിട്ടുണ്ടെങ്കിൽ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നെല്ലാം പറയുന്നതു് ഖേദകരമാണ്. ഈ കാര്യം സഭയിൽ മുൻപു ഉന്നയിച്ചിട്ടുള്ളതാണ്. നല്ല സീഡ്ലിംഗ്സ് വിതരണം ചെയ്യുന്നതിനുവേണ്ടി ഇപ്പോൾ കളക്ഷൻ മുഴുവൻ സെൻട്രലൈസ് ചെയ്തിട്ടുണ്ട്. കേന്ദ്രത്തിൽ ഒരു പകുതി മാത്രമേ കളക്ഷൻ നടക്കുന്നുള്ളു. കാണുന്ന സ്ഥലത്തുനിന്നെല്ലാം വാങ്ങുന്ന പതിവു് നിറുത്തി.

ശ്രീ. കെ. ഭാർഗ്ഗവൻ: പ്ലാനിൽ ഫിസിക്കൽ ടാർജററ് എന്നു പറയുന്നതിൻേറയും ഫൈനാൻഷ്യൽ ടാർജററ് എന്നു പറയുന്നതിൻേറയും അർത്ഥം മിസ്റ്റർ ഇ. പി. പൗലോസ് ഒന്നു ശരിയായി പഠിക്കണം. എന്നിട്ടായിരിക്കണം അതിനു വ്യാഖ്യാനം കൊടുക്കാൻ.

ശ്രീ. ഇ. പി. പൗലോസ്: കൂടുതൽ പഠിച്ചിട്ടു് പറയാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാനൊരു കാര്യം മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. അതേപ്പററി അന്വേഷിച്ചുവോ?

ശ്രീ. ഇ. പി. പൗലോസ്: ശ്രദ്ധയിൽപ്പെടുത്തിയതു് അന്വേഷിച്ചു. രണ്ടായിരത്തിൽ ചില്വാനം പറ നെല്ലാണ് വാങ്ങിയതു്. 1800-ൽപ്പരം ഏക്കറിലേയ്ക്കു് കൊടുത്തുകഴിഞ്ഞു. പിന്നെ 300 പറ നെല്ലിന്റെ വ്യത്യാസം വന്നു. അതു് സീഡ്ഫാംസിൽ സ്റ്റോർ ചെയ്തതിലും വാങ്ങിയതിലും മററു വന്ന വ്യത്യാസമാണ്. അല്ലെങ്കിലും വാങ്ങിയതു മുഴുവൻ കൊടുക്കുന്നതിനു സാധിക്കുകയില്ലല്ലോ.

ശ്രീ. ഇ. പി. ഗോപാലൻ: ഇവിടെ റിസർച്ചിനെപ്പററി പറഞ്ഞു പുതിയതരം നെല്ല് ഗവേഷണം നടത്തി കണ്ടുപിടിക്കുന്നതിനു് എട്ടു ഒൻപതു കൊല്ലം വേണമെന്നാണു പറയുന്നതു്. അപ്പോൾ ഈ കഴിഞ്ഞ നാലഞ്ചുകൊല്ലമായി ഈ റിസർച്ച് സെൻററുകളിൽ പുതിയ സ്ട്രെയിൻ പാഡിയെപ്പററി റിസർച്ച് നടക്കുന്നില്ലെന്നാണോ മൊത്തത്തിൽ മനസിലാക്കേണ്ടതു്?

ശ്രീ. ഇ. പി. പൗലോസ്, ആകപ്പാടെ നെററ് ഏക്കർ 19 ലക്ഷമാണ്. അതിൽ 12 ലക്ഷം ഏക്കറിനുള്ള സീഡ്സ് കണ്ടുപിടിച്ചു കഴിഞ്ഞു റിസർച്ച്സെൻററുകളിൽ മൂന്നുകൊല്ലമായി യാതൊരുവർക്കും നടക്കുന്നില്ലെന്നു പറയുന്നതിൽ അർത്ഥമില്ല. അവിടെ ആവശ്യമായ റിസർച്ചുകൾ നടത്തുന്നുണ്ട്. കുറച്ചുകൂടി റിസർച്ചിൽ ആവശ്യമായ ശ്രദ്ധ കേന്ദ്രീകരിക്കേ

[ശ്രീ. ഈ. പി. പൌലോസ്]

ങ്ങളുണ്ട്. എന്തുകൊണ്ട് മൂന്നുകൊല്ലംകൊണ്ട് പുതിയ സ്ട്രെയിൻസ് ഇവാറവ് ചെയ്യാത്തതെന്നു ചോദിക്കുന്നതു് ശരിയല്ല.

ശ്രീ. ഈ. പി. ഗോപാലൻ: ഈ മൂന്നു നാലുകൊല്ലമായി പുതിയ സ്ട്രെയിൻ വരാതിരിക്കുന്നതു് എന്തുകൊണ്ടാണ് ?

ശ്രീ. ഈ. പി. പൌലോസ്: അതേപ്പററി അന്വേഷിക്കാം. ശ്രീ. ബാലകൃഷ്ണമേനോൻ ക്രോപ്പ് ഇൻഷ്വറൻസിനെപ്പററി പറഞ്ഞു. അതു പ്രൈവററ് ഏജൻസികൾ നടത്തുന്നതാണ്. അതു കുറേയൊക്കെ പ്രചാരത്തിൽ വരുന്നുണ്ട്. ഗവണ്മെൻറ് നിലവാരത്തിൽ ക്രോപ്പ് ഇൻഷ്വറൻസ് നടത്തുന്നതിനെപ്പററി ആലോചിച്ചിട്ടുണ്ട്. സെൻട്രൽഗവണ്മെൻറിലെ പല കാൺഫറൻസുകളിലും ഈ കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഫലപ്രദമായി ഇതു ഏറെറടുക്കാൻ സംസ്ഥാന ഗവണ്മെൻറിനു ബുദ്ധിമുട്ടുണ്ട്. തൽക്കാലം ഇതു നടത്തുന്ന പ്രൈവററ് ഏജൻസികളെ ആശ്രയിക്കയല്ലാതെ വേറെ നിവൃത്തിയില്ല.

ശ്രീ. എം. വി. വാസു: എസ്റ്റിമേററ് കമ്മിററിയുടെ റിപ്പോർട്ടിൽ കൃഷിക്കാർക്ക് പണം കടം കൊടുക്കുന്നതിൻെറ പലിശ കൂടിപ്പോയിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൌലോസ്: പലിശ റേററിനെപ്പററി ഇവിടെ പറഞ്ഞു. ഇതിനെ സംബന്ധിച്ച് ഞാൻ ചോദ്യോത്തര സമയത്തുതന്നെ പറഞ്ഞിട്ടുള്ളതാണ്, ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൃഷിക്കാർക്ക് അനുകൂലമായ വ്യവസ്ഥയിൽ പലിശക്ക് പണം കടംകൊടുക്കുന്നതു് കേരളത്തിലാണെന്നു്. ഏഴേകാൽ ശതമാനമെന്നും എട്ടേമുക്കാൽ ശതമാനമെന്നുമൊക്കെ ചിലർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലാംഗ്ടേം ലോൺസിനെ സംബന്ധിച്ചിടത്തോളം എട്ടേമുക്കാൽ ശതമാനം പലിശയെന്നു ക്ലിപ്തപ്പെടുത്തിയിട്ടുണ്ടെങ്കിലും അതു കണിശമായി അടച്ചുതീർക്കുന്ന ആളുകൾക്ക് രണ്ടു ശതമാനം റിബേററു കിട്ടും. സർവ്വീസ് കോവാപ്പറേററീവ് സൊസൈററികൾ മുഖാന്തിരം ലോൺ വാങ്ങുന്ന കൃഷിക്കാരിൽനിന്നു് ഏഴേകാൽ ശതമാനം മാത്രമേ പലിശ ഈടാക്കുന്നുള്ളൂ, ഈ എട്ടേമുക്കാൽ ശതമാനം പലിശ ഈടാക്കുന്നതു് ലാംഗ്ടേം ലോൺസിനെ സംബന്ധിച്ചാണ്. രണ്ടു ശതമാനം അതിനു് റിബേററ് കിട്ടും. ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലെ കണക്ക് വച്ചുനോക്കുകയാണെങ്കിൽ ഏററവും കുറഞ്ഞ പലിശ ഈടാക്കുന്നതു് കേരളത്തിലാണെന്നു കാണാൻ സാധിക്കും. മദ്രാസിലും ഒരുപക്ഷേ ഏറക്കുറേ ഇതുപോലെയായിരിക്കും. അതല്ലെങ്കിൽ ഇന്നു സ്റ്റേററ് കോവാപ്പറേററീവ് ബാങ്ക് കൊടുക്കുന്നതായ കടം അതിൻെറ ഒരു കണ്ണിയായ ഡിസ്ട്രിക്ട് കോവാപ്പറേററീവ് ബാങ്ക് വേണ്ടെന്നു വയ്ക്കണം. പാർലമെൻറിൽതന്നെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു, സംസ്ഥാന ഗവണ്മെൻറുകൾ ഒന്നുംതന്നെ ഈ ഡിസ്ട്രിക്ട് കോവാപ്പറേററീവ് ബാങ്കുകൾ നിർത്തുന്നതിനു് അനുകൂല്യമായി അഭിപ്രായം പ്രകടിപ്പിച്ചിട്ടില്ലെന്നു്. ഒരു കോടി രൂപയോ മററോ ആണെങ്കിൽ ഡിപ്പാർട്ടുമെൻറിനുതന്നെ നേരിട്ടു കൃഷിക്കാർക്ക് കൊടുക്കാം. 12 കോടി രൂപ കൃഷിക്കാർക്ക് ഹ്രസ്വകാല വായ്പയായി കൊടുക്കുന്നുണ്ട്. അതു മുഴുവനും കൃഷിഡിപ്പാർട്ടുമെൻറിനു് കൊടുക്കാൻ സാധിക്കുകയില്ല. അതിപ്പോൾ വിതരണം ചെയ്യുന്നതു് കോവാപ്പറേററീവ് ബാങ്ക് മുഖാന്തിരമാണ്. ഏഴേകാൽ ശതമാനം പലിശയാണ് അതിനു് ഈടാക്കുന്നതു്. രണ്ടു ശതമാനം പലിശക്കാണ് റിസർവ്വ ബാങ്ക് തരുന്നതു്. ഈ പലിശ 11 ശതമാനവും 12 ശതമാനവും ഈടാക്കുന്ന സ്റ്റേററുകൾ ഇൻഡ്യയിലുണ്ട്. ഏതെങ്കിലും ഒരു സ്റ്റേററിൽ ഈ ഏഴേകാൽ ശതമാനത്തിൽനിന്നും കുറച്ചു പലിശ ഈടാക്കുന്നതായി ചൂണ്ടിക്കാണിക്കാമെങ്കിൽ ഇവിടേയും കുറവ് ചെയ്യാമെന്നുള്ള കാര്യം ഞാൻ ഉറപ്പുതരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ: ഈ ഏഴേകാൽ ശതമാനത്തിൽ നിന്ന് പലിശ കുറക്കാനാകുകയില്ലെന്നാണോ മന്ത്രി പറയുന്നതിന്റെ അർത്ഥം?

ശ്രീ. ഈ. പി. പൗലോസ്: കുറക്കാൻ ഒക്കുകയില്ലെന്ന ഞാൻ പറഞ്ഞില്ല. പല സംസ്ഥാനങ്ങളിലും ഇവിടത്തേക്കാൾ പലിശ വളരെ കൂടുതലാണ്. ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഇവിടത്തേക്കാൾ കുറഞ്ഞ പലിശയാണെന്നു ചൂണ്ടിക്കാണിക്കുകയാണെങ്കിൽ ഇവിടേയും കുറക്കാമെന്നാണ് ഞാൻ പറഞ്ഞത്.

റിസർച്ചിന് 40 ലക്ഷം രൂപയേ ചെലവാക്കിയുള്ള എന്നു ഇവിടെ പറഞ്ഞു. അത് ഒരു വിംഗ് മാത്രമാണ്. റിസർച്ചിനു എല്ലാംകൂടി ഒരു കോടിയിലധികം രൂപയുണ്ട്. മദ്രാസിലുള്ളതിനേക്കാൾ വളരെ കുറവൊന്നുമല്ല.

ശ്രീമാൻ കൃഷ്ണപിള്ള തൃശ്ശൂരിലെ കോൾലാൻഡ്സിനെപ്പററിയും കാക്കനാട്ടുകരി ലാൻഡ്സിനെപ്പററിയും പറഞ്ഞു. അതിന്റെ നോട്ടിഫിക്കേ 1 p. m.] ഷൻ മുഴുവൻ ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതു കഴിഞ്ഞാൽ കോൾനിലത്തിലും കരിനിലത്തിലും മണ്ണിടുന്ന പ്രവർത്തനം ഏറെറടുക്കുന്നതാണ്. ശ്രീമാൻ ചാഴിക്കാടനും, ശ്രീമതി കുസുമം ജോസഫും പറഞ്ഞത് കാടുമുഴുവനും കഴിയുന്നിടത്തോളം കൃഷിക്കുവേണ്ടി ഉപയോഗിക്കണമെന്നാണ്, നമ്മുടെ കണക്കിൽ വനം 30 ശതമാനമൊക്കെയുണ്ടെന്നു കാണുന്നു. ഇന്ന് ശരിയായി കാടുമാത്രം കണക്കാക്കി നോക്കിയാൽ വളരെ കുറച്ചേ കാണുകയുള്ളൂ. എത്രവരുമെന്ന് കൃത്യമായി എനിക്കറിഞ്ഞുകൂടാ. ഏകദേശം ഇരുപത്ത് ഇരുപത്തഞ്ച് ശതമാനത്തിൽ കൂടുതലില്ലെന്നാണ് കാണുന്നത്. അതിൽ കൂടുതൽ പുറകോട്ട് പോകാൻ സാധിക്കുമോയെന്നുള്ള കാര്യം പരമാധികാരമുള്ള സഭമാത്രം തീരുമാനിക്കേണ്ടതാണ്. ഈ സഭയിലും ഇതിലപ്പുറം പുറകോട്ട് പോകണമെന്ന അഭിപ്രായം ഉണ്ടാവുമെന്നു തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ കാടേ പോലും വേണ്ടെന്നുവയ്ക്കേണ്ടിവരുന്ന സംപ്രദായമുണ്ടാവും. ഇതൊക്കെ ആലോചിച്ചു ചെയ്യണം. ഏതായാലും കൃഷിക്കാരെ പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ ......

ശ്രീ. കെ. ഭാർഗ്ഗവൻ: ഇപ്പോൾതന്നെ കീരിത്തോട്ടുമുതലായ സ്ഥലങ്ങളിലുണ്ടായതുപോലെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി കൃഷി ചെയ്യുന്ന സ്ഥലത്തുനിന്ന് അവരെ ഇറക്കിവിടാതിരിക്കുന്നത് നല്ലതല്ലേ?

ശ്രീ. ഈ. പി. പൗലോസ്: അത്യാവശ്യമുള്ള സ്ഥലങ്ങളിൽനിന്ന് ഇപ്പോൾതന്നെ പ്രോജക്ട് ഏരിയാ പോലെയുള്ള സ്ഥലങ്ങളിൽനിന്ന് മാററുന്ന കാര്യമല്ലാതെ മററുള്ള സ്ഥലങ്ങളിൽനിന്ന് ഇറക്കിവിടുന്നതല്ലെന്ന് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇന്നലെ പ്രസ്താവന ചെയ്തിട്ടുള്ളത് സത്യഗ്രഹികളെപോലും തൃപ്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട് എന്നാണ് മനസിലാകുന്നത്. അതങ്ങിനെതന്നെ ഇരിക്കട്ടെ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**Mr. Speaker:** Cut motion No. I is in the name of Shri K. Balakrishna Menon. The member is not in his seat.

**Mr. Speaker:** Mr. Balaram, do you press your cut motion?

**Shri. N. E. Balaram:** Yes, I press.

Cut motion moved by Shri N. E. Balaram was put and lost.

**Shri E. P. Gopalan:** Sir, I demand a poll.

A poll was taken when the House divided as follows:

*Ayes*—(46)

1 Shri P. Abdul Majeed
2 ,, C. Achutha Menon
3 ,, P C. Adichan
4 Smt. K. O Aisha Bai
5 Shri M. Alikunju Sastri
6 ,, K. Anirudhan
7 ,, Antony D'Cruz
8 ,, Baby John
9 ,, P. Balachandra Menon
10 ,, C. K. Balakrishnan
11 ,, N. E. Balaram
12 ,, K Bhargavan
13 ,, D. Damodaran Potti
14 ,, E. P. Epen
15 ,, E. P. Gopalan
16 ,, N. Gopalaknrup
17 Smt. K. R. Gouri
18 Shri K. Hassan Gani
19 ,, K. V. John
20 ,, Joseph Chazhikattu
21 ,, O. Koran
22 ,, K. Krishnan
23 ,, M. Krishnan
24 ,, R. Krishnan
25 ,, K. Krishna Pillai
26 Shri S. Kumaran
27 ,, P. V. Kunhunni Nair
28 ,, P. K. Kunjachan
29 ,, C. M Kutty
30 ,, K. Modieenkutty Hajee
31 ,, K. V. Narayanan
32 ,, P.K.Narayanan Nambiar
33 ,, T. C. Narayanan Nambiar
34 ,, N. Neelakantaru Pandarathil
35 ,, P. C. Raghvan Nair
36 ,, T. K. Ramakrishnan
37 ,, A.K. Ramankutty
38 ,, P. RamuniKurup
39 ,, P. Ravindran
40 ,, E. M. Sankaran Namboodiripad
41 ,, Ponnara Sreedhar
42 ,, P. Srinivasan
43 ,, R. Sugathan
44 ,, M. M. Sundaram
45 ,, V. P. C. Thangal
46 ,, M. V. Vasu

*Noes*—(57)

1 Shri P. K. Abdulkadir
2 ,, K C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P.Balakrishnan Nambiar
8 ,, R. Balakrishna Pillai
9 ,, N Bhaskaran Nair
10 Dr. K. M. Chacko
11 Shri P. Chacko
12 ,, G. Chandrasekara Pillai
13 ,, P. C. Cherian
14 ,, K. A. Damodara Menon
15 ,, P. R. Francis
16 ,, K. M. George
17 ,, George Joseph Podippara
18 ,, P. Gopalan
19 ,, Malethu Gopinatha Pillai
20 ,, M. P. Govindan Nair
21 ,, Vayala Idicula
22 ,, P. S. Karathikeyan
23 Shri K. G. Karunakara Menon
24 ,, K. Kochukuttan
25 ,, T. Krishnan
26 ,, P. R. Krishnan
27 ,, N. S. Krishna Pillai
28 ,, P. Kumaran
29 ,, K. Kunhambu
30 ,, C. Kunhikrishnan Nair
31 ,, M. Kunjukrishnan Nadar
32 Smt. Kusumam
33 ,, Leela Damodara Menon
34 Shri P. Madhavan
35 ,, V. Madura
36 ,, M. M. Mathai
37 ,, C. A. Mathew
38 ,, T. Murugesan
39 ,, K. Narayana Kurup
40 ,, M. Narayana Kurup
41 ,, Kuroor Neelakantan Namboodiripad

LIBRARY ARCHIVES Kerala Legislative Assembly

42 Shri C. F. Pereira
43 ,, E. P. Poulose
44 ,, R. Raghva Menon
45 ,, A. A. Rahim
46 ,, M. Ravindranath
47 ,, R. Sankar
48 Smt. O. T. Sarada Krishnan
49 ,, K. R. Saraswathi Amma
50 Shri Shamsuddin
51 ,, C. M. Stephen
52 ,, K. T. Thomas
53 ,, Thomas John
54 ,, T. A. Thomman
55 ,, P. P. Ummer Koya
56 ,, K. R. Vijayan
57 ,, K. K. Viswanathan

*Neutrals*

Nil

**Mr. Speaker** : Those for-46

Those against-57

Neutrals-Nil.

The cut motion is lost.

**Mr. Speaker**: Mr. A. K. Ramankutty, do you press your Cut Motion.

**Shri A. K. Ramankutty**: Yes, I press.

Cut motion moved by Shri A. K. Ramankutty was put and lost.

**Mr. Speaker**: Mr. Hassan Gani, do you press your Cut Motion.

**Shri Hassan Gani** : Yes, I press.

Cut Motion moved by Shri K. Hassan Gani was Put and lost.

**Mr. Speaker** : Mr. Joseph Chazhikatt, do you press your Cut motion?

**Shri joseph Chazhikatt** : Yes, I press.

Cut Motion moved by Shri Joseph Chazhikatt was put and lost.

The question that Government be granted a sum of Rs. 2, 51,45,200 under Demand XXII - Agriculture was put and carried.

The grant was made.

**Mr. Speaker** : Mr. Moideenkutty Hajee, do you press your Cut Motion under Demand XLIV Capital Outlay on Agricultural Improvement ?

**Shri K. Moideenkutty Hajee** : Yes, I press.

Cut Motion moved by Shri K. Moideenkutty Hajee under Demand XLIV Capital Outlay on Agricultural Improvment was put and lost.

The question that Government be granted a sum of Rs. 2, 03, 100 under Demand XLIV Capital Outlay on Agricultural Improvemnet was put and carried.

The grant was made.

**Mr. Speaker**: Order, order. The House will now adjourn and meet again at 8 a. m. on Tuesday the 17th March, 1964.

The Assembly adjourned at 1. 08 p. m. to meet again at 8 a. m. on Tuesday the 17th March, 1964.

9/1772/V

LIBRARY ARCHIVES Kerala Legislative Assembly